# നവജീവൻ

പുസ്തകം ൧൭ | തിരുവനന്തപുരം | ലക്കം ൨



1113 മേടം 5 തിങ്കൾ

## സിനിമാക്കമ്പനി

തിരുവിതാംകൂറിൽ സിനിമാ പ്രദൎശനം നടത്തി വളരെപ്പണം വിദേശികൾ ദിവസേന കരസ്ഥമാക്കി വരുന്നുണ്ടു്. പ്രദൎശനം നടത്തുന്നവരിൽ ചിലർ സ്വദേശികളായിരിക്കാം എങ്കിലും പ്രദൎശിപ്പിക്കപ്പെടുന്ന ഫിലുമുകൾ വിദേശ കമ്പനികൾക്കു് വലിയ വാടക കൊടുത്തു് വരുത്തിയാണു് പ്രദൎശിപ്പിച്ചു വരുന്നതു്. അതുപോലെ തന്നെ തമിൾ നാട്ടിൽ നിന്നു് നാടകസംഘക്കാരും പലരും വന്നു് ധാരാളം പണം കരസ്ഥമാക്കി പോകുന്നുണ്ടു്. ഈയ്യിടെ ടാക്കികളും വന്നുകൂടിയിട്ടുണ്ടു്. പരദേശ നാടകങ്ങളും ഇൻഡ്യൻ ടാക്കികളും തമ്മിൽ വലിയ വ്യത്യാസം ഒന്നും കാണുന്നില്ല. രംഗവിധാനങ്ങളിലുള്ള കൂടുതൽ കുറവു മാത്രമേ ഒരു വ്യത്യാസമായി പറവാനുള്ളു. നാടകങ്ങളിലും ചിത്രങ്ങളിലും അഭിനയിക്കപ്പെടുന്ന കഥകളധികവും പുരാണകഥകളാണു്. പുരാണകഥകൾ നാടകമാക്കുമ്പോൾ കാളിദാസൻ ശാകുന്തളത്തിൽ വരുത്തിയതുപോലെയും മററും ചില ഭേദഗതികൾ വരുത്താമെങ്കിലും ഈ ഭേദഗതികൾക്കു് പുരാണകൎത്താക്കന്മാർ ഉദ്ദേശിച്ചിട്ടുള്ള പ്രയോജനത്തെ വൎദ്ധിപ്പിക്കുക അല്ലാതെ കുറവു് വരുത്തിക്കൂടാത്തതാണു്. കാളിദാസാദിനാടകകൎത്താക്കന്മാർ ആ വിഷയത്തിൽ പ്രത്യേകം നിഷ്കൎഷിച്ചിട്ടുള്ളതായിക്കാണാം. അവർ ഉപയോഗിച്ചുവന്ന സ്വാതന്ത്ര്യത്തെ തമിൾനാടകക്കാർ അരങ്ങുകൊഴുപ്പു് വരുത്തുവാൻ വേണ്ടി ആഭാസമായവിധത്തിൽപ്പോലും രൂപഭേദം വരുത്തിക്കാണിക്കാറുണ്ടു്. എല്ലാ കലാവിദ്യകളിലുംവച്ചു് അത്യന്തം ശ്രേഷ്ഠമായ ഒരു കലാവിദ്യയാണു് നാടകം. നാടകനിൎമ്മാണംതന്നെ സാധാരണകവികളാൽ സാദ്ധ്യമല്ലാത്തതുകൊണ്ടാണു് "നാടകാന്തം കവിത്വം" എന്ന അഭിയുക്തവചനംതന്നെ ഉണ്ടായിട്ടുള്ളതു്. കവിത്വം തൊട്ടുതെറിക്കുകപോലും ചെയ്തിട്ടില്ലാത്ത കുറെപാട്ടുകളും, ഒരുവിധപ്പെട്ടവരാരും സംഭാഷണത്തിനു് ഉപയോഗപ്പെടുത്താത്ത കുറേഗദ്യങ്ങളും ചേൎത്താൽ നാടകമാവും എന്നൊരു ബോധം പാണ്ടിനാട്ടിൽനിന്നു് മലയാളത്തിൽ ഇറങ്ങിയിട്ടുണ്ടു്. മലയാളികളുടെ കലാവാസനയെ ദൂഷിപ്പിക്കുന്ന ഈ നാടകപ്രയോഗങ്ങളെ നിരോധിക്കുവാൻ എന്തെങ്കിലും ഉപായം കണ്ടുപിടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. പാണ്ടിക്കാരുടെ സിനീമാ ചിത്രങ്ങളുടേയും ടാക്കികളുടേയും കഥ ഏകദേശം ഇതുപോലെതന്നെയാണു്. വിനോദവും വിജ്ഞാനവും നൽകുവാൻ ഉപയോഗപ്പെടുന്ന സിനീമാപ്രദൎശനങ്ങളെ ആ രൂപത്തിലാക്കുവാൻ നല്ലകലാവാസനയും ദേശാഭിമാനവുംഉള്ള യോഗ്യന്മാർ തന്നെ ശ്രമിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

സിനീമാചിത്രങ്ങൾ നിൎമ്മിക്കുവാൻ ഒരു കമ്പനി തിരുവനന്തപുരത്തു് ആരംഭിച്ചിട്ടുള്ളതായി കാണുന്നു. ഈ ഉദ്യമം നല്ലതുതന്നെ എങ്കിലും കമ്പനിക്കാരുടെ ഉദ്ദേശം ജനങ്ങൾക്കു് വിനോദമാൎഗ്ഗമായി വിജ്ഞാനം നൽകുന്നതിനല്ലെങ്കിൽ അതുകൊണ്ടു് കുറേപേക്കു് സാധുക്കളെ ചൂഷണം ചെയ്തു് പണമുണ്ടാക്കാമെന്നല്ലാതെ മററു പ്രയോജനമൊന്നും ഇല്ല. വനങ്ങളുടേയും മലകളുടേയും വന്യജന്തുക്കളുടേയും ഭയങ്കര ഭംഗികൾ എത്രവേണമെങ്കിലും ചിത്രങ്ങളിലാക്കുവാനുള്ള സൌകൎയ്യം തിരുവിതാംകൂറിനു് പ്രകൃതിസിദ്ധമാണു്.

ഈ സന്ദർഭത്തിൽ ഞങ്ങൾക്കു് തോന്നുന്ന ഒരു അഭിപ്രായത്തെ പുതിയ സിനീമാക്കമ്പനിക്കാരുടേയും ഗവമ്മെൻറിൻേറയും ശ്രദ്ധയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്നു് ഞങ്ങൾ വിചാരിക്കുന്നു. ക്ഷേത്രങ്ങളിൽ ആറാട്ടു്, കഥകളി, തുള്ളൽ, കരക്കെട്ടു് മുതലായി പല ഉത്സവങ്ങളും ഇപ്പോൾ നടന്നുവരുന്നുണ്ടല്ലൊ. വളരെ പണവും ഇതിനു് ചിലവാകുന്നുണ്ടു്. എല്ലാവൎക്കും കണ്ടാൽ കൊള്ളാമെന്നു് ആഗ്രഹം ഉള്ള ഒരു ആറാട്ടു് ചതുരംഗസേനയോടുകൂടി വിനീതവേഷനായി മഹാരാജാവു തിരുമനസ്സുകൊണ്ടു് പത്മനാഭസ്വാമിയുടെ വിഗ്രഹം ശംഖുമുഖത്തേക്കു് കൊണ്ടുപോകുന്ന ആറാട്ടാകുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു് വിനീതവേഷനായി നടന്നുപോകുന്ന കാഴ്ചകാണുവാനുള്ള കൌതുകം ആണു് തിരുവനന്തപുരത്തെ ആറാട്ടുകാണുവാൻ ജനങ്ങളെ ആകൎഷിക്കുന്നതു്. തിരുവിതാംകൂറിലെ എല്ലാജനങ്ങൾക്കും ഈ ആറാട്ടുത്സവംകണ്ടാൽ കൊള്ളാമെന്നു് അതിയായ ഉത്സാഹംഉണ്ടു്. എന്നാൽ പണച്ചിലവും മററു് അസൌകൎയ്യങ്ങളും നിമിത്തം എല്ലാവരും വരുന്നില്ലെന്നേയുള്ളു. ഈ ആറാട്ടുത്സവത്തെ സിനീമാ ചിത്രങ്ങളിൽ എടുത്തു് സൎക്കാർ ക്ഷേത്രങ്ങളിൽ പ്രദൎശിപ്പിക്കുന്നതിനു് ഏൎപ്പാടു ചെയ്യാവുന്നതാണു്. അതുപോലെതന്നെ മേൽപറഞ്ഞ മററുത്സവച്ചടങ്ങുകളും സിനീമാ ചിത്രങ്ങളിൽ വരുത്താവുന്നതാണു്. ഈ ചിത്രങ്ങളെടുത്തു് സൎക്കാർ ക്ഷേത്രങ്ങളിൽ പ്രദൎശിപ്പിക്കുവാൻ തുടങ്ങിയാൽ ആന വിരണ്ടും നെട്ടംകുതിര വീണും ഉണ്ടാകുന്ന അപകടങ്ങൾ ഒന്നും കൂടാതെ എല്ലാവൎക്കും ഉത്സവകാലം ഉത്സാഹകരമായി കഴിക്കാവുന്നതാണു്. നമ്മുടെ കഥകളിക്കു് വിദേശങ്ങളിൽ ഇപ്പോൾ വലിയ ഒരു കീൎത്തി ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ടു്. അപരിഷ്കൃത വിനോദങ്ങൾ കാൺവാൻ മനുഷ്യൎക്കുള്ള കൌതുകമോ അതല്ല കഥകളിക്കാരുടെ അഭിനയവിഷയമായ കലാപ്രകടന ചാതുരിയിലുള്ള അഭിനന്ദനമോ യൂറോപ്യന്മാരെയും മററും കഥകളികാണ്മാൻ ആകൎഷിക്കുന്നതെന്നു് അറിഞ്ഞില്ല. രണ്ടിലേതായാലും കഥകളിയുടെ ചിത്രം സിനീമായിലാക്കിയാൽ അതിൻെറ ഫിലുമുകൾ വിദേശങ്ങളിൽ അയച്ചു് ധാരാളം പണം സമ്പാദിക്കാമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. വിദ്യാഭ്യാസപരമായും സിനീമായ്ക്കു് വലുതായ ഒരു പ്രയോജനം ഉള്ളതു് ഇവിടെ പ്രദൎശിപ്പിക്കപ്പെടുന്ന ചിത്രങ്ങളെക്കൊണ്ടു് ലഭിക്കുന്നില്ല. കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ ഭയങ്കരതയെക്കുറിച്ചു് പ്രചരണവേല നടത്തുവാൻ ലീഗ്‌ആഫ്നേഷൻസിൽ നിന്നു് നിയുക്തരായ ഒന്നു രണ്ടു വെള്ളക്കാർ കൊല്ലത്തുവന്നു് ഒരു സിനീമാ പ്രദൎശനം നടത്തി. ഭൂഗോളത്തിൻെറ ഒരു പടം കാണിച്ചുകൊണ്ടു് ആ പടത്തിൽ ആദ്യം സെർവിയായിൽ ഒരു കറുപ്പു് പൊട്ടു് വീഴുന്നതു് കാണിച്ചു: സെർവിയായിലെ ഒരു രാജകുമാരൻെറ വധമാണല്ലോ ആ യുദ്ധത്തിനു് താൽകാലികമായ പ്രഥമഹേതു. അതിനടുത്തു് ആസ്ത്രിയായിൽ ഒരു കറുപ്പു് പൊട്ടുവീണു. അങ്ങനെ ഈ കറുപ്പുകൾ ബൽജിയം ഫ്രാൻസ്, ഇംഗ്ലണ്ടു്, റഷ്യ, ഇററലി, ററർക്കി, മുതലായ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം പടന്നു. ഓരോ കറുപ്പുകളും രാജ്യം പ്രതിവീഴുമ്പോൾ അതിനുള്ള കാരണങ്ങളേയും ജനങ്ങളെ പറഞ്ഞുകേൾപ്പിച്ചു കൊണ്ടിരുന്നു. മഹായുദ്ധത്തെക്കുറിച്ചു് എത്രയോ ഗ്രന്ഥങ്ങൾവായിച്ചു മനസ്സിലാക്കേണ്ടകാൎയ്യങ്ങൾ എല്ലാം രണ്ടുമണിക്കൂർ സമയംകൊണ്ടു് എത്രയും വിശദമായി ആ ചിത്രപ്രദൎശനംകൊണ്ടു് കാണികളെ മനസ്സിലാക്കുവാൻ അവൎക്കു് സാധിച്ചു. ഇതുപോലെ തന്നെ ആനയെക്കുറിച്ചു് ഒരു പാഠം ക്ലാസ്സിൽ കുട്ടികളെ പഠിപ്പിക്കുവാൻ ഉണ്ടെന്നിരിക്കട്ടെ. നമ്മുടെ വനങ്ങളുടെ ഒരു ചിത്രം, വനങ്ങളിൽ ആനകൾ പററംചേൎന്നു് സഞ്ചരിക്കുന്ന ചിത്രം, ആനയെ പിടിക്കുവാൻ കുഴികൾ ഉണ്ടാക്കുന്ന ചിത്രം, ആനകൾചെന്നു് കുഴിയിൽവീഴുന്ന ചിത്രം, താപ്പാനകൾ ചെന്നു് കാട്ടാനയെ കരകേററുന്ന ചിത്രം, കാട്ടാനയെ കൊപ്പത്തിലാക്കി ചട്ടംപിടിപ്പിക്കുന്ന ചിത്രം, ആനയെക്കൊണ്ടു് തടിപിടിപ്പിക്കുന്ന ചിത്രം, ആനയെക്കൊണ്ടു ആറാട്ടു നടത്തിക്കുന്ന ചിത്രം ആനപ്പുറത്തു് അമ്പാരിയിൽകേറി സവാരിക്കുപോകുന്ന ചിത്രം, മുതലായി ആനയെക്കൊണ്ടുള്ള സകല ഉപയോഗങ്ങളും ഒരു അദ്ധ്യാപകൻ പത്തുദിവസംകൊണ്ടു് പഠിപ്പിക്കേണ്ടതു് ഒരുമണിക്കൂർനേരംകൊണ്ടു് പഠിപ്പിക്കുവാൻ

സിനിമാകൊണ്ടുസാധിക്കുന്നതാണ്. ഇങ്ങനെ പറഞ്ഞാൽ സിനിമായുടെഉപയോഗം വളരെ പറയാനുണ്ട്. ഈവക ഉപയോഗങ്ങൾഒന്നും ഇപ്പോഴത്തെ സിനിമാപ്രദർശനങ്ങൾക്ക് ഇല്ല. വെറുംവിനോദംകൊണ്ട് സാമാന്യജനങ്ങളെ ചൂഷണം ചെയ്യണം എന്നൊരുവിചാരം അല്ലാതെ സിനിമാകമ്പനിക്കാർക്ക് ഇല്ല. നിർദ്ദോഷമായ വിനോദം ആയിരുന്നാലും ഒരു പ്രയോജനംകൂടി സിനിമായ്ക്കു് ഉണ്ടായിരിക്കണമെന്ന് ഫിലിമുകൾ സെൻഷർ ചെയ്യുവാൻ നിയുക്തമായുള്ള ബോർഡുകൾ നിഷ്കർഷിക്കേണ്ടതാണ്. ക്ഷേത്രങ്ങളുടെ ഉപയോഗത്തിന് പുരാണകഥകളെ ഭക്തിമാർഗ്ഗത്തിലേക്ക് ജനങ്ങളെ നയിക്കുവാൻ ഉപയോഗപ്പെടുന്നവിധം ചിത്രീകരിച്ച് പ്രദർശിപ്പിക്കുവാൻ ഏർപ്പാടുചെയ്യുന്നതായാൽ ക്ഷേത്രങ്ങളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും ക്ഷേത്രദർശനത്തിൽ ജനങ്ങൾക്ക് താല്പര്യം ജനിപ്പിക്കുന്നതിനും ഉപകാരപ്പെടാതെ ഇരിക്കുന്നതല്ല. പത്തോ പതിനഞ്ചോ ലക്ഷം രൂപാ ഒരു ചിത്രനിർമ്മാണശാലയ്ക്കു് ചിലവുചെയ്യുവാൻ ദേവസ്വം ഡിപ്പാർട്ട്മെൻറിന് യാതൊരു പ്രയാസവും ഇല്ലെന്നാണ് ഞങ്ങൾക്ക് തോന്നുന്നതു്.

---

## ഹിന്ദുസംഘടന

ക്ഷേത്രപ്രവേശനവിളംബരം ഉണ്ടായതോടുകൂടി ഹിന്ദുസംഘടനയെക്കുറിച്ചു അനേകം മീററിംഗുകളും പ്രസംഗങ്ങളും നടന്നിട്ടുണ്ട്. ഈ മീററിംഗുകളിൽ സംബന്ധിച്ച ഈഴവ പ്രമാണികളിൽ അധികം പേരും എസ്. എൻ. ഡി. പി. യോഗത്തോട് കുറച്ചുകാലമായി എന്തോ പരിഭവം വച്ചുകൊണ്ട് എതിരായ ചില പ്രചരണവേലകൾ നടത്തിവന്നവരായിരുന്നു. യോഗം ഈ പ്രസ്ഥാനത്തിൽ ഉദാസീനതകാണിച്ചതു് അതുകൊണ്ട് തന്നെ ആയിരിക്കാം. എന്നു മാത്രമല്ല ഹിന്ദുസംഘടനയ്ക്കു രാഷ്ട്രീയമായ ഉദ്ദേശങ്ങൾ ഉണ്ടായിരിക്കണമെന്നും ഈ പ്രചരണജോലിക്കിടയിൽ ചിലർ പ്രസ്താവിച്ചു കേൾക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയ ഒരു ഹിന്ദുസംഘടനയിൽ ചേരുവാൻ എസ്. എൻ. ഡി. പി. യോഗം ഇഷ്ടപ്പെടുന്നില്ലെന്നാണ് ഞങ്ങളുടെ അറിവ്. രാഷ്ട്രീയകാര്യങ്ങളിൽ യോഗം ഒന്നുകിൽ ആരോടും ചേരാതെ സ്വതന്ത്രമായി നിൽക്കുകയോ അല്ലാത്തപക്ഷം രാഷ്ട്രീയാദർശങ്ങളിൽ ഐക്യമുള്ളവരോട് ചേരുകയോ മാത്രമേ ചെയ്കയുള്ളൂ എന്നാണ് യോഗപ്രവർത്തകന്മാർ ഉദ്ദേശിച്ചിട്ടുള്ളതെന്ന് തോന്നുന്നു. ഹിന്ദുസംഘടനയ്ക്കുവേണ്ടി പ്രചരണവേല നടത്തുന്ന സവർണ്ണഹിന്ദുക്കൾ രാഷ്ട്രീയാദർശങ്ങളിൽ എസ്. എൻ. ഡി. പി. യോഗത്തോട് യോജിക്കുന്നവരല്ല. അതിനാൽ രാഷ്ട്രീയാദർശം മാററി വച്ചിട്ട് മതസംബന്ധമോ, സമുദായസംബന്ധമോ ആയ കാര്യങ്ങളെ സംബന്ധിച്ച് ഒരു ഹിന്ദുസംഘടന ഉണ്ടാക്കുവാൻ ആരെങ്കിലും ഉദ്യമിക്കുന്ന പക്ഷം അതോടു സഹകരിക്കുവാൻ ഈഴവർക്ക് വിരോധം ഉണ്ടായിരിക്കുന്നതല്ല. ശ്രീനാരായണഗുരുസ്വാമിയുടെ ഒരു ജാതി, ഒരുമതം, ഒരു ദൈവം എന്നുള്ള സിദ്ധാന്തമനുസരിച്ച് എല്ലാ മതക്കാരെയും യോജിപ്പിച്ചു ആ ആദർശം നടപ്പിൽവരുത്തുവാൻ ഒരു സംഘടന ഉണ്ടാക്കുക എന്നുള്ളതു് സാദ്ധ്യമല്ല. ഹിന്ദുക്കളിൽ തന്നെ അനേകം ഭിന്നസമുദായക്കാർ ഉള്ളവരിൽ ഈഴവരല്ലാതെ മററു സമുദായങ്ങൾ ഒന്നും സ്വാമിയുടെ ഈ ആദർശം അംഗീകരിച്ചിട്ടുമില്ല അതിനാൽ തല്ക്കാലം ഹിന്ദുക്കളെ മാത്രം സംഘടിപ്പിച്ച് അവരുടെ ഇടയിൽ വിദ്യാഭ്യാസത്തിന് സാർവ്വത്രികമായ പ്രചാരം വരുത്തുവാനും അവരുടെ സാമ്പത്തികസ്ഥിതി ഉയർത്തുവാനും കഴിവുള്ളിടത്തോളം മതവിശ്വാസത്തെയും മതാചാരങ്ങളേയും പരിഷ്ക്കരിക്കുവാനും ഒരു സംഘടന ഉണ്ടാക്കുവാനും മാത്രമേ തല്ക്കാലസ്ഥിതിക്ക് സാദ്ധ്യമായി വരികയുള്ളൂ.

ഈ ഉദ്ദേശം സാധിക്കുന്നതിന് ഏതെങ്കിലും ഒരു സമുദായമോ വ്യക്തിയോ ശ്രമിച്ചാൽ ഇപ്പോഴത്തെ സ്ഥിതിക്ക് സാദ്ധ്യമായി വരുന്നതല്ല. അത്രയ്ക്കു് അവിശ്വാസം ഭിന്നസമുദായങ്ങൾക്ക് തമ്മിൽ ഉണ്ട്. ദേവസ്വം ഡിപ്പാർട്ടുമെൻറിൽനിന്ന് ക്ഷേത്രങ്ങളെ കേന്ദ്രമാക്കി ഹിന്ദുസംഘടനയ്ക്കു് ശ്രമിക്കുന്നതായാൽ വളരെ എളുപ്പത്തിൽ മേല്പറഞ്ഞ ഉദ്ദേശങ്ങളെ നിറവേററാവുന്നതാണ്. പുരാതനകാലത്തെ ക്ഷേത്രഭരണരീതിയേയും ഗ്രാമഭരണ രീതിയേയും യോജിപ്പിച്ച് സംഘടിപ്പിച്ചാൽ ക്ഷേത്രങ്ങളെ കേന്ദ്രമാക്കി ഉള്ള സംഘടനകൊണ്ട് മേല്പറഞ്ഞ ഉദ്ദേശങ്ങൾ എങ്ങനെ സാധിക്കാമെന്ന് അനയാസേന മനസ്സിലാക്കാവുന്നതാണ്.

ക്ഷേത്രഭരണത്തിന് ദേവസ്വം ഡിപ്പാർട്ടുമെൻറു മുഖേന മൊത്തത്തിൽ ഗ്രാൻറ് ഉൾപ്പടെ ഏകദേശം ഇരുപതുലക്ഷംരൂപാവരെ ഇപ്പോൾ ചിലവാക്കിവരുന്നുണ്ട്. ഓരോ ക്ഷേത്രങ്ങൾക്കും പ്രത്യേകം പതിവുകളും പടിത്തരങ്ങളും നിർദ്ദേശിച്ച് ഈ ചിലവ് പങ്കിട്ട് കൊടുത്തിരിക്കുകയാണ്. ഓരോ ക്ഷേത്രത്തിലേയും ശാന്തിപ്പണി മുതലായ നിത്യനിദാനച്ചിലവ്, മാസവിശേഷം, ആട്ടവിശേഷം ഉൽസവം മുതലായവയ്ക്കു് എന്തു് ചിലവ് വേണ്ടിവരുമെന്ന് പ്രത്യേകം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ ക്ഷേത്രകാര്യങ്ങൾ അന്വേഷിക്കുവാൻ കമ്മീഷണറന്മാർ മുതലായ മേലധികാരികളെക്കൂടാതെ ഓരോക്ഷേത്രത്തിലും മേൽശാന്തി, കീഴ്ശാന്തി, മാസപ്പടിക്കാർ, ചന്ദ്രക്കാർ മുതലായ ഉദ്യോഗസ്ഥന്മാരെയും ആക്കിയിട്ടുണ്ട്. ശരാശരി കണക്കു നോക്കിയാൽ ഒരു ക്ഷേത്രത്തിൽ ചുരുങ്ങിയതു് നാലു് ഉദ്യോഗസ്ഥന്മാരെങ്കിലും ഉണ്ടായിരിക്കുന്നതാണ്. ആണ്ടിൽ ഒരിക്കലോ രണ്ടോ മൂന്നോതവണയോ ഉണ്ടാവുന്ന ഉൽസവമോ മറേറാ നടത്തേണ്ട ചുമതല ഒഴിച്ചാൽ ഇവർക്കാർക്കും പറയത്തക്ക ജോലി ഒന്നും ഇല്ല. കാലത്തു് ഒരു പൂജ, ഉച്ചയ്ക്കൊരുപൂജ വൈകിട്ടൊരു പൂജ ഇത്രയും ആണ് ഇവർക്കുള്ള ജോലി. ഈ ഉദ്യോഗസ്ഥന്മാർ മലയാളം ഏഴാംക്ലാസ്സ് പരീക്ഷ എങ്കിലും പാസ്സായിട്ടുള്ളവരാണെങ്കിൽ ക്ഷേത്രത്തോട് ചേർത്തു് ഒരു പ്രാഥമികപാഠശാല ഉണ്ടായാൽ ആ പാഠശാലയിൽ ചേർത്തു് വിദ്യാർത്ഥികളെ സാക്ഷരന്മാരാക്കുന്ന ജോലി അവരെക്കൊണ്ട് നിർവ്വഹിക്കാവുന്നതാണ്.

മതസംബന്ധമായ തത്വജ്ഞാനവാദങ്ങളേയും മററും സാമാന്യജനങ്ങളെ പഠിപ്പിക്കുകയേക്കാൾ അവർക്കാവശ്യമായുള്ളതു് ബാല്യംമുതൽക്കേ അവർക്ക് മതസംബന്ധമായ ചില പരിശീലനങ്ങൾ നൽകുക എന്നുള്ളതാണ്. പാഠശാലകളിൽ മതവിദ്യാഭ്യാസം നൽകണമെന്ന് ഇക്കാലത്തു് പലരും അഭിപ്രായപ്പെടുന്നതിൻെറ ഗുണദോഷങ്ങളെ ഞങ്ങൾ ഇവിടെ ചർച്ചചെയ്യുന്നില്ല. എന്നാൽ ഹിന്ദുബാലന്മാർക്ക് മതപരിശീലനം നൽകുവാൻ ക്ഷേത്രങ്ങളോടു ചേർത്തു് നടത്തുന്ന പാഠശാലകൾ വഴിയായി വിദ്യാഭ്യാസസമയം ഉപയോഗപ്പെടുത്താതെ തന്നെ ധാരാളം സൌകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്. വിദ്യാഭ്യാസസമയം ഇപ്പോൾ കാലത്തു് 7ൽമണി മുതല്ക്കെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ടല്ലോ. രാവിലെ കുട്ടികൾ പള്ളിക്കൂടത്തിൽ എത്തിയാൽ ഉടൻതന്നെ അവരിൽ ഹിന്ദുബാലന്മാർക്കു എല്ലാവർക്കും ക്ഷേത്രക്കുളത്തിൽ സ്നാനം ചെയ്തു് ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ച് കളഭവും മററും വാങ്ങി ധരിച്ച് ക്ഷേത്രപ്രദിക്ഷിണവും സ്വാമിദർശനവും നടത്തി ഈശ്വരസ്തോത്രപരമായ ഒരു കീർത്തനവും പാടി ക്ലാസിൽ പാഠത്തിന് ഹാജരാകാവുന്നതാണ്. ഇതുപോലെ പള്ളിക്കൂടംവിട്ടു് പോരുമ്പോഴും കുട്ടികളെക്കൊണ്ട് ചെയ്യിക്കാവുന്നതാണ്. അദ്ധ്യാപകന്മാർ ക്ഷേത്രജോലിക്കാരായതുകൊണ്ട് ഇപ്പോൾ ഹിന്ദുബാലന്മാർക്ക് അശിക്ഷിതമായ രീതിയിൽ ലഭിച്ചു വരുന്നതിൽനിന്ന് തുലോം ഭിന്നമായി ശിക്ഷിതരീതിയിലുള്ള പരിശീലനം തന്നെ ലഭിക്കുവാൻ ഇടവരുന്നതാണ്. ഇതുവരെ ക്ഷേത്രപ്രവേശനം ഇല്ലാതിരുന്നതു നിമിത്തം ക്ഷേത്രാചാരങ്ങളിൽ യാതൊരു പരിശീലനവും ലഭിച്ചിട്ടില്ലാത്ത ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഏർപ്പാടു അവർക്കൊരു വലിയ അനുഗ്രഹമായിരിക്കും.

ഉച്ചയോടുകൂടി അദ്ധ്യയനസമയം അവസാനിച്ചുകഴിഞ്ഞാൽ ഉച്ചയ്ക്കുള്ള ആഹാരം കഴിഞ്ഞുവന്ന് ഈ ബാലന്മാരെ നൂൽനൂൽപ്പും നെയിത്തും പരിശീലിപ്പിക്കാവുന്നതാണ്. അഞ്ചുമുതൽ ഒൻപതുവയസ്സു വരെ പ്രായമുള്ള ബാലന്മാർ നൂൽനൂൽക്കാനോ നെയ്യാനോ കഴിവുള്ളവർതന്നെയോ എന്ന് സംശയിക്കുന്നവരുണ്ടാവാം. ധാരാളം കഴിയുമെന്ന് അനുഭവംകൊണ്ട് ഞങ്ങൾക്കു പരിപൂർണ്ണ ബോദ്ധ്യം വന്നിട്ടുണ്ട്. ഇതിനാവശ്യമുള്ള പഞ്ഞി തൽക്കാലം വിദേശത്തുനിന്നു തന്നെ വരുത്തേണ്ടതായിവരും. ഇവിടത്തെ ശീതോഷ്ണാവസ്ഥ പഞ്ഞികൃഷിക്ക് യോജിച്ചതല്ലെന്ന് ധരിച്ചിരിക്കുന്നവരാണു പലരും. ഇവിടത്തെ ശീതോഷ്ണാവസ്ഥയ്ക്കു് യോജിച്ച പരുത്തികൃഷി ഇവിടെത്തന്നെ നടത്താമെന്നു ഞങ്ങൾക്കു് പരീക്ഷിച്ചനുഭവമുണ്ട്. "കമ്പോടിയാ" പരുത്തി നിബിഡമായ വൃക്ഷഛായയുള്ള താണ മണൽഭൂമികളിൽ പോലും നല്ലപോലെ വളർന്നു ഫലം തരുമെന്ന് ഞങ്ങൾക്ക്തന്നെ പരീക്ഷിച്ചറിവാൻ കഴിഞ്ഞിട്ടുണ്ട് ഒരുമൂട് പരുത്തിച്ചെടിയിൽനിന്ന് എടുത്ത പഞ്ഞി കടഞ്ഞു് നൂൽനൂത്തു് ഒന്നരമുഴംവീതിയുള്ള ഇരുപത്തിമൂന്നുമുഴം ഷർട്ടിങ്ങിന് പിടിപ്പതു് ഊട നൂത്തെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവിടെത്തന്നെ നൂൽനൂൽപ്പും നെയിത്തും നടപ്പുണ്ടായിരുന്ന കാലങ്ങളിൽ ഒരു കൃഷിയായിട്ടല്ലെങ്കിലും എല്ലാപറമ്പുകളിലും മററു വൃക്ഷങ്ങളുടെ ഇടയിൽ പരുത്തിനട്ടുപിടിപ്പിക്കുക പതിവുണ്ടായിരുന്നു. ഉണ്ടാവുന്ന പഞ്ഞി വിലകൊടുത്തുവാങ്ങുവാൻ ആളുണ്ടെന്നുകണ്ടാൽ പരുത്തികൃഷി നടത്തുവാൻ ജനങ്ങൾക്ക് താല്പര്യവും ജനിക്കുന്നതാണ്. മോട്ടോർകാറും ബസ്സും ഒക്കെ നടപ്പായപ്പോൾ സാങ്കേതികപാഠശാല ഒന്നുംകൂടാതെതന്നെ ഡ്രൈവർമാരും

മററും ഉണ്ടായിവന്നതോർത്താൽ ആവശ്യമാണ് സകല ഉദ്യമങ്ങൾക്കും നിദാനമെന്നു വ്യക്തമാണല്ലോ. ക്ഷേത്രസമീപം ഒരുമൈൽ ചുററുപാടുമുള്ള ഭൂമി ക്ഷേത്രസങ്കേതമായി കരുതുക. ഉദ്ദേശം അഞ്ഞൂറേക്കർസ്ഥലം അതിൽ ഉൾപ്പെടും എന്ന് വിചാരിക്കുക. നമ്മുടെ ഈ നാട്ടിലെ സ്ഥിതിആലോചിച്ചാൽ ഈ അഞ്ഞൂറ് ഏക്കറിൽ നല്ലപോലെ കൃഷിചെയ്യപ്പെട്ടിട്ടുള്ള ഭൂമി നൂറേക്കറിൽ അധികം ഉണ്ടായിരിക്കുക ഇല്ല. പിന്നെ ഒരു നൂറോ ഇരുനൂറോ ഏക്കർ പകുതി കൃഷിചെയ്യപ്പെട്ടവ ആയിരിക്കും. കുറേ ഏക്കർ തീരെ കൃഷിചെയ്യപ്പെടാതെ കിടക്കുന്നതായിട്ടും കാണാം. ഒരുതുണ്ടു സ്ഥലം പോലും പേരിൽ പതിച്ച് കൃഷികൂടാതെ ഇട്ടുകൂടാ എന്ന് നിയമംകൊണ്ട് നിർബന്ധിക്കുവാൻ ഗവമ്മെൻറിന് അധികാരം ഉണ്ടെങ്കിലും ഗവമ്മെൻറ അതു ചെയ്യുന്നില്ല. അങ്ങനെ എന്തെങ്കിലും ഒരു നിയമം ഉണ്ടാക്കാതെ ഇവിടത്തെ ഭൂമി ഉടമസ്ഥന്മാരെ വിട്ടേച്ചാൽ ഇവിടത്തെ "കൃഷകജനത" കരം കുറയ്ക്കണം തേങ്ങയ്ക്ക് വില കൂട്ടണം എന്ന് നിലവിളിച്ച് നടക്കുക അല്ലാതെ സാമ്പത്തികാധഃപതനത്തിനുള്ള വാസ്തവഹേതുവിനുള്ള പരിഹാരം ഉണ്ടാക്കുവാൻ ശ്രമിച്ചു എന്ന് വരികയില്ല. ആ കാര്യം ഇരിക്കട്ടെ. മേൽപറഞ്ഞ സങ്കേതത്തിനകത്ത് കൃഷിചെയ്യപ്പെടാതെ കിടക്കുന്നസ്ഥലം മുഴുവനുമോ പകുതി കൃഷിചെയ്തിരിക്കുന്ന സ്ഥലത്ത് ബാക്കിയുള്ള സ്ഥലമോ വിദ്യാർത്ഥികൾക്ക് കൃഷിപരിശീലനത്തിനായി വിട്ടുകൊടുക്കണമെന്ന് പറഞ്ഞാൽ ഉടമസ്ഥന്മാർക്ക് വിസമ്മതം ഉണ്ടാകുമെന്ന് തോന്നുന്നില്ല. "ഇൻറൻസിവ് കൾട്ടിവേഷൻ" എന്നു പറയുന്ന തരത്തിലുള്ളകൃഷി മേല്പറഞ്ഞ അഞ്ഞൂറേക്കർ സ്ഥലത്തിൽ അഞ്ചേക്കർ സ്ഥലത്തുപോലും ഈ നാട്ടിൽ കാണുകയില്ലെന്നുള്ളതു നിർവ്വിവാദമാണ്. നല്ലപോലെ തെങ്ങോ,പ്ലാവോ,മാവോ വച്ചു പിടിപ്പിച്ചിട്ടുള്ള പറമ്പുകളിൽപോലും ഭക്ഷണത്തിനാവശ്യമുള്ള മുളക്, വെണ്ട, കത്തിരി, വഴുതന, ചേന, കാച്ചിൽ, കിഴങ്ങ് മുതലായവ നട്ടുപിടിപ്പിക്കാവുന്നതാണ്. ഇത്തരം കൃഷികൾ വലിയ ദേഹാദ്ധ്വാനം കൂടാതെ വിദ്യാർത്ഥികൾക്കുതന്നെ ഒരു വിനോദം എന്ന മാതിരിയിൽ നടത്തുവാൻ സാധിക്കുന്നതാണ്. ഒരുനേരത്തെ ആഹാരത്തിന് വേണ്ട വകയെങ്കിലും വിദ്യാർത്ഥികളുടെ ശ്രമംകൊണ്ട് ഉണ്ടാക്കിക്കുവാൻ അദ്ധ്യാപകന്മാർ വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കുന്നതാണ്. ഗ്രാമീണജനങ്ങളുടെ സഹകരണംകൂടി ഉണ്ടെങ്കിൽ ഫലപ്രദമായി ഇതു നടത്താവുന്നതുമാണ്.

മേല്പറഞ്ഞ സങ്കേതത്തിനകത്ത് താമസക്കാരായ ഹിന്ദുക്കളിൽ പ്രായപൂർത്തി വന്നവരെ എല്ലാം ഒരു സംഘമായി സംഘടിപ്പിച്ച് അവരിൽനിന്ന് അവരാൽതന്നെ തിരഞ്ഞെടുക്കപ്പെടുന്ന പത്തോ പതിനഞ്ചോ പേർ ഒരു കമ്മററിയായി ഈവക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ ചുമതലപ്പെടുത്തുകയും ക്ഷേത്രകാര്യങ്ങൾ നടത്തുവാനുള്ള ചുമതല ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ അവരെ ഏല്പിക്കുകയും ചെയ്യുന്നതായാൽ ഓരോ ക്ഷേത്രത്തിനും അനുവദിച്ചിട്ടുള്ള ഉടമകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള ക്ഷേത്രകാര്യങ്ങൾക്ക് പുറമേ ഞങ്ങൾ പ്രസ്താവിച്ച മാതിരിയിൽ ഉള്ള വിദ്യാഭ്യാസം, മതപരിശീലനം, കൃഷിപരിശീലനം വ്യവസായപരിശീലനം മുതലായവയും നടത്തുവാൻ സാധിക്കുന്നതാണ്. ദേവസ്വം ഡിപ്പാർട്ടുമെൻറിൽനിന്ന് പൂർവ്വാധികം കാര്യക്ഷമമായ മേൽനോട്ടം ഇപ്പോൾ നടക്കുന്നുണ്ടെങ്കിലും അഴിമതികൾക്ക് കുറവെന്നും വന്നിട്ടില്ല.

ഇതിനെ സംബന്ധിച്ച് ഇനിയും വിസ്തരിച്ച് പറയാവുന്ന അനേകം കാര്യങ്ങളുണ്ടെങ്കിലും അവ ഇനി ഒരവസരത്തിൽ ആകാമെന്ന് വിചാരിക്കുന്നു. എസ്. എൻ. ഡി. പി.യോഗത്തിൽ നിന്ന് ഹിന്ദുസംഘടനയെക്കുറിച്ച് റിപ്പോർട്ടുചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള കമ്മററിക്കാർ ഈ കാര്യം കൂടി അവരുടെ ആലോചനയ്ക്ക് വിഷയീഭവിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.

—o—

## പാശ്ചാത്യ വനിതകളുടെ പ്രേമഗതി

—o—

ധാരാളം പണം ഉണ്ടായിരുന്നാൽ ഇഷ്ടംപോലെ പ്രവർത്തിക്കാമെന്നു ചിലരെല്ലാം ധരിച്ചിട്ടുണ്ട്. സ്ത്രീകളെസംബന്ധിച്ചാണ് ഈ ധാരണ അധികമായി പ്രത്യക്ഷപ്പെടുന്നതു്. പുരുഷന്മാരാണെങ്കിൽ ആഡംബരത്തിനും യശസ്സിനും പ്രതാപത്തിനുംവേണ്ടി ലുബ്ധുകൂടാതെ ചെലവാക്കും. സ്ത്രീകളാണെങ്കിൽ ആഭരണങ്ങൾക്കും വസ്ത്രങ്ങൾക്കും; പാശ്ചാത്യവനിതകൾ വസ്ത്രങ്ങൾ സുഗന്ധദ്രവ്യങ്ങൾ "ഫാഷൻ" എന്നിവയ്ക്കുവേണ്ടി ചെലവാക്കി തൃപ്തിപ്പെടും. ദാമ്പത്യജീവിതം വരിക്കുന്നതിൽ പാശ്ചാത്യ വനിതകൾക്കു സ്വതേ ഉള്ള സ്വാതന്ത്ര്യം അവർ പണക്കാരികളാണെങ്കിൽ വർദ്ധിക്കും. ചില ഉദാഹരണങ്ങളുദ്ധരിക്കാം. മിസ്സ് ബെസിമാർത്തി ഇംഗ്ലണ്ടിലെ ഒരു നല്ല കോടീശ്വരൻെറ ഏകപുത്രിയാണ്. എന്നാൽ അവളുടെ അനുരാഗത്തിനു പാത്രീഭവിച്ചതു ആഴ്ചയിൽ മൂന്നു ഷില്ലിംഗ് ശമ്പളത്തിൽ ഒരു ചെമ്മാൻെറ കടയിൽ ചെരുപ്പുകൾ ഉണ്ടാക്കിക്കൊണ്ടിരുന്ന ഒരു സാധുവിലാണ്. അയാൾ അവളുടെ ഭർത്താവായി. എൺപതു ലക്ഷം പവൻെറ സ്വത്തുള്ള മിസ്സ് ഹെല്ലൻ ബെഡ്ഫോർഡ് എന്ന അമേരിക്കൻ സ്ത്രീ അവളുടെ വണ്ടിക്കാരനെ ഭർത്താവായി വരിച്ചു. പിതാവിൻെറ വില്പത്രമനുസരിച്ചു ഇരുപതുലക്ഷം പവൻെറ സ്വത്തുകാരിയായിത്തീർന്ന എൻജലാ ജോർജിനാ തൻെറ സ്വകാര്യസ്വത്തുക്കളേയും അതിനോടു ചേർത്തു ഇംഗ്ലണ്ടിലെ ഒരു പ്രഭ്വിയായി കഴിഞ്ഞുകൂടി. അറുപത്തിഏഴ വയസ്സുവരെ പൊതുജനോപകാരപ്രദങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ട് അവിവാഹിതയായി അവർ കഴിച്ചുകൂട്ടി. 67-ാമത്തെ വയസ്സിൽ, കേവലം മുപ്പതു വയസ്സുമാത്രം പ്രായമുള്ള അമേരിക്കക്കാരനായ ഒരു യാചകനെ അവർ വരിച്ചു.

ഭരണാധികാരം നഷ്ടപ്പെട്ട ജർമ്മൻ ചക്രവർത്തി കൈസർ വില്യമിൻെറ സഹോദരി ആസ്ത്രിയാക്കാരനായ ഒരു പരിചാരകനെ വരിച്ചു. പക്ഷെ കുറെ കാലം കഴിഞ്ഞു ഗവർമെൻറു ഇടപെടുകയാൽ അവരുടെ ദാമ്പത്യത്തിനു ശൈഥില്യം ഉണ്ടായി.

ഇറാക്കിലെ രാജാവിൻെറ പുത്രി ഇസേഡ് രാജകുമാരി ഗ്രീക്കുകാരനും അവർ താമസിച്ചിരുന്ന ഒരു ഹോട്ടലിലെ ജോലിക്കാരനുമായിരുന്ന ഒരുവനെ വിവാഹം ചെയ്തു. സുപ്രസിദ്ധനായ ചാറത്സ് അല്ലൻെറ പുത്രി പിതാവിൻെറ ഒരു ഭൃത്യൻെറ ഭാര്യയായി. ഇതുപോലെ അനവധി ദൃഷ്ടാന്തങ്ങൾ അടുത്തകാലത്തു ഉണ്ടായിട്ടുണ്ട്.

ചി. യു.

——

## സന്താനനിയന്ത്രണം

——

1841 ജനുവരി 15-ാംനു വിക്ടോറിയാ രാജ്ഞി, സ്വമാതുലനായ ബൽജിയം രാജാവിനയച്ച ഒരു കത്തിൽ ഇങ്ങിനെ പറഞ്ഞിരുന്നു:—ഞാൻ അനേകം കുട്ടികളുടെ മാതാവായി വാഴുന്ന കാഴ്ച കാണാൻ അവിടുന്നു ആഗ്രഹിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഒരു വലിയ കുടുംബം നമുക്കെല്ലാപേക്കും എത്രമാത്രം ബുദ്ധിമുട്ടും അസൗകര്യപ്രദവുമായിരിക്കുമെന്നു അവിടത്തേക്കു ഊഹിക്കരുതോ? വളരെയധികം സന്താനങ്ങൾ, അവരുടെ മാതാവെന്നനിലയിൽ എനിക്കു വരുത്തിക്കൂട്ടുന്ന വിഷമങ്ങൾക്കും പ്രാരബ്ധങ്ങൾക്കും പുറമെ രാജ്യത്തിനുതന്നെയും എന്തൊരു ഗ്രഹപ്പിഴയായിരിക്കുമെന്നു ആലോചിക്കുക. പ്രസവം എന്ന ആ ദുർഘട പരീക്ഷണത്തിൽ കൂടക്കൂടെ കടന്നുപോവുകയെന്നതു സ്ത്രീകളായ ഞങ്ങൾക്കു എന്തൊരു ദുർഘടവും പ്രയാസവുമാണെന്ന കാര്യം പുരുഷന്മാർ പരിഗണിക്കുന്നതേയില്ലെന്നു തോന്നിപ്പോകുന്നു.

ഡോക്ടർ ആലിസ്സ് ഡ്റൈസ്സ്ഡെയിൽ വിക്കറി സന്താനനിയന്ത്രണ പ്രമേയത്തെപ്പററി ഇങ്ങനെ എഴുതുന്നു:—

അടിമത്വവിവാഹമാകുന്ന ശൃംഖലയാൽ ബദ്ധകളായ വനിതകൾ നമ്മുടെ ഇടയിൽ ധാരാളമാണ്. യാതൊരു നിയന്ത്രണവും ഇല്ലാതെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്കമൂലം ഈ മാതാക്കന്മാരുടെ ഓജസ്സും ശക്തിയും ക്ഷയിക്കുന്നു. ഈ ക്ഷയംമൂലം അംഗവൈകല്യവും ബുദ്ധിമാന്ദ്യവും സംഭവിച്ച സന്താനങ്ങൾ നാട്ടിൽ പെരുകുന്നു. ഇതുമൂലം രാഷ്ട്രീയമായ അധഃപതനവും വന്നുകൂടുന്നു

ഡോസൺപ്രഭു പറയുന്നതു്:—നമ്മുടെ സന്മാർഗ്ഗികവാദികളും പുരോഹിതപ്പരിഷയും സന്താനനിയന്ത്രണപ്രമേയം ആധുനികപരിഷ്കാരത്തിൻെറ ഒരനപേക്ഷണീയ ഭാവമാണെന്ന പരമാർത്ഥം ഗ്രഹിച്ചു, വൈദ്യോപദേശമനുസരിച്ചു മാത്രമേ നിയന്ത്രണം പാടുള്ളൂ എന്ന ശാഠ്യം ത്യജിച്ചു മാതാപിതാക്കന്മാരുടെ സാമ്പത്തികനിലയും മററു ചുററുപാടുകളുമനുസരിച്ചു സന്താനനിയന്ത്രണം ആചരിക്കേണ്ടതിൻെറ അത്യാവശ്യകതയെപ്പററി പ്രചരണവേല ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

മിസിസ്സ് ഫിലിപ്പ് സ്നോഡൻെറ അഭിപ്രായം:—അവമാനകരമായ പരിതഃസ്ഥിതിയിൽ ആർക്കും ആവശ്യമില്ലാത്ത സന്താനങ്ങളെ ജനിപ്പിച്ചുകൊള്ളണം സ്ത്രീകളെന്ന ആ നിർബന്ധത്തിൽപരം ഹീനമായ സദാചാരദൂഷ്യം വേറൊന്നില്ലതന്നെ.

ഡിൻഇൻജിൻെറ അഭിപ്രായം:—

ആർക്കും ഏതുമൊരാവശ്യമില്ലാത്ത സന്താനങ്ങളെ ജനിപ്പിച്ചതിൻെറശേഷം, ഗവമ്മെൻറ അവയ്ക്കു ഉണ്ണാനും ഉടുക്കാനും കൊടുത്തുകൊള്ളണമെന്നു വാദിക്കുന്ന ആ അവസ്ഥയുടെ ഉത്തരവാദിത്വം ദൈവത്തിൻെറമേൽ ചുമത്താവുന്നതല്ല. സന്താനനിയന്ത്രണത്തിൻെറ സാന്മാർഗ്ഗികത, അതിനു പ്രേരകമാകുന്ന ഉദ്ദേശത്തെ ആശ്രയിച്ചിരിക്കുന്നു. തൻെറ സന്താനങ്ങൾക്കും നാട്ടിനുംവേണ്ടി കഴിവുള്ളതെല്ലാം പ്രവർത്തിക്കുകയെന്നതാണു സൽപൌരലക്ഷണം. തൻെറ സന്താനങ്ങൾ കായികമായും മാനസികമായും ആരോഗ്യവാന്മാരായിരിക്കാൻ ഇടയില്ലെന്നോ, അഥവാ താനുൾപ്പെടുന്ന സമുദായവിഭാഗത്തിൽ കൂടുതൽ കുട്ടികൾക്കു സ്ഥാനമില്ലെന്നോ അവർ വിശ്വസിക്കുന്നെങ്കിൽ, ആ വിശ്വാസപ്രകാരം പ്രവർത്തിക്കുവാൻ അയാൾ ബാദ്ധ്യസ്ഥനാണ്. (ചി. യു)

——

## കർദിസ്ഥാനിലെ മുസ്ലീം വനിതകൾ

(പി. എം. രാമൻ)

—ഠ—

കർദിസ്ഥാൻ എന്നു പറയുന്നതു് തുർക്കി, ഇറാക്, ഇറാൻ ഈ രാജ്യങ്ങളുടെ ഇടയിൽ കിടക്കുന്ന ഒരു രാജ്യമാണ്. അവിടത്തെ ആളുകൾ പണ്ടത്തെ സൈറസ്, എക്സനോഫൻ, ജൂലിയസ്, ഹെർക്കുലീസ് ഇവരേപ്പോലുള്ളവരുടെ സന്താനപരമ്പരകളെന്നാണ് ഊഹിക്കപ്പെടുന്നതു്. അവരിൽ ഏററവും മഹാനായിരുന്നതു് സുൽത്താൻ സാലദീൻ ആണെന്നും ഒരു കാലത്തു് അദ്ദേഹത്തിന്റെ തലസ്ഥാനം യരുശ്ലേം ആയിരുന്നു എന്നും ചരിത്രം തെളിയിക്കുന്നു.

കർദിസ്ഥാൻ ദേശീയർ ധീരോദാത്തന്മാരും, വിദേശീയരോടു വളരെ ഔദാര്യമുള്ളവരും ആണ്. യജമാനന്മാർക്ക് വിശ്വസ്തരും ഉണ്ടചോററിനു ഉചിതം കാണിക്കുന്നവരുമാകുന്നു. മുസ്ലീമിങ്ങൾ സാധാരണ സ്ത്രീകളെ ബഹുമാനിക്കുന്നവരാണല്ലോ. ഇവർ അതിലും അധികമായി ബഹുമാനിക്കുന്നവരാണെന്നു പറയപ്പെടുന്നു. അവരുടെ അന്തസ്സും ബഹുമതിയും സ്ത്രീകളെ ആശ്രയിച്ചിരിക്കുന്നു. അവരുടെ ഇടയിൽ സ്ത്രീകൾക്കു പ്രത്യേക സ്ഥാനമാണുള്ളതു്. സ്ത്രീകളെ അന്തഃപ്പുരത്തിൽ അടച്ചിടുന്ന സമ്പ്രദായം അവരുടെ ഇടയിൽ ഇല്ല. അവർക്കു പുരുഷന്മാരേപ്പോലെ പുറമെ സഞ്ചരിക്കുന്നതിനും പുരുഷന്മാരോടു സംസാരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്. സ്ത്രീകൾ വെളുപ്പോ കറുപ്പോ നിറമുള്ള വസ്ത്രങ്ങൾ ധരിക്കയും തല മൂടിയിരിക്കയും പതിവാണ്.

ഗൃഹനായിക എന്ന നിലയിൽ ഭാര്യക്ക് ഭർത്താവിന്റെമേൽ വലിയ പ്രേരണാശക്തി ഉണ്ടു്. ഭർത്താവിനെ വിഡ്ഢിയാക്കാൻ ഭാര്യ അനുവദിക്കയില്ല. ഭർത്താവു് ഒരിക്കലും ഭാര്യയെ പേരുപറഞ്ഞു വിളിക്കാറില്ല. മൂത്ത മകന്റെയോ മകളുടെയോ അമ്മ എന്നാണ് പറയാറുള്ളതു്. സാധാരണ പുരുഷന്മാർ പുറമെ പണിഎടുക്കാൻ പോകും. കുലീനത്വമുള്ള ധനികന്മാർ അതിഥിമന്ദിരത്തിൽ കൂടിയിരുന്നു പുകവലിക്കയും വെടിപറഞ്ഞു രസിക്കയും ചെയ്യുന്നു. പാചകംചെയ്ക, വസ്ത്രം കഴുകുക, വെള്ളംകോരുക മുതലായ ജോലികൾ സ്ത്രീകളും ചെയ്യുന്നു. "അതിഥിമന്ദിരം" എന്നു പറയുന്നതു് നാട്ടുകാർകൂടി പണംഎടുത്തു് പണികഴിപ്പിക്കുന്ന ഗ്രാമമന്ദിരങ്ങളാണ്. ഗ്രാമത്തിലെ പ്രായമുള്ള പുരുഷന്മാർ വൈകുന്നേരം മന്ദിരത്തിൽ കൂടിയിരുന്നു വിളവുകളെപ്പററിയും അന്നന്നുള്ള ആവശ്യങ്ങളെ സംബന്ധിച്ചും വാദപ്രതിവാദം നടത്തി തീരുമാനിക്ക പതിവാണ്.

കുട്ടികൾ, ഏഴുവയസ്സു പ്രായമാകുന്നതുവരെയൊ അതിഥിമന്ദിരത്തിൽ പോകാൻ തക്കനിലയിലാകുന്നതുവരെയൊ അമ്മയുടെ പരിശീലനത്തിൽ തന്നെയിരിക്കുന്നു. അതിഥിമന്ദിരത്തിൽ വരുന്നവരെ സല്ക്കരിക്കുന്നതിനും ആഗതരാകുന്ന കുലീനന്മാരുടെ കൈ ചുംബിച്ചു് അവരെ സ്വീകരിക്കുന്നതിനും ചായയൊ കാഫിയൊ കൊടുക്കുന്നതിനും അവരെ ശീലിപ്പിക്കുന്നു. സ്കൂളുകൾ ഇല്ലാത്തതുകൊണ്ടു് അവരെ എഴുത്തുപഠിപ്പിക്കാൻ നിവൃത്തിയില്ല. മുല്ലാമാർ "ഖുറാൻ" പഠിപ്പിക്കുന്നുണ്ടു്. സംസാരിക്കുന്നതു പ്രത്യേക ഭാഷയാണ്. ഇതിനു തുർക്കി ഭാഷയോടൊ പേർഷ്യൻ ഭാഷയോടൊ യാതൊരു ബന്ധവുമില്ല. എത്ര വർഗ്ഗക്കാരുണ്ടോ അത്രയും ഭാഷകളുമുണ്ടു്. ഓരോ വർഗ്ഗക്കാരും ഓരോ ഭാഷയാണ് സംസാരിക്കുന്നതു്. അവർക്കു് എഴുത്തുഭാഷയില്ല. അതുകൊണ്ടു് സാഹിത്യവുമില്ല.

ഒരു സ്ത്രീക്ക് അവിടത്തെ നടപ്പും നിയമവുമനുസരിച്ചു് വർഗ്ഗത്തിന്റെയൊ ഗ്രാമത്തിന്റെയൊ അധിപയാകാം. വിവാഹവും മോചനവും സംബന്ധിച്ചുള്ള ചട്ടം മുഹമ്മദീയനിയമത്തെ ആസ്പദമാക്കിത്തന്നെയാണ്. വർഗ്ഗീയനിയമവുമുണ്ടു്. ഒരു പുരുഷനു നാലു ഭാര്യമാരെ വിവാഹംചെയ്വാൻ മുഹമ്മദീയനിയമം അനുവദിക്കുന്നുണ്ടെങ്കിലും അവർ സാധാരണ ഏകഭാര്യാവ്രതക്കാരാണ്. വിവാഹംമോചിപ്പിക്കണമെങ്കിൽ ഭർത്താവു ഭാര്യയ്ക്കു ഒരു ക്ലിപ്തകാലത്തേയ്ക്കു ചെലവിനുകൊടുക്കണമെന്നുണ്ടു്. ഗർഭിണിയാണെങ്കിൽ കൂടുതൽകാലത്തേക്കും കൊടുക്കണം. കുലീനസ്ത്രീയാണെങ്കിൽ വിവാഹകാലത്തുതന്നെ വേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കും. ഭർത്താവു ഭാര്യയെ ഉപേക്ഷിക്കേണ്ടതായിവരുകയൊ ഭാര്യയ്ക്കുമുമ്പെ മരിച്ചുപോകയോ ചെയ്താൽ അതിലേയ്ക്കും വേണ്ട കരാറുകൾ ചെയ്ക പതിവാണ്.

പഴയ ആചാരങ്ങളും നടപ്പും നിലവിലിരിക്കുന്ന ചിലദേശത്തു് ഭാര്യയെ വിലകൊടുത്തു വാങ്ങുകപതിവുണ്ടു്. ഉൽകൃഷ്ടവംശജയും സൗന്ദര്യവതിയുമായ ഒരു സ്ത്രീക്ക് 5000 രൂപയോളം കൊടുക്കേണ്ടതായി വരും. ഇതിനു പുറമെ ഭാര്യയുടെ അച്ഛനു് ഒരു മട്ടവും (ചെറിയ കുതിര) മററുചില സാമാനങ്ങളുംകൂടി കൊടുക്കണം. പണത്തിന്റെ സംഖ്യ സ്ത്രീയുടെ കുലീനത്വത്തേയും സൗന്ദര്യത്തേയും അനുസരിച്ചിരിക്കും. സാധാരണ ഈ പണം കിട്ടുന്നതു് അച്ഛനോ സഹോദരനോ ആയിരിക്കും. സൗന്ദര്യവതിയായ ഒരു സ്ത്രീ അവൾ ജനിച്ച കുടുംബത്തിനു വലിയ സമ്പാദ്യത്തിനുള്ള ഒരു മാർഗ്ഗമാണ്.

ദുർന്നടപ്പോ, ദുർന്നടപ്പുണ്ടെന്നു സംശയിക്കാൻ തക്കകാരണങ്ങളൊ ഉണ്ടെന്നുകണ്ടാൽ സ്ത്രീയുടെ ജീവഹാനി വരുമെന്നുള്ളതു് നിശ്ചയമാണ്. നിയമം അത്രയ്ക്കു കർക്കശമാണ്. അതിനു ഹേതുവായ ആൾ ആരായിരുന്നാലും അവന്റെ സ്ഥാനബഹുമാനാദികൾ എല്ലാവും അതോടുകൂടി നശിച്ചുപോകുന്നതാണ്. ചിലപ്പോൾ ഇതിലേക്കു ആളുകളെ വധിക്കയും ചെയ്യാറുണ്ടു്. ശിക്ഷയിൽനിന്നു രക്ഷപ്രാപിക്കുന്നതു വളരെ അപൂർവ്വമാണ്. കർദിസ്ഥാനിലെ കുഴപ്പങ്ങൾക്കും വിഷമതകൾക്കും കാരണഭൂതകൾ സ്ത്രീകളാണ്. കാമിനിമാർ മൂലമുള്ള ആപത്തുകൾ അസംഖ്യങ്ങളാണ്. ഒരു കുടുംബത്തിന്റെ അന്തസ്സും അവസ്ഥയും അതിലെ സ്ത്രീകളെ ആശ്രയിച്ചിരിക്കുന്നു. (സചിവൻ)

---

## മി. സുബാഷ് ചന്ദ്രബോസ്

വിയന്നാക്കാരി ഫ്റാൻ നഹഡിഫുളപ്പ് ഒരു ലേഖനത്തിൽ മി. സുബാഷ് ചന്ദ്രബോസിനെപ്പററി ഇപ്രകാരം പറയുന്നു



സുബാഷ് ചന്ദ്രബോസ്

"തീരെ മെലിഞ്ഞ ഒരു സുഖക്കേടുകാരനായിട്ടാണ് മി. സുബാഷ് ചന്ദ്രബോസ് വിയന്നായിൽ വന്നതു്. അദ്ദേഹം സദാ കിടപ്പിലായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ചുററും ആരാധകന്മാർ കൂടുകയും, രാജ്യതന്ത്രത്തെപ്പററി സംസാരിക്കാൻ ഒരുങ്ങുകയും ചെയ്യുന്നതോടുകൂടി അദ്ദേഹത്തിന്റെ വികാരവും ശക്തിയും വിജൃംഭിക്കും; ബലിഷ്ഠഗാത്രനും ഊർജ്ജസ്വലനുമായ ഒരു പുരുഷനെപ്പോലെ അദ്ദേഹം ചാടിയെഴുന്നേൽക്കും. അതു അദ്ദേഹത്തിന്റെ ദുർബ്ബലമായ ശരീരത്തിനു വലിയ തളർച്ച ഉളവാക്കും, വേദനകൊണ്ടു പുളഞ്ഞു അദ്ദേഹം പെട്ടെന്നു കിടക്കയിൽ വീഴും. അദ്ദേഹത്തിന്റെ ശരീരം ക്ഷീണിച്ചിരുന്നു എങ്കിലും തലച്ചോറ് ആരോഗ്യംകൊണ്ടു പുളച്ചിരുന്നു. അദ്ദേഹത്തിന്റെ കുലീനമായ പൌരുഷവും അഗാധമായ പാണ്ഡിത്യവും ഞങ്ങളുടെ താല്പര്യത്തെ ഉണർത്തി. അദ്ദേഹത്തിന്റെ രോഗംനിമിത്തം ഇന്ത്യയിൽനിന്നു ഞങ്ങൾക്കു മഹാനായ ഒരു രാഷ്ട്രീയദൂതനെ ലഭിച്ചു; ഇന്ത്യയെ യൂറോപ്പിനോടു കൂടുതൽ അടുപ്പിച്ചു. 'ഇന്ത്യൻസമരങ്ങൾ' എന്ന അദ്ദേഹത്തിന്റെ പുസ്തകം പല യൂറോപ്യന്മാരും വായിച്ചിട്ടുണ്ടു്. അതുവരെ യൂറോപ്പിൽ അജ്ഞാതമായിരുന്ന ഇന്ത്യൻ കാര്യങ്ങളെപ്പററി പല വിവരങ്ങളും അതു ഞങ്ങൾക്കു നൽകി. അദ്ദേഹത്തിന്റെ ഭാവി രാഷ്ട്രീയ പ്രവർത്തനങ്ങളെ ഞങ്ങൾ പ്രതിപാലനം ചെയ്യുകയാണ്.

---

## അറിയിപ്പ്

ലേഖനങ്ങൾ മാററപ്പത്രങ്ങൾ മുതലായവ പത്രാധിപർ, നവജീവൻ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിലും പത്രത്തിനും ഏജൻസിയ്ക്കും ഉള്ള അപേക്ഷകൾ, തൽസംബന്ധമായ മണിയാർഡറുകൾ മുതലായവ മാനേജർ, കൗമുദി (Sole Agents for Navajeevan) തിരുവനന്തപുരം എന്ന മേൽവിലാസത്തിലും അയച്ചിരിക്കേണ്ടതാണ്.

മാനേജർ,
നവജീവൻ

# യുദ്ധം ചക്രവാളത്തിൽ

കഴിഞ്ഞ ഏതാനുംമാസങ്ങളായി ജപ്പാൻകാർ ചൈനയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭീകരപ്രവൎത്തനങ്ങൾ കണ്ടുകൊണ്ട് പരിഷ്കൃതലോകം പരിഭ്രാന്തരായി കഴിഞ്ഞുകൂടുകയാണ് ചെയ്യുന്നതു്. അഭിനവങ്ങളും സുന്ദരങ്ങളുമായ ഷാംഹേ നാങ്കിംഗ്ഗ് മുതലായ




മുസ്സോളിനി

വിശിഷ്ടപട്ടണങ്ങൾ, ആകാശമാൎഗ്ഗേണ വൎഷിക്കപ്പെടുന്ന നാശോന്മുഖമായ തീക്കുടുക്കകളാൽ നാമാവശേഷമാക്കപ്പെട്ടിരിക്കുന്നു.

ജപ്പാന്റെ ദൃഷ്ടിയിൽക്കൂടി നോക്കിയാൽ ഇന്നത്തെ ഈ സൈനികപ്രവൎത്തനങ്ങൾ അപരിത്യാജ്യങ്ങളെന്നു തോന്നാം. സാമ്പത്തികപ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ, കഴിഞ്ഞ ഏഴുവൎഷക്കാലമായി ഏതാദൃശമായ ഒരു ഞെരുക്കം പ്രത്യക്ഷമായി തീൎന്നിരുന്ന ആ രാജ്യത്തു് പരിഹാരമാൎഗ്ഗങ്ങൾ തേടുന്നതിനുള്ള അഭിനിവേശത്തിന്റെ ആന്തരമായ തള്ളൽ അന്നമറിക്കുവാൻ തയ്യാറായി സ്ഥിതിചെയ്തിരുന്നു എന്നു കാണുവാൻ വിഷമമില്ല. ആധുനികജപ്പാനെ പല വിഷമപ്രശ്നങ്ങളും തുറിച്ചുനോക്കുന്നു. ജപ്പാൻസാമാനങ്ങൾക്കു വിദേശരാജ്യങ്ങളിൽ ചുമത്തപ്പെടുന്ന ക്രമാതീതമായ തീരുവ, അസംസ്കൃതസാധനങ്ങൾക്കു ഏറിയേറിവരുന്ന വിലക്കൂടുതൽ മുതലായവ, വിദേശരാജ്യങ്ങളെ ആശ്രയിച്ചുമാത്രം ലാഭനഷ്ടങ്ങളുടെ വക്കിൽ സ്ഥിതിചെയ്യുന്ന ജപ്പാനിലെ ഉല്പാദകന്മാരെ വിഷമിപ്പിച്ചുകൊണ്ടുതന്നെ ഇരുന്നു. ഈ ദുർഘട പരിതസ്ഥിതിയിൽ, വിശേഷിച്ചും പാശ്ചാത്യരാജ്യങ്ങളിൽ ഗുരുതരമായ തീരുവകോട്ടകൾ നിൎമ്മിച്ചു ജപ്പാന്റെ പ്രവേശത്തെ നിരോധിക്കുകയും സാമ്യാവസ്ഥയില്ലാത്ത കച്ചവട ഉടമ്പടികൾ ഉണ്ടാക്കി ജപ്പാനെ കുഴപ്പത്തിലാക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, അയൽരാജ്യത്തുള്ള വിപണികളെ അവസാനക്കൈയായി ചൂഷണംചെയ്യുകയല്ലാതെ ജപ്പാനു ഗത്യന്തരമില്ലെന്നു വന്നുകൂടി. ഒന്നുകിൽ അപരിഹാൎയ്യമായ സാമ്പത്തികനാശം ഇല്ലെങ്കിൽ ജീവിതമത്സരത്തിൽ വിജയം പ്രാപിക്കുന്നതിനുവേണ്ടി യുദ്ധം—രണ്ടിലൊന്നു സ്വീകരിക്കുവാൻ ജപ്പാൻ നിർബന്ധിതയായി. അനേക തലമുറകളായി കെട്ടിപ്പടുത്ത ഫലഭൂയിഷ്ടവും, അതിസുന്ദരവും, സംസ്കാരപരവുമായ ഒരു നാഗരീകത്വത്തെ ഭൂഗോളത്തുനിന്നും നിർദ്ദയം നിൎമ്മാജ്ജനം ചെയ്യുന്നതിനുള്ള പൂൎണ്ണാനുമതിയോടുകൂടി സുശക്തമായ ഒരു കപ്പിണിയെ ജപ്പാൻ ചൈനയിലേക്കു ഇളക്കിവിട്ടു.

കാലം ഇനിയും വൈകിയിട്ടില്ല. ബ്രിട്ടനും അമേരിക്കയും സുശക്തമായ ഒരു നിലകൈക്കൊള്ളുകയും ജപ്പാന്റെ സാമ്രാജ്യദുർമ്മോഹത്തെ പ്രതിഷേധിക്കുകയും ചെയ്താൽ ഇനിയും ജപ്പാൻ പിന്തിരിഞ്ഞു എന്നുവന്നേക്കാം. എന്നാൽ മഹൽശക്തികൾ ആത്മാൎത്ഥമായി പരിശ്രമിക്കുവാൻ ഭാവമുണ്ടെന്നു തോന്നുന്നില്ല. അവയിൽ ഒന്നുംതന്നെ നിരോധനത്തിനു നായകത്വം വഹിക്കുവാൻ തയ്യാറായി മുമ്പോട്ടു വരുന്നില്ല. അമേരിക്ക ഏകയായി പ്രവൎത്തിക്കുവാൻ തയ്യാറില്ല. ബ്രിട്ടനാകട്ടെ യൂറോപ്പിലെ ഗുരുതരങ്ങളായ രാഷ്ട്രീയപരിവൎത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷണം ചെയ്തുകൊണ്ടു് ഇരിക്കുന്നതേയുള്ളു. ഈ തക്കംനോക്കി ജപ്പാൻ വിജയഭേരി മുഴക്കിക്കൊണ്ടു് ചൈനായുടെ ഉൾപ്രദേശങ്ങളിലേക്കു ഇരച്ചുകയറുന്നു. എന്നാൽ ചൈനയാകട്ടെ, സഞ്ചാരസൗകൎയ്യം കുറവായ ഉൾപ്രദേശങ്ങളിലേക്കു കടക്കുമ്പോൾ ജപ്പാന്റെ സമരസാമൎത്ഥ്യം അസ്തമിക്കുമെന്നും 'വാനരയുദ്ധം'കൊണ്ടു് ജപ്പാനെ പിന്തിരിക്കുവാനോ ഒരുപക്ഷെ നാമാവശേഷമാക്കുവാനോ സാധിക്കുമെന്നും ഉള്ള വ്യാമോഹത്തിൽപെട്ടു പുറന്നോട്ടു നീങ്ങിക്കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അഥവാ പുറമെ നിന്നുമുള്ള സഹായം ഇതിനകം ഉണ്ടാവുകയും സംഗതികൾക്കു അയവു വരുമെന്നും ചൈനാ വിശ്വസിക്കുന്നുണ്ടാവാം.



ജനറൽഫ്രാങ്കോ

പൂൎവ്വപ്രദേശങ്ങളെ വിട്ടിട്ടു നമുക്കു യൂറോപ്പിലേക്കു കടന്നു അവിടത്തെ സ്ഥിതി എന്തെന്നു പരിശോധിക്കാം. സമാധാനത്തിന്റെ ലക്ഷണങ്ങൾ വളരെ വിരളമായി മാത്രമെ നാം അവിടെ കാണുന്നുള്ളു. ബ്രിട്ടനും ഫ്രാൻസും സ്പെയിനിലെ ദേശഭക്തന്മാരെ അവരുടെ വിധിക്കു വിട്ടുകഴിഞ്ഞു. ഇററലിയാകട്ടെ, സമഷ്ടിവാദത്തിനെതിരായി നിലകൊള്ളുന്നു എന്നു പറയപ്പെടുന്ന ജൎമ്മൻ-ജപ്പാൻ കൂട്ടുകെട്ടിൽ സന്ധിച്ചു കഴിഞ്ഞിരിക്കുന്നു. ഈ സമഷ്ടിവാദ വിദ്വേഷഭാവനയോ, അക്രമ വമ്പു്, നയോപായം മുതലായ ഉപാധികൾകൊണ്ടു് സാമ്രാജ്യദുർമ്മോഹം ഫലപ്രദമാക്കി തീൎക്കുവാനുപയുക്തമായ ചിത്രങ്ങൾ വരക്കുവാനുള്ള ചുവരുകൾ മാത്രമാകുന്നു.

ജൎമ്മനിയെ അഭിമുഖീകരിച്ചിരിക്കുന്ന ആഭ്യന്തരമായ സാമ്പത്തികക്കുഴപ്പം ഏററവും അപകടകരമായ നിലയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു വൈദേശിക യുദ്ധമൊ ആഭ്യന്തര വിപ്ലവമോ അവിടെ അത്യാസന്നമാണ്. രണ്ടിലൊരു പന്ഥാവിനെ ശരണംപ്രാപിക്കാ



നെവിൽ ചേംബർലെയിൻ

തെ ജൎമ്മനിക്കു ഗത്യന്തരമില്ല. ആധുനികജൎമ്മനി ഉപനിവേശരാജ്യങ്ങളെ അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു. പഴയ കാളനികൾ തിരിച്ചുകിട്ടണമെന്നുള്ള ജൎമ്മനിയുടെ അവകാശവാദത്തെ ഇററലി പരസ്യമായി പിന്താങ്ങുന്നു. സംഭ്രമജനകമായ വേഗതയോടുകൂടി ഒരു മഹാസമരത്തിനു വേണ്ട ഒരുക്കങ്ങളാണ് ജൎമ്മനി ചെയ്തുവരുന്നതു്. ഒരു വെടിപോലും പൊട്ടിക്കാതേയും ഒരുതുള്ളി രക്തംപോലും ചിന്താതേയും ജൎമ്മനി ആസ്ത്രീയാ പിടിച്ചടക്കി. ഡാൻസിംഗ്, ചെക്കോ സ്ലോവേക്കിയ മുതലായ മദ്ധ്യയൂറോപ്യൻ രാജ്യങ്ങൾ താമസംവിനാ ആസ്ത്രീയായെ അനുഗമിക്കും. മദ്ധ്യയൂറോപ്പിലോ പശ്ചിമ യൂറോപ്പിലോ സംഭവിച്ചേക്കാവുന്ന ഒരു യുദ്ധത്തിൽ ഫ്രാൻസും ബ്രിട്ടനും നിഷ്പക്ഷനില പാലിക്കുമെന്നു ജൎമ്മനിക്കു ഉറപ്പുകിട്ടുന്നപക്ഷം താമസംവിനാ ജൎമ്മനി യുദ്ധം പ്രഖ്യാപനം ചെയ്യുന്നതാണ്. ഫ്രാൻസുകൂടി റഷ്യയോടു ചേരുകയും ബ്രിട്ടൺ മാത്രം നിഷ്പക്ഷനില പാലിക്കുകയും ചെയ്താൽമതി, ജൎമ്മനി യുദ്ധത്തിനു സന്നദ്ധയായി മുമ്പോട്ടു കുതിക്കുകതന്നെ ചെയ്യും.

ഏററവും ഗുരുതരമായ ഈ വിപൽസന്ധിയിൽ, സുശക്തവും സ്വാതന്ത്ര്യവുമായ സകല മഹാരാഷ്ട്രങ്ങളും പുനരായുധീകരണം ഏററവും ശീഘ്രതരമായി, ഉഗ്രമായി സാധിച്ചുകൊണ്ടിരിക്കുന്നതോൎത്താൽ നാശോന്മുഖമായ ഒരു ലോകമഹായുദ്ധം വിദൂരഭാവനയിൽ മാത്രം സ്ഥിതിചെയ്യുന്ന ഒരു സംഭവ്യവസ്തുതയല്ലെന്നു ഖണ്ഡിതമായി പറയുവാൻ വലിയ പ്രവചനപടുത്വം ആവശ്യമില്ല.

ഇൻഡ്യയുടെ കിടപ്പു്, സമ്പൽസമൃദ്ധി, ശത്രുവിനെ സ്വയം എതിൎത്തുനില്ക്കുവാനുള്ള അപ്രാപ്തി മുതലായവ പരിഗണിക്കുമ്പോൾ ചക്രവാളത്തിൽ സ്ഥിതിചെയ്യുന്ന ഈ ലോകമഹായുദ്ധത്തിൽ ഇൻഡ്യയുടെ നില ഏററവും അപകടകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

——

# ജപ്പാന്റെ വെല്ലുവിളി

ഇൻഡ്യയേയും പൂർവ്വപ്രാന്തപ്രദേശങ്ങളിലും പാസിഫിക്സമുദ്രത്തിലും ഉള്ള ബ്രിട്ടന്റെ സ്ഥാപിതതാല്പര്യങ്ങളേയും, ജപ്പാന്റെ വൎദ്ധമാനമായ സൈനികശക്തിയിൽനിന്നു സംരക്ഷിക്കാനായിട്ടാണ് സിംഗപ്പൂർ നാവികസങ്കേതം പണിക്കുറതീൎത്ത് ഈയിടെ ഉൽഘാടനംചെയ്തത്. രണ്ടുകോടി പവൻ ചിലവാക്കി പതിനേഴുകൊല്ലംകൊണ്ടു പണിചെയ്ത ഈ നാവികസങ്കേതത്തിൽ 150 ടൺ വീതം ഭാരമുള്ള അനേകം പീരങ്കികളും 27 ചതുരശ്രമൈൽ ആയോധനസാമഗ്രികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, പടക്കപ്പലുകൾക്കും വിമാനങ്ങൾക്കും കരസൈന്യത്തിനും ആവശ്യമായ സുരക്ഷിതമായ താവളങ്ങളും നിൎമ്മിക്കപ്പെട്ടിട്ടുണ്ട്. ഈ നാവികസങ്കേതം ഹാളൻഡിന്റേയും അമേരിക്കായുടേയും താല്പൎയ്യങ്ങളെ സംരക്ഷിക്കാനും കൂടി ഉപയോഗപ്പെടുത്തുമെന്നാണ് അറിയുന്നത്. ഇത് ആസ്ത്രേലിയായുടെ രക്ഷയ്ക്കും കൂടി ഉപയോഗപ്പെടുന്നതാണ്. കൂടാതെ സിലോണിന്റെ പൂർവ്വതീരത്തിലുള്ള ട്രിൻകോമാലിയേയും ഒരു നാവികസംകേതമാക്കി ഉറപ്പിച്ചിരിക്കുന്നു.

ഇങ്ങനെ ഇൻഡ്യാ, സിലോൺ, ബൎമ്മാ, ആസ്ത്രേലിയ ഈ രാജ്യങ്ങളുടെ രക്ഷയ്ക്കായി നാവികസങ്കേതങ്ങൾ ഏൎപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള ഗുണം ഉണ്ടാകാനിടയുണ്ടോ എന്നുള്ളതാണ് ഇപ്പോഴത്തെ സംശയം.

1938 ജനുവരി 31-ാനു- മുതൽ ഫെബ്രുവരി 5-ാം- വരെ സിംഗപ്പൂരിൽവച്ച്, നാവികസംകേതോൽഘാടനം സംബന്ധിച്ച നാവികപ്രകടനങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ, സിംഗപ്പൂരിൽനിന്ന് 700 നാഴികവടക്ക് സയാംരാജ്യത്തിലെ 33 മൈൽ വീതിയുള്ള ക്രാ എന്ന കരയിടുക്ക് ഒരു ജലസന്ധിയായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ, ജപ്പാൻ സൈനികോദ്യോഗസ്ഥന്മാരുടെ ശിക്ഷണത്തിലും നിയന്ത്രണത്തിലുമുള്ള സയാം സൈന്യത്തിന്റെ പരിരക്ഷണത്തിലും സൂക്ഷിപ്പിലും വളരെ രഹസ്യമായി നടന്നുവരികയായിരുന്നു. ഇതിന്റെ പണി രണ്ടോ നാലോ കൊല്ലങ്ങൾക്കകം മിക്കവാറും സിംഗപ്പൂർ നാവികസങ്കേതത്തിന്റെ പണി പൂൎത്തിയാകുന്നതോടുകൂടിത്തന്നെ പൂൎത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. യൂറോപ്യൻരാജ്യക്കാൎക്കും അമേരിക്കൎക്കും ഒരുപോലെ അജ്ഞാതവും, സംഭ്രമജനകവും ഭീകരവും ആയ സയാമിനു കുറുക്കെയുള്ള ഈ പുതിയ ജലമാൎഗ്ഗം സയാം ഉൾക്കടലിൽനിന്ന് ബംഗാൾ ഉൾക്കടലിലേക്കും ബൎമ്മാ, ഇൻഡ്യാ, എന്നീരാജ്യങ്ങളിലേക്കും, യൂറോപ്പു ഭൂഖണ്ഡത്തിലേക്കും ഉള്ള ഒരു കുറുക്കുവഴിയായിത്തീരുന്നതാണ്. എന്നു മാത്രമല്ല, ഇത് കിഴക്കൻ ജിബ്രാൾട്ടർ എന്നു അറിയപ്പെടുന്നതും പുതിയ നാവികസങ്കേതവുമായ സിംഗപ്പൂർ നാവികസംകേതത്തേയും അവിടെ സ്ഥാപിച്ചിട്ടുള്ള പീരങ്കികളേയും മററ് ആയോധനസാമഗ്രികളേയും ഉപയോഗശൂന്യമാക്കിത്തീൎക്കുന്നതും, ബ്രിട്ടീഷുകാൎക്ക് കിഴക്കൻപ്രദേശങ്ങളിലുള്ള ആധിപത്യത്തിനും, ഫ്രെഞ്ചുകാൎക്ക് ഇൻഡൊചൈനയിലും ഡച്ചുകാൎക്കു ഈസ്റ്റിൻഡീസിലുംഉള്ള നിയന്ത്രണത്തിനും കോടാലിയായിത്തീരുന്നതും ആകുന്നു. ഈ ക്രാ ക്യനാൽ അഥവാ സയാംതോടു പൂൎത്തിയാകുമ്പോൾ മഞ്ഞനിറക്കാരുടെമേൽ വെള്ളക്കാൎക്കുള്ള ആധിപത്യം അപ്രത്യക്ഷമാകുകയും വെള്ളക്കാരുടെ വാണിജ്യതാല്പര്യങ്ങൾ ജപ്പാന്റെ ശക്തിപ്രചുരിമയിൽ അസ്തംഗതമാകുകയുംചെയ്യും. വെള്ളക്കാരെ ഏഷ്യയിൽനിന്ന് ഓടിക്കാമെങ്കിൽ മഞ്ഞനിറക്കാൎക്ക് ഏഷ്യയിൽ സൎവ്വാധിപത്യം കരസ്ഥമാക്കാവുന്നതാണ്. ജപ്പാന്റെ സാമ്പത്തികശക്തി എത്രത്തോളമാണെന്ന് വെള്ളക്കാൎക്ക് ഊഹിക്കാൻപോലും കഴിയുകയില്ല.

ക്രാ ക്യനാൽ ഗതാഗതത്തിനായി തുറക്കപ്പെട്ടുമ്പോൾ, കടൽസൈന്യത്തിന്റെ ഗതാഗതത്തിനുള്ള മാൎഗ്ഗം എന്നനിലയിലൊ വാണിജ്യമാൎഗ്ഗം എന്നനിലയിലൊ ഉള്ള അതിന്റെ പ്രാധാന്യം സൂയസ്തോടിന്റെയൊ പനാമത്തോടിന്റെയൊ പ്രാധാന്യത്തെക്കാൾ ഒട്ടും കുറഞ്ഞതരത്തിലായിരിക്കയില്ല. സിംഗപ്പൂരിന്റേയും സുമാട്രായുടേയും ഇടയിൽകൂടിയുള്ള ഇപ്പോഴത്തെ ജലമാൎഗ്ഗം ബ്രിട്ടന്റെ പീരങ്കികളുടേയും വലിയ തോക്കുകളുടേയും ലക്ഷ്യത്തിന്റെ പരിധികൾക്കുള്ളിലായിട്ടാണ് സ്ഥിതിചെയ്യുന്നത്. എന്നാൽ ഈ പുതിയ ജലമാൎഗ്ഗത്തിന്റെ കാൎയ്യത്തിൽ അങ്ങനെ ഒരു ആശങ്കയ്ക്കു അവകാശമില്ല. കൂടാതെ, വാണിജ്യപരമായിത്തന്നെയും ഈ പുതിയമാൎഗ്ഗം 1200 മൈൽ ലാഭപ്പെടുത്തുന്നുണ്ട്. ഈ അവസരത്തിൽ, ഇംഗ്ലണ്ടിനെ അപേക്ഷിച്ച് ജപ്പാൻ ഇൻഡ്യയിൽനിന്നു വളരെ അകലെയാണ് സ്ഥിതിചെയ്യുന്നതെന്നുള്ള ഇൻഡ്യൻ രാഷ്ട്രീയനേതാക്കന്മാരുടെ അഭിപ്രായവും സ്മരണീയമാണ്. സയാംതോടിന്റെ പണിപൂൎത്തിയാകുന്നതോടുകൂടി ഇൻഡ്യയെ അപേക്ഷിച്ചുള്ള ഇംഗ്ലണ്ടിന്റേയും ജപ്പാന്റേയും അകൽചയ്ക്കു സാരമായ വ്യത്യാസം ഉണ്ടാവുകയും ചെയ്യും.

ഇങ്ങനെ ഒരു തോടുവെട്ടുന്നതിന്റെ സാദ്ധ്യതയെപ്പററി ആദ്യമായി ലോകത്തെ അറിയിച്ചത് സൂയസ്തോടിന്റെ ജനയിതാവും നിൎമ്മാതാവും ആയ ഫെർഡിനാൻഡ് ഡി ലെസപ്സ് എന്ന ഫ്രെഞ്ച് എൻജിനീയർതന്നെ ആയിരുന്നു. പക്ഷേ, ആ പണി ഇപ്പോൾ ജപ്പാൻകാർ നടത്തുന്നു. ആസന്നമായിരിക്കുന്ന യുദ്ധത്തിനുള്ള സജ്ജീകരണങ്ങളിൽവച്ചു ഏററവും പ്രധാനമായിട്ടുള്ളത് ഈ തോടിന്റെ പണിയാണ്. ഇത് പൂൎത്തിയാകുമ്പോൾ ബ്രിട്ടീഷ്സാമ്രാജ്യശക്തിയുടെ സ്ഥിതി എന്തായിത്തീരുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ഇതിന് ഒരു രക്ഷാമാൎഗ്ഗമായി ഇപ്പോൾ കാണുന്നത് ബൎമ്മയുടെ തെക്കേഅററത്തു ആൻഡമാൻ ദ്വീപിലുള്ള പോർട്ട്ബ്ളെയറിലും, നിക്കോബാർദ്വീപിലും ഓരോവിമാനസങ്കേതങ്ങൾ പണികഴിപ്പിക്കുകയെന്നുള്ളതുമാത്രമാണ്.

---

# സംഗീതം

(സീ. കെ. ഗൌരിക്കുട്ടി)

സംഗീതസാഹിത്യങ്ങൾ സുകുമാരകലകളിൽ അഗ്രിമസ്ഥാനം വഹിക്കുന്നവയാണല്ലൊ. നമ്മുടെ ഇടയിൽ സാഹിത്യത്തിനു വന്നിട്ടുള്ള അഭിവൃദ്ധി സംഗീതത്തിനു ഇതുവരെ വന്നിട്ടില്ലെന്നു ആരും സമ്മതിക്കുന്നതാണ്. സ്കൂളുകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെവേറെ ഏൎപ്പാടുചെയ്തിട്ടുണ്ടെങ്കിലും സംഗീതം പെൺപള്ളിക്കൂടങ്ങളിൽ മാത്രമെ ഗവൎമ്മെൻറിപ്പോൾ ഏൎപ്പാടുചെയ്തിട്ടുള്ളു. സംഗീതജ്ഞാനം സ്ത്രീകൾക്കുമാത്രം മതിയെന്നു വിദ്യാഭ്യാസപ്രവൎത്തകന്മാർ തീരുമാനിച്ചതു കുഞ്ഞുങ്ങളെ താരാട്ടി ഉറക്കുവാൻ അവൎക്കുള്ള ചുമതല ശരിയായി നിൎവ്വഹിക്കുവാൻ വേണ്ടിയാണോ എന്നറിഞ്ഞില്ല. സ്ത്രീകളുടെ കണ്ഠത്തിനു ശ്രവണമാധുൎയ്യം കൂടുമെങ്കിലും സംഗീതവിദ്യയിൽ അധികമായ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവർ എവിടെയും പുരുഷന്മാരാണ്. ഒരു മരുന്നും അറിഞ്ഞുകൂടാത്ത മനുഷ്യരില്ലെന്നു പറയുംപോലെ പാട്ടുപാടാറ്റെന്നു പാടാത്ത കഴുതയും ഇല്ല. എല്ലാവൎക്കും ഏതെങ്കിലും പാട്ടിന്റെ മട്ടിൽ ഒന്നു മൂളിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടെങ്കിലും ദുൎല്ലഭം ചിലൎക്കു മാത്രമെ ശരിയായിട്ടൊന്നു മൂളുവാൻ സാധിക്കയുള്ളു. സാഹിത്യമെന്നപോലെ തന്നെ ജന്മസിദ്ധമായ വാസനയും ശാസ്ത്രീയമായ ചിരകാലപരിശ്രമവുംകൊണ്ടു സ്വാധീനമാക്കേണ്ട ഒരു വലിയ കലാവിദ്യയാണു സംഗീതം. ഒരാൾക്കു മററാരുടെയും സഹായം കൂടാതെ ഒററയ്ക്കിരുന്നു വിനോദിക്കുവാനും ദുരാലോചനകളിൽ മനസ്സിനെ വ്യാപരിപ്പിക്കാതിരിക്കുവാനും സംഗീതത്തെപ്പോലെ സഹായമായിരിക്കുന്ന ഒരു കലാവിദ്യ വേറെയില്ലതന്നെ. എത്ര നെട്ടിപിടിച്ചു കരയുന്ന കുഞ്ഞും എത്ര ക്ലേശകരമായ ജോലിയിൽ ഏൎപ്പെട്ടിരിക്കുന്നവരും സംഗീതംകൊണ്ടു ആശ്വസ്തരാകുമെന്നു നമുക്കറിയാമല്ലൊ. സംഗീതം ശരിയായി അഭ്യസിച്ചിട്ടുള്ള ജനസമുദായത്തെ മാത്രമെ പരിഷ്കൃത ജനസമുദായമെന്നു ഗണിക്കുവാൻ നിവൃത്തിയുള്ളു. ശബ്ദത്തിൽനിന്നാണു ഗുണബ്രഹ്മമായ ഈ പ്രപഞ്ചത്തിന്റെ തന്നെ ഉല്പത്തിയെന്നുള്ള തത്വം ഓൎക്കുമ്പോൾ ശബ്ദപ്രപഞ്ചമായ സംഗീതത്തിന്റെ മാഹാത്മ്യം ഊഹിക്കാവുന്നതാണ്. ദേശീയം, സോമാനം എന്നിങ്ങനെ സംഗീതത്തിനു ചില വിഭാഗങ്ങൾ ഉള്ളതായി നാം കേൾക്കുന്നുണ്ടെങ്കിലും സംഗീത ശാസ്ത്രസംബന്ധമായി ചില പുസ്തകങ്ങൾ കാണുന്നുണ്ടെങ്കിലും ആദിമകാലത്തെ സംഗീതരീതി മുതൽ ഇന്നുവരെ ദേശഭേദമനുസരിച്ചു അതിനുണ്ടായിട്ടുള്ള പരിവൎത്തന ഭേദങ്ങളെക്കുറിച്ചു ശരിയായ ഒരു ഗവേഷണം ശാസ്ത്രീയമായ രീതിയിൽ ഇതേവരെ നമ്മളിലാരും നടത്തിയിട്ടില്ലതന്നെ. ഒരു നല്ല സംഗീത പാഠശാലപോലും തിരുവിതാംകൂറിൽ ഇതേവരെ ഉണ്ടായിട്ടില്ല. നല്ലപോലെ സംഗീതം അഭ്യസിക്കണമെന്നു താല്പൎയ്യമുള്ള തിരുവിതാംകൂർകാർ തഞ്ചാവൂരിലൊ, കുംഭകോണത്തൊ ഓടുകയാണു ഇപ്പോൾ ചെയ്യുന്നത്. വീണ, ഫിഡിൽ, ഹാൎമ്മോണിയം,

# സിംഹളന്മാരും ബുദ്ധമുനിയും

കെ. രാഘവൻ ബി. എ.

മലയാളരാജ്യക്കാരായ തീയ്യരും ഈഴവരും സിംഹളദ്വീപിൽനിന്ന് ഇവിടെ കുടിയേറിയ സിംഹളന്മാരുടെ സന്താനങ്ങളാണെന്നാണല്ലോ ഐതിഹ്യം. സിംഹളദ്വീപിലെ സിംഹളന്മാരെല്ലാവരും ഇപ്പോൾ ബുദ്ധമതക്കാരല്ലെങ്കിലും അവരിൽ ഭൂരിഭാഗക്കാരും ബുദ്ധമതക്കാരാണ്. ബുദ്ധമതക്കാരായ സിംഹളന്മാരുടെ സംഖ്യ ഇരുപത്തഞ്ചുലക്ഷമെന്നാണ് കാണുന്നത്. മലയാളരാജ്യത്തെ തീയ്യന്മാരുടെ (സിംഹളരുടെ) സംഖ്യയും ഇരുപത്തഞ്ചുലക്ഷമായിരിക്കും. വില്ലവരും സിംഹളദ്വീപിൽനിന്ന് വന്നവരെന്നാണല്ലോ ഐതിഹ്യം. അവരെ തുളുത്തീയരെന്നും പറഞ്ഞുവരാറുണ്ട്. തെക്കൻതിരുവിതാംകൂറിലെ വേഷവും ഭാഷയുംതന്നെ മുഴുവൻ മാറിയിട്ടില്ലാത്ത പാണ്ടിഈഴവരെക്കൂടി സഹോദരന്മാരായി ഗണിച്ച് സമുദായത്തിൽചേർക്കാൻ ഈഴവർക്ക് സാധിച്ചിരിക്കേ തുളുത്തീയരെക്കൂടി സ്വസമുദായത്തിൽ ചേർത്ത് സഹോദരഭാവേന അവരോട് സഹകരിക്കുവാൻ മലബാറിലെ തീയ്യർക്ക് എന്തുകൊണ്ട് കഴിയുന്നില്ല എന്നുള്ളത് തിരുവിതാംകൂറിലെ ഈഴവർക്ക് ഒരു ആശ്ചര്യകരമായ കാര്യമായിട്ടാണിരിക്കുന്നത്.

തീയ്യർക്ക് ബുദ്ധമതത്തോട്ട അനുഭാവമുണ്ടെന്ന് അറിഞ്ഞ് സിലോണിലെ സിംഹളന്മാർക്ക് മലയാള സിംഹളരായ തീയരോട്ട് മുമ്പുണ്ടായിരുന്ന അവജ്ഞ നീങ്ങി ഒരു സ്നേഹബന്ധം ഉണ്ടായി വരുന്നുണ്ട്. ഈ സ്നേഹബന്ധത്തെ വർദ്ധിപ്പിച്ച് പ്രബലപ്പെടുത്തുവാൻ കഴിവുള്ള എല്ലാ ശ്രമങ്ങളും ചെയ്യേണ്ടതാണ്. സിലോണിലെ സിംഹളന്മാരുടെ സ്നേഹം കൊണ്ട് നമുക്ക് എന്താണ് പ്രയോജനം എന്ന്, അത് ഒരു നിസ്സാരകാര്യം പോലെ ചോദിക്കുന്നവരുണ്ടാവാം. വളരെ പ്രയോജനങ്ങൾ ഉണ്ട്. ഒന്നുമില്ലെങ്കിൽ ഓരോ കാര്യം പ്രമാണിച്ച് ഇപ്പോൾ സിലോണിൽ ചെന്നു പാർക്കുന്നവരായി പതിനായിരത്തോളം വരുന്ന തീയ്യസഹോദരന്മാരുടെ ക്ഷേമത്തെ ഉദ്ദേശിച്ചെങ്കിലും നാം ഇതു ചെയ്യേണ്ടതാണ്.

ഈ സന്ദർഭത്തിൽ തീയർക്കു ബുദ്ധമുനിയെ നിരാകരിക്കാൻ നിവൃത്തിയില്ലെന്നുള്ളതിലേക്ക് ഒരു വിശേഷാൽ കാരണമുള്ളതുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ശ്രീനാരായണഗുരുസ്വാമിയോട്ട് തീയ്യർക്കുള്ള ഭക്തിബഹുമാനങ്ങൾക്ക് നിരവധി കാരണങ്ങൾ ഉണ്ടെങ്കിലും അവയിൽ ഏററവും അഭിമാനത്തോടുകൂടി തീയ്യർ കരുതിപോരുന്ന കാരണം അദ്ദേഹം തങ്ങളുടെ വംശജനാണെന്നുള്ളതാണല്ലൊ. അതുപോലെയോ ഏകദേശം അതുപോലെയോ ഉള്ളതായ ഒരു ബന്ധം ബുദ്ധമുനിയെക്കുറിച്ചും പറയാനുണ്ടെന്നു സിംഹളചരിത്രം അന്വേഷിച്ചാൽ അറിയാവുന്നതാണ്. സിംഹളചരിത്രത്തേയും സിലോണിലെ ബുദ്ധമത ചരിത്രത്തേയും വിവരിക്കുന്ന മഹാവംശം എന്ന പാലിഗ്രന്ഥത്തിൽ കാണുന്ന ഈ വിവരം തീയ്യർസിംഹള സന്തതികളാണെന്നു വിചാരിക്കുന്നവരൊക്കെ എന്തായാലും അറിഞ്ഞിരിക്കേണ്ടതാണ്.

സിംഹളവംശ സ്ഥാപകനായ വിജയമഹാരാജാവിന്റെ കാലശേഷം അദ്ദേഹത്തിന്റെ പുത്രനായ പാണ്ഡു വാസുദേവൻ ബി. സി. 504-മുതൽ 474വരെ 30കൊല്ലം രാജാവായിരുന്നു. പാണ്ഡു വാസുദേവന്റെ പട്ടമഹഷി ഭദ്രകാഞ്ചന എന്ന അതിസുന്ദരിയായ ഒരു രാജകുമാരി ആയിരുന്നു. ഈ രാജകുമാരിയുടെ വംശവിവരണം മഹാവംശത്തിൽ ഇങ്ങനെ കാണുന്നു. ബുദ്ധമുനിയുടെ പിതൃവ്യനായ അമിതോദന ശാക്യനു് ശാക്യപാണ്ഡുഎന്നൊരു പുത്രനുണ്ടായി. ശാക്യപാണ്ഡു ഗംഗയുടെ തെക്കേക്കരയിൽ ഒരു രാജ്യം സ്ഥാപിച്ചു അവിടെ രാജാവായി വാണുകൊണ്ടിരുന്നു. അദ്ദേഹത്തിനു ഏഴുപുത്രന്മാരും ഭദ്രകാഞ്ചന എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു.

ഈ ഭദ്രകാഞ്ചനയെയാണ് പാണ്ഡുവാസുദേവൻ വിവാഹം ചെയ്തതു്. അദ്ദേഹത്തിനു ശേഷം രാജാവായതു് ഭദ്രകാഞ്ചനയുടെ പുത്രൻ അഭയനായിരുന്നു. പിന്നത്തെ രാജാവു് ഭദ്രകാഞ്ചനയുടെ പുത്രി ഉന്മാദചിത്തയുടെപുത്രൻ പാണ്ഡുകാഭയൻ ആയിരുന്നു. ഈ പാണ്ഡുകാഭയൻ സ്ഥാപിച്ച അനുരാധപുരമാണ് ലങ്കയുടെ വളരെക്കാലത്തെ തലസ്ഥാനമായിരുന്ന പുരാതനനഗരം. അനുരാധപുരത്തിന്റെ അവശിഷ്ടങ്ങൾ ചരിത്രകാരന്മാക്ക് വളരെ വിസ്മയകരമായി ഇപ്പോഴും കാണ്മാനുണ്ട്. പാണ്ഡുകാഭയന്റെ രണ്ടാമത്തെ പുത്രനായ ദേവനാംപ്രിയദശി എന്ന സിംഹളരാജാവിന്റെ കാലത്താണ് ബുദ്ധമതപ്രചരണത്തിന് അശോകപുത്രനായ മഹേന്ദ്രനും പുത്രി സംഘമിത്രയും സിലോണിൽ വന്നതും സിംഹളന്മാർ ബുദ്ധമതം സ്വീകരിച്ചതും. ബുദ്ധമുനി സിംഹളന്മാക്ക് കേവലം ഒരു മതാചാര്യൻ മാത്രമായിരുന്നില്ലെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ.

——

വേണു മുതലായ വാദ്യവിശേഷങ്ങൾ ഉണ്ടെങ്കിലും അവ സാധാരണ പാട്ടിൽനിന്നു വ്യത്യസ്തമായ സംഗീതരീതികളെയൊന്നും പ്രകടിപ്പിക്കുന്നതിനുള്ളതല്ല. നമ്മുടെ ഒന്നാന്തരം ഭാഗവതർമാർ കേൾക്കുകപോലും ചെയ്തിട്ടില്ലാത്ത പല വിശേഷ വിവരങ്ങളും അടങ്ങിയ ഒരു പ്രസംഗം ഡോക്ടർആർനോൾഡ് എ.ബേക്ക് ഡി.ലിററ ഈയിടെ മദ്രാസിൽവച്ചു ചെയ്യുകയുണ്ടായി. സംഗീതശാസ്ത്ര സംബന്ധമായി പല ഗവേഷണങ്ങളും നാം നടത്തേണ്ടിയിരിക്കുന്നു എന്നു അതിൽ പ്രസ്താവിച്ചിരിക്കുന്നു. തമിഴ് നാടകങ്ങളുടേയും ടാക്കികളുടേയും ആവിർഭാവത്തോടുകൂടി സംഗീതവിഷയമായി മലയാളികളുടെ ഇടയിൽ അഭിരുചി കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നതു്. സംഗീതം ഇപ്പോൾ ഉള്ളതുതന്നെ ഒരു കച്ചവടവസ്തുവായി കൊണ്ടു നടക്കുകയാണ് ചെയ്യുന്നതു്. സുകുമാരകലകൾ വ്യവസായവസ്തുക്കളായിത്തീരുമ്പോൾ അതിന്റെ നൈസർഗ്ഗികമായ മാഹാത്മ്യത്തിനും ആസ്വാദ്യതക്കും സാരമായ ഉടവുതട്ടുന്നതാണ്. ഈ ശോച്യാവസ്ഥയെ പരിഹരിച്ചു പരിഷ്കരിക്കുന്ന വിഷയത്തിൽ കേരളത്തിലെ സംഗീതവിദ്വാന്മാരുടെ ശ്രദ്ധ പതിയുമെന്നു വിശ്വസിക്കുന്നു.

——


## എഴുത്തുകൾ വർത്തമാനപത്രമായതു്

വർത്തമാനപത്രങ്ങളുടെ ശരിയായ ഉത്ഭവം അറിയുന്നവർ ഇപ്പോഴത്തെ പത്രവായനക്കാരിൽ അധികം പേർ കാണുമെന്ന് തോന്നുന്നില്ല. വെനിസ് പട്ടണത്തിൽ നമ്മുടെ മ്യൂസിയം (കാഴ്ചബംഗ്ലാവ്) ഒബ്സർവേററി (നക്ഷത്രബംഗ്ലാവ്); ഹോട്ടലുകൾ ഇതുകളോട് അനുഉപമിക്കാവുന്ന സ്ഥലങ്ങളിൽ ദിനവൃത്താന്തങ്ങൾ എഴിതിപ്പതിപ്പിക്കുക പതിവായിരുന്നു. ഒരു "ഗസററ" (വെനിസ്സിലെ നാണയം) കൊടുത്താൽ ഏതാനും വർത്തമാനങ്ങൾ വായിക്കുവാൻ സാധിച്ചിരുന്നു. ഈ വാക്കിൽ നിന്നാണ് ഇപ്പോഴത്തെ വർത്തമാനപത്രത്തിനും മററും ഗസററ് എന്ന പേരുവന്നതു്. ഇംഗ്ലണ്ടിലും മററും 17-ാംനൂററാണ്ടിൽ വർത്തമാനം എഴുതി അയക്കുക തൊഴിലായിരുന്ന അസംഖ്യം ആളുകൾ ഉണ്ടായിരുന്നു. ഇവരുടെ പ്രവൃത്തി പ്രഭുക്കൾ, കച്ചവടക്കാർ മുതലായ പ്രമാണികൾക്ക് വർത്തമാനങ്ങൾ ശേഖരിച്ച് എഴുതിഅയയ്ക്കുക ആയിരുന്നു. 17-ാം നൂററാണ്ടിന്റെ ആദ്യത്തിൽ ഈ വിധം എഴുത്തുകാരിൽ നഥാനിയൽബട്ട്ളർ എന്ന വിദ്വാനായിരുന്നു ഈ എഴുത്തുകൾ ആദ്യം അച്ചടിച്ചു പ്രചാരത്തിൽ വരുത്തിയതു്. അതു ഉടനെ ഒരു ലാഭമുള്ള കച്ചവടമായിതീന്നു. 1622-ൽ ബട്ട്ളരുടെ "ക്രിസ്ത്യൻരാജ്യത്തിൽ നിന്നുള്ള വർത്തമാനങ്ങൾ" എന്ന പേരോടുകൂടിയ പത്രം പ്രചരിക്കുവാൻ തുടങ്ങി. ഇതു യഥാത്ഥത്തിൽ ഒരു വൃത്താന്തപത്രംതന്നെ ആയിരുന്നു. 17-ാംനൂററാണ്ടിൽ പാർലമെന്റിന് പുതിയ അധികാരങ്ങൾ സിദ്ധിച്ചതോടുകൂടി വൃത്താന്തപത്രങ്ങളുടെ പ്രചാരം കൂടിക്കൂടിവന്നു. ഏകദേശം ഇക്കാലത്തുതന്നെയാണ് വൃത്താന്തപത്രങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയതും. 1658-ൽ ഉള്ള "വക്കുറിയസ് പൊളിററിക്സ്" എന്ന പത്രത്തിൽ അന്നു വിലാത്തിയിൽ ഒരു പുതിയ സാധനമായ ചായയെപററി ഈ പരസ്യം കാണുന്നു. "ആ വിശേഷപ്പെട്ടതും യോഗ്യന്മാരായ ഭിഷക്കുകളാൽ സമ്മതിക്കപ്പെട്ടതും ആയ ചീനരാജ്യത്തിലെ പാനീയം. ചീനക്കാർ ഇതിനെ "ച" എന്നും മററുരാജ്യക്കാർ "ടെ" അല്ലെങ്കിൽ "ടി" എന്നും ഇതിനു പറയുന്നു. റോയൽ എക്സ്ചേഞ്ചിനാൽ സുൽട്ടാനസ്സ് ഹൌസ് എന്ന കാപ്പിക്ലബ്ബിൽവച്ച് വില്ക്കപ്പെടും." ഇങ്ങനെയുള്ള വൃത്താന്തപത്രങ്ങൾ കുറേക്കാലംനടപ്പായതിൽ രാജ്യത്തിലുള്ള കക്ഷിവഴക്കുകൾ അനുസരിച്ച് വർത്തമാനപത്രങ്ങളിലും കക്ഷികൾ ഉണ്ടായിത്തുടങ്ങി. വൃത്താന്തപത്രങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ മുനിസിപ്പാലിററി ചായഷാപ്പുകാരോട്ട് വാങ്ങുന്നപോലെ ഒരു ലൈസൻസ്ഫീസ് പത്രപ്രവത്തകന്മാരോട് രാജാവു് വാങ്ങുന്ന പതിവു് ഉണ്ടായിരുന്നു. മി. വില്യംസൺ എന്ന ആൾ 1665-ൽ തുടങ്ങിയ "ആക്സ്ഫോർഡ്" ഗസററ് ആണ് ഇപ്പോഴത്തെ "ലണ്ടൻഗസററ്". ആദ്യമായി 1695-ൽ ആണ് "പോസ്റ്റ്ബായ്" എന്ന പ്രതിദിനപത്രം പ്രസിദ്ധപ്പെടുത്തിയതു്. അതു് അല്പായുസ്സായിപ്പോയി. 1703-ൽ "ഡെയിലി കുറാണ്ട" എന്ന പത്രം പ്രസിദ്ധപ്പെടുത്തിയതോ


# തൊഴിലാളിയും പട്ടിണിയും

(കെ. ജി. നാരായണൻ)

തൊഴിലാളി മുതലാളിപ്രശ്നം ലോകസമാധാനത്തിനു കണ്ടകോടാലിയായി തീൎന്നിരിക്കുന്നു. മുതലാളിപ്രഭുത്വത്തെ പിൻതാങ്ങുന്നവരെന്നും, തൊഴിലാളിത്വത്തെ ബഹുമാനിക്കുന്നവരെന്നും രണ്ടു വിഭാഗക്കാർ അവരവരുടെ ആദർശസാദ്ധ്യത്തിനായി പോരാടുന്ന ഭയങ്കരമായ കാഴ്ചകൾ ഇന്നു ലോകത്തിൽ എവിടെയും സുലഭങ്ങളാണ്. സ്പെയിനിൽ നടക്കുന്ന കലാപം പ്രസ്തുത വിഭിന്നാദർശങ്ങളുടെ സംഘട്ടനത്താൽ ഇളോം ഹൃദയഭേദകമായിതീൎന്നിട്ടുണ്ടെന്നു പറയാതെ തരമില്ല. സാമ്രാജ്യപ്രഭുത്വത്തിന്റെ നിർദ്ദയമായ മർദ്ദനത്തിനു എത്യോപ്യാസാമ്രാജ്യം വിധേയമായിക്കഴിഞ്ഞിട്ടു അധികം നാളുകളായില്ലല്ലോ. സാമ്രാജ്യദുർമ്മോഹത്തിന്റെ ദുഷിച്ചുനാറിയ വികൃതിത്തരങ്ങൾ നിരപരാധികളായ മൂകലക്ഷങ്ങളെ രക്തക്കളത്തിൽ കുരുതിചെയ്തിട്ടും തൃപ്തിപ്പെടാതെ ജീവികളെ തേജോവധം ചെയ്തും മനുഷ്യത്വത്തെ സ്വാൎത്ഥതയ്ക്കു ബലി അൎപ്പിച്ചും പരസ്പരമാത്സര്യത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രഭുത്വത്തിന്റെ കിങ്കരന്മാരായ ഏതാനുംപേരുടെ മദമാത്സര്യശമനത്തിനു ജീവരാശികൾ മുന്നുപിന്നു നോക്കാതെ പടക്കളത്തിൽ മരിക്കേണ്ടിവരുന്നതു മുതലാളി ഭരണത്തിന്റെ ഒരു വിരൂപശക്തിസ്ഫുരണമായിട്ടല്ലാതെ മററാൎക്കും ഗണിക്കുവാൻ തരമില്ല. ലോകത്തിൽ മുതലാളിത്വത്തിന്റെ പേരിൽ നടക്കുന്ന കൊള്ളകളും അനീതികളും ജീവകാരുണ്യമുള്ളവൎക്കു സഹിക്കാവുന്നതല്ല.



മി. പി. കെ. കുഞ്ഞു് എം. എൽ. എ.
തി: ലേ: അസോസിയേഷൻ പ്രസിഡൻറ്



മി. പി. എൻ. കൃഷ്ണപിള്ള
ബി. എ., ബി. എൽ., എം. എൽ. എ.
വൈസ്പ്രസിഡൻറ്, തി: ലേ: അസോസിയേഷൻ



ശ്രീമതി സീ. ഒ. പൊന്നമ്മ
ബി. എ., ബി. എൽ., എം. എൽ. എ.
വൈസ്പ്രസിഡൻറ്, തി: ലേ: അസോസിയേഷൻ

ധനപ്രഭുത്വത്തിന്റെ സ്വൈരവിഹാരം വേലക്കാരന്റെ മാഹാത്മ്യത്തെ വെളിവാക്കി. ഈ ഭൂമണ്ഡലം സ്വൎഗ്ഗസമാനമായി തീൎന്നെന്നു ധനികലോകം പുകഴ്ത്തുന്നു. ആ പൊള്ളയായ മുഖസ്തുതിക്കിടയിൽക്കൂടെ മിന്നിത്തിളങ്ങുന്ന തൊഴിലാളിയുടെ കഴിവുകളും മഹിമയും ആവോളം താഴ്ത്തുവാൻതന്നെ അവർ സഫലമായി ശ്രമിച്ചുവരുന്നു. മണ്ണിനെ വിണ്ണാക്കുന്നതു വേലക്കാരന്റെ പരുപരുത്ത ഹസ്തങ്ങളാണെന്നറിഞ്ഞുകൂടായ്കയല്ല, ആ വാസ്തവം സമ്മതിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെ ഭയന്നാണ് മുതലാളിമാരും അവരുടെ സ്തുതിപാഠകന്മാരും സൃഗാലവേദാന്തംപാടി ലോകത്തെ കബളിപ്പിക്കുന്നതു്. ഇന്നല്ലെങ്കിൽനാളെ തൊഴിലാളിയുടെ കഴിവുകൾ ബലിഷ്ഠവും ആദരണീയവുമാണെന്നു ബോദ്ധ്യപ്പെടുമ്പോൾ തൊഴിലാളിപ്രശ്നം മതത്തിനും സമുദായത്തിനും സാഹിത്യത്തിനും മീതെ ഉയരുകയും വ്യക്തികൾ സാങ്കല്പികമായ ആഭിജാത്യവും അകൽച്ചയും വെടിഞ്ഞു ലോകസേവനത്തെ യഥാൎത്ഥമായി നിൎവ്വഹിക്കയും ചെയ്യുന്നതായി കാണാവുന്നതാണ്. ആ സമാരാദ്ധ്യമായ നവയുഗത്തിന്റെ സുപ്രഭാതം ഭാരതവൎഷത്തെ വികാരഭരിതമാക്കിത്തീൎത്തുകൊണ്ടിരിക്കുന്നതു സന്തോഷാവഹംതന്നെ.

തൊഴിലാളികൾ എവിടെയും ഇന്നു പട്ടിണിക്കാരാണ്. അതു അവരുടെകുററമല്ല. രാപകൽ അത്യദ്ധ്വാനംചെയ്തിട്ടുപോലും അവൎക്കു വിശപ്പടക്കുവാനുള്ള വക ലഭിക്കുന്നില്ല. അതേസമയത്തു മററുചിലർ വിശേഷിച്ചൊരു ജോലിയും ചെയ്യാതെ സുഭിക്ഷമായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. ഈ വ്യത്യാസത്തിനുള്ള കാരണമാണു ചിന്താൎഹമായിട്ടുള്ളതു്. കായികവും മാനസീകവുമായ പരിശ്രമങ്ങൾമൂലം ലോകത്തെ വിഭവപൂൎണ്ണമാക്കുവാൻ തൊഴിലാളികൾ പരിശ്രമിക്കുമ്പോൾ സാമ്രാജ്യപ്രഭുത്വത്തിന്റെ അടിയുറച്ച പിൻബലത്തോടുകൂടി അതിന്റെ ഗുണവും മഹത്വവും മുതലാളിമാർ അപഹരിച്ചുകളയുന്നു. ജോലിചെയ്യാതെ കാലയാപനം നടത്തുവാനുള്ള സുഗമമായ പന്ഥാക്കൾ നിൎമ്മിക്കയും അതിൽ ദരിദ്രലോകം ലയിച്ചുപോകത്തക്കവണ്ണം നിയമശൃംഖലകളെ പ്രയോഗിക്കയുമാണു മുതലാളിമാരുടെ തൊഴിൽ. ധനപ്രഭുത്വം ആവുംവണ്ണം അതിനെ പിന്താങ്ങുന്നു. അതുനിമിത്തം ഏതാനുംപേൎക്കുവേണ്ടി ബഹുഭൂരിപക്ഷം അനുവദിക്കുന്ന നാരകീയദുരന്തങ്ങൾ അല്പമൊന്നുമല്ല.

തൊഴിലാളികൾ ഒരു കാൎയ്യംമാത്രമെ ഇന്നാവശ്യപ്പെടുന്നുള്ളൂ. അതു മറെറാന്നുമല്ല, പട്ടിണിക്കു ഒരു പരിഹാരമുണ്ടാക്കുകമാത്രം. അതിനാൎക്കും കഴിവില്ലെങ്കിൽ തൊഴിലാളി ലോകം ക്ഷുഭിതരാകുന്നതിൽ അത്ഭുതപ്പെടുവാനില്ല. വിഭവസമ്പൂൎണ്ണമായ ലോകത്തിൽ മനുഷ്യനിൎമ്മിതമായ നിയമത്തിൻ പേരിൽ ഒരാൾ പട്ടിണികിടക്കുകയും മറെറാരാൾ സുഭിക്ഷിതയിൽ ആറാടുകയും ചെയ്യുന്നതു നീതീകരിക്കാവുന്നതല്ല. ജീവിതകാലം മുഴുവനും തൊഴിൽശാലകളിൽ ഇരുളടഞ്ഞ ചുററുപാടുകളിൽ പട്ടിണിപ്രേതങ്ങളായി കഴിയുന്ന തൊഴിലാളികൾ ഉണ്ണാനും ഉടുക്കാനും കുടിയ്ക്കാനും കിടക്കാനും തരപ്പെടാതെ മർദ്ദനക്കയറിൽ പ്രഭമങ്ങിക്കഴിയുമ്പോൾ ഉന്നതമായ മണിസൗധത്തിൽ പുഷ്പസുരഭിലമായ പൎയ്യോപധാനത്തിൽ സുഖാനുഭോഗങ്ങളുടെ തിരത്തള്ളലിൽ നിത്യവും ധനികലോകം പുളകംപൂണ്ടുന്മദിക്കുന്നു. അഹോ! എന്തൊരു വ്യത്യാസം. ധനികൎക്കുവേണ്ടി മണ്ണു വിണ്ണാക്കുന്ന നിൎജ്ജീവസത്വങ്ങൾ നിശ്ശബ്ദമായനുഭവിക്കുന്ന ദുരിതം മർദ്ദനം മൂലം ഒരമത്തുവാനുള്ള ശ്രമം തികച്ചും അനീതിപരവും ആപൽക്കരവുമാകുന്നു.

തൊഴിലാളികളെ, സഖാക്കളെ, മതാചാൎയ്യന്മാരോ സമുദായപരിഷ്കൎത്താക്കളോ വിശ്വസാഹിത്യകാരന്മാരോ ഒന്നുമല്ല സുഭിക്ഷതയ്ക്കുവേണ്ടി അഹോരാത്രം പട്ടിണികിടന്നു പണിപ്പെടുന്നതു്. അവരുടെയെല്ലാം ശ്രമങ്ങൾക്കടിസ്ഥാനമായി നില്ക്കുന്നതും മനുഷ്യരാശികൾക്കത്യന്താപേക്ഷിതമായ ധനോല്പാദനത്തിനായി ത്യാഗമനുഷ്ഠിക്കുന്നതും നിങ്ങളാണ്. "നിങ്ങളിൽ വിശ്വങ്ങളെ ജയിക്കാൻ മതിയായ മംഗലമഹാശക്തിയുറങ്ങിക്കിടക്കുന്നു." അതിനെ തട്ടിയുണൎത്തുവാനും പട്ടിണിയുടെ പരിഹാരത്തിനായി

---

ട്ടുകൂടി പ്രതിദിനപത്രം പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രപ്രസ്ഥാനത്തിൽ എത്തിച്ചേൎന്നു എന്നു പറയാം. ഈ പത്രം കടലാസിന്റെ ഒരു ഭാഗം മാത്രം അച്ചടിച്ചതും 14 ഇഞ്ച് നീളവും 8 ഇഞ്ച് വീതിയും മാത്രമുള്ളതും ആയിരുന്നു. എഴുതാത്ത ഭാഗം നാട്ടുമ്പുറത്തുള്ള സ്നേഹിതന്മാൎക്കു കത്തെഴുതുവാൻ ലണ്ടൻനിവാസികൾ ഉപയോഗിച്ചിരുന്നു. ഈ വിധത്തിൽ ഒരു എഴുത്തു് കടലാസിന്റെ ഉപയോഗംകൂടി വൎത്തമാനപത്രത്തിനു ഉണ്ടായിരുന്നു. "ഡെയിലി കറാണ്ട" എന്ന പത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതു് ലണ്ടനിലെ ഫ്ളീററ്സ്ട്രീററിൽ നിന്നായിരുന്നു. ഈ ദിക്കിൽനിന്നു തന്നെയാണ് ഇപ്പോഴത്തെ ടൈംസ്, ഡെയിലിമെയിൽ മുതലായ സുപ്രസിദ്ധ പത്രങ്ങൾ പുറപ്പെടുന്നതു്.

—o—

# വത്തമാന സംഗ്രഹം

### ആറാട്ട്

ഈകൊല്ലത്തെ ആറാട്ടുത്സവം മേടം 1—നു- വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു.

* * *

### പുതിയസർവീസ്

തിരുവനന്തപുരം—കൊല്ലം മോട്ടോർ സർവീസ് ഈ ഏപ്രിൽമാസാവസാനത്തോടുകൂടി സ്റ്റേററ്ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്ന് ഏറെറടുത്ത് നടത്തുന്നതാണെന്നറിയുന്നു.

* * *

### നായർസമ്മേളനം

ചേത്തലവച്ച് നടത്തുവാൻ തീർച്ചയാക്കിയിരുന്ന നായർസമ്മേളനം പ്രവത്തകസമിതിയിലെ മുഖ്യന്മാരായ ചില അംഗങ്ങളുടെ രാജിയെ തുടന്നു മാററിവച്ചിരിക്കുന്നതായി അറിയുന്നു. എങ്കിലും യോഗം കൊട്ടാരക്കരയോ, പുതുപ്പള്ളിയിലോ, മീനച്ചിലോ വച്ചു നടത്തുവാൻ ഭാരവാഹികൾ ശ്രമിച്ചുവരുന്നതായും കാണുന്നുണ്ട്.

* * *

### എം. എൽ. സി.

തിരുവനന്തപുരം നെടുമങ്ങാട്ട് ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽനിന്ന് ശ്രീചിത്തിരാസ്റ്റേററ് കൌൺസിലിലേക്ക് ഉള്ള തിരഞ്ഞെടുപ്പിൽ സാഹിബ്ബ് ബഹദൂർ സുൽത്താൻ മൈതീൻ എതിരുകൂടാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

---

വിനിയോഗിക്കുവാനും ഒരു നിമിഷവും വ്യത്ഥമാക്കാതെ നിങ്ങൾ ശ്രമിക്കുകതന്നെ വേണം. മനുഷ്യന്റെ മറേറതിനെക്കാളും ഉപരിയായി അപരിഹാര്യമായി നിലകൊള്ളുന്നതു ആഹാരാവശ്യം മാത്രമാകുന്നു. പ്രയത്നശാലികളായ തൊഴിലാളികൾക്കു അതിനുപോലും നിവ്വാഹമില്ലാതെവരിക ദുസ്സഹംതന്നെ. പട്ടിണി നീക്കാൻ പണിപ്പെടുന്നവക്കു പട്ടിണി മാത്രവും പട്ടിണിക്കുവേണ്ടി പണിപ്പെടുന്നവക്കു മുഷ്ടാന്നവുമെന്നു വന്നാൽ അതില്പരം വ്യസനഹേതുകമായ സംഗതി മറെറാന്നില്ല. തൊഴിലാളിലോകത്തിന്റെ ഏതാദൃശമായ അവശതകൾ പൊതുജനദൃഷ്ടിയിൽ അതർഹിക്കുന്ന വിധത്തിൽ പ്രാധാന്യമുള്ളതായി കണ്ടുവരുന്നില്ല, കൂടുതൽ പ്രചരണം ചെയ്തും ശക്തിയെ കേന്ദ്രീകരിച്ചും തൊഴിലാളികൾ സുശിക്ഷിതമായി സംഘടിക്കയും നിസ്വാത്ഥമായി പരിശ്രമിക്കയും ചെയ്തു മുന്നോട്ടു പോകട്ടെ. അപ്പോൾ ധനികലോകം പ്രഭുത്വംവെടിഞ്ഞു നിങ്ങളുടെ പിന്നാലെ വലിഞ്ഞിഴഞ്ഞു വരുന്നതു കാണാം. അതു മറെറാന്നിനുമല്ല. പട്ടിണിക്കാരായ നിങ്ങളെക്കൂടാതെ ഒരു നിമിഷനേരംപോലും ജീവിക്കുവാൻ അവക്കു കഴിവില്ലെന്നുള്ളത് വെളിപ്പെടുത്തുവാനത്രേ. അപ്പോൾ മാത്രമെ നിങ്ങളുടെ വിജയം യാഥാത്ഥ്യത്തോടു അടുക്കുകയുള്ളൂ. അതിനായിരിക്കട്ടെ നിങ്ങളുടെ ശ്രമം.

—

### അസാധാരണഗസററ്

ദിവാൻജിയുടെ ഉദ്യോഗകാലാവധിനീട്ടിയവിവരം ഒരു അസാധാരണ ഗസററുമൂലം പ്രഖ്യാപനം ചെയ്തിരിക്കുന്നു.

* * *

### ഉദ്യോഗകാലാവധിനീട്ടി

തിരുവിതാംകൂർ സ്റ്റേററ് ഗസ്റ്റ്സ് ഡയറക്ടറസ് മിസ്. ഡീ. എച്ച്. വാട്ട്സിന്റെ ഉദ്യോഗകാലാവധി 113 കക്കടകം 1—നു-മുതൽ ഒരു കൊല്ലത്തേക്കുകൂടിനീട്ടി കൊടുത്തിരിക്കുന്നു.

* * *

### പൊടിയരിത്തീരുവ

ബമ്മയിൽനിന്നും തിരുവിതാംകൂറിലേക്കു ഇറക്കുമതി ചെയ്യുന്ന പൊടിയരിക്കു തിരുവിതാംകൂർ ഗവമ്മെൻറു പുതുതായി ഒരു തീരുവ ചുമത്തുന്നതിനു നിശ്ചയിച്ചു. ആഹാരസാധനങ്ങൾക്കു നികുതി ചുമത്തുന്നതു ആദരണീയമല്ലെന്നു കാണിച്ചും തിരുവിതാംകൂറിലെ ആവശ്യത്തിനു മതിയായ നെല്ലു ഇവിടെ ഉണ്ടാകാത്ത സ്ഥിതിക്കു ഇപ്രകാരം തീരുവ ചുമത്തുന്നത് അക്രമമാണെന്നു വിവരിച്ചും ആലപ്പുഴ ചേംബർ ആഫ് കാമേഴ്സു ദിവാൻജിയുടെ മുമ്പാകെ നിവേദനം സമപ്പിച്ചതിന്റെ ഫലമായി പൊടിയരിക്കു തീരുവ ചുമത്തേണ്ടതില്ലെന്നു ഇപ്പോൾ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

* * *

### മി. കയ്യാലം

തിരുവിതാംകൂർ ഗവമ്മെൻറിന്റെ ലാ മെംബർ ആയ മി. കയ്യാലം പരമേശ്വരൻ പിള്ള അടുത്ത ജൂൺമാസം മുതൽ ഉദ്യോഗത്തിൽ നിന്നു പെൻഷൻപററി പിരിഞ്ഞുകൊള്ളുവാൻ അനുവദിച്ചിരിക്കുന്നു. മി. പരമേശ്വരൻപിള്ള പെൻഷൻ പററി പിരിയുന്നതോടുകൂടി ലാ മെംബർ സ്ഥാനം നിറുത്തൽ ചെയ്യുന്നതും പകരം ലീഗൽ റിമെംബറൻസർ എന്ന അഭിധാനത്തിൽ ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുന്നതുമാണ്. ലീഗൽ റിമെംബറൻസർ അഡ്വക്കേററ് ജനറലിന്റെ താഴെ ആയിരിക്കുന്നതും ബില്ലുകൾ തയ്യാറാക്കുന്ന ജോലിയുടേയും നിയമസഭ സംബന്ധിച്ച ജോലിയുടേയും ചാജ്ജുകൾ വഹിക്കുന്നതും ആയിരിക്കും.

* * *

### ഒരു കരയോഗവാഷികം

വടക്കെവിളനായർ കരയോഗവാഷികം മി. കെ. ജീ. പരമേശ്വരൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞുകൂടിയിരിക്കുന്നു. തിരുവിതാംകൂറിലെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികളെ പററി ആ യോഗത്തിൽ വെച്ചു ദീർഘമായ ആലോചനകൾ നടന്നതായി കാണുന്നു. രാഷ്ട്രീയകാര്യങ്ങളെ പററി ചർച്ചചെയ്യുന്ന യോഗങ്ങളിൽ സക്കാർ ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുന്നതിനെ കശനമായി നിരോധിച്ചുകൊണ്ടുള്ള ഒരു സക്കുലർ തിരുവിതാംകൂർ ഗവമ്മെൻറു പുറപ്പെടുവിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. എങ്കിലും ഒരു സക്കാർ സ്കൂൾ അധ്യാപകനായ മി. കട്ടിയാട്ടു ശിവരാമപണിക്കരും, കൊല്ലം വിക്ടോറിയാ ആശുപത്രി ഡാക്ടർ ശ്രീമതി പൊന്നമ്മയും ഈ യോഗത്തിൽ സംബന്ധിച്ചതായും ഉൽബുദ്ധതാ ജനകങ്ങളായ പ്രസംഗങ്ങൾ നടത്തിയതായും കാണുന്നു.

### സ്റ്റേററ്കാൺഗ്രസ്സ് ഡെലിഗേഷൻ

തിരുവിതാംകൂർ സ്റ്റേററ് കാൺഗ്രസ്സിന്റെ ഒരു ഡെലിഗേഷൻ മദ്രാസിൽ എത്തിയിരിക്കുന്നതായും തിരുവിതാംകൂറിലെ ഇപ്പോഴത്തെ രാഷ്ട്രീയസ്ഥിതിഗതികളെപററി അവർ മദ്രാസിൽ പ്രസംഗങ്ങൾ നടത്തിവരുന്നതായും മദ്രാസ് പത്രങ്ങളിൽ കാണുന്നു. സ്റ്റേററ്കാൺഗ്രസ്സ് അംഗങ്ങളായ മെ. പട്ടംതാണുപിള്ള എം. എൽ. എ., ററി. എം. വറുഗീസ് എം. എൽ. എ., വി. കെ. വേലായുധൻ എം. എൽ. എ., പി. കെ. കുഞ്ഞു എം. എൽ. എ., കെ. ടി. തോമസ് എം. എൽ. എ., ഈ. ജാൺ ഫിലിപ്പോസ് എം. എൽ. എ., എം. എസ്. അനിരുദ്ധൻ എം. എൽ. സീ., കെ. എം. കോരഎം. എൽ. സി. കെ. പി. നീലകണ്ഠപ്പിള്ള ബി. എ. ബി. എൽ. കെ. എ. ഗംഗാധരമേനോൻ ബി. എ. ബി. എൽ. ററി. കെ. നാരായണപിള്ള ബി. എ. ബി. എൽ., സീ. കേശവൻ ബി. എ. ബി. എൽ. എന്നിവർ ഉൾപ്പെട്ട മദ്രാസിൽവെച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു സ്റ്റേറ്റുമെൻറിൽ, ദിവാൻജിയുടെ കാലാവധി നീട്ടിയതിൽ പൊതുവെ അതൃപ്തിയാണുള്ളതെന്നും, തിരുവിതാംകൂറിലെ ഇന്നത്തെ സ്ഥിതിഗതികൾ അസഹനീയങ്ങളാണെന്നും, മററും പ്രസ്താവിച്ചുകാണുന്നു. തിരുവിതാംകൂർ സ്റ്റേററ് കാൺഗ്രസ്സ് സംബന്ധിച്ച പ്രചരണവേലകൾക്കും പുറമെയുള്ളവരുടെ സഹാനുഭൂതി സമ്പാദിക്കുന്നതിനുംവേണ്ടിയാണ് ഡെലിഗേഷൻ മദ്രാസിൽ എത്തിയിരിക്കുന്നതെന്നു കാണുന്നു.

ഏപ്രിൽ 14—നു- വൈകുന്നേരം 5-30-നു ഗോഖലെ ഹാളിൽവെച്ചുമദ്രാസ് സിവിൽ ലിബർട്ടിസ് യൂണിയന്റെ ആഭിമുഖ്യത്തിലും ഒരു പ്രസിദ്ധ കാൺഗ്രസ്സ്നേതാവും, എം. എൽ. എ. യുമായ മി. കെ. ഭാഷ്യത്തിന്റെ അദ്ധ്യക്ഷതയിലും തിരുവിതാംകൂറിലെ സ്ഥിതിഗതികളെപററി പര്യാലോചിക്കുവാൻ ഒരു യോഗം കൂടുന്നതാണെന്നും തിരുവിതാംകൂർ ഡെലിഗേഷനിലെ പല അംഗങ്ങളും ആ യോഗത്തിൽ പ്രസംഗിക്കുന്നതാണെന്നും ഏപ്രിൽ 12—നു-യിലെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽകാണുന്നു.


* * *

### നിരോധനാജ്ഞകൾ

1. തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിന്റെ ശാഖകൾ കോട്ടയത്തു സ്ഥാപിക്കുന്നതിനേയും മററും മീനം 27-നു- മുതൽ 2.മാസത്തേക്കു നിരോധിച്ചു കൊണ്ട് കോട്ടയം ഡിസ്ത്രിക്ററ് മജിസ്ത്രേട്ടു നിരോധനാജ്ഞപുറപ്പെടുവിച്ചിരിക്കുന്നു.

2. കൊല്ലം ഡിസ്ത്രിക്ടിൽ സ്റ്റേററ്കാൺഗ്രസ്സിന്റെ ശാഖകൾസ്ഥാപിക്കുന്നതിനുള്ള പ്രചരണവേലയെയും മററും നിരോധിച്ചുകൊണ്ടും കൊല്ലം ഡിസ്ത്രിക്റ്റ്മജിസ്ത്രേട്ടു ആജ്ഞ പുറപ്പെടുവിച്ചിരിക്കുന്നു. ക്രി. ന. നി. 127-ാം വകുപ്പുംപ്രകാരം പുറപ്പെടുവിച്ചിരിക്കുന്ന ഈ ആജ്ഞ മീനം 13-ാംതീയതിമുതൽ ഊജ്ജിതത്തിലിരിക്കുന്നതാണ്.

3. മിസ്റ്റർ സീ. കേശവനെ അനുമോദിക്കുവാൻ പൊതുയോഗങ്ങളോ പ്രകടനങ്ങളോ നടത്തരുതെന്നു നിരോധിച്ചുകൊണ്ട് കൊല്ലം



മി. എൻ. കുമാരൻ ബി. എ., ബി. എൽ.
റിട്ടയാർഡ് ഹൈക്കോടതിജഡ്ജി.

ഡിസ്ട്രിക്ട് മജിസ്ട്രേട്ടു പുറപ്പെടുവിച്ചിരുന്ന നിരോധനാജ്ഞയുടെ കാലാവധി ഏപ്രിൽ 9—നു അവസാനിക്കുന്നതിനാൽ 2 മാസക്കാലത്തേക്കുകൂടി പ്രസ്തുത നിരോധനം നീട്ടിക്കൊണ്ടു് മറെറാരു ആഡർ പുറപ്പെടുവിച്ചിരിക്കുന്നതായി ഹിന്ദുപത്രത്തിൻെറ കൊല്ലം ലേഖകൻ ആ പത്രത്തിൽ റിപ്പോർട്ടുചെയ്തിരിക്കുന്നു.

* * *

## വൈസ്രോയിയും മഹാരാജാക്കന്മാരും

വൈസ്രോയി നാലുമാസത്തെ അവധിയിൽ ഇംഗ്ലണ്ടിലേക്കു പോകുന്നതിനു മുമ്പായി പ്രധാനപ്പെട്ട എല്ലാ നാട്ടുരാജാക്കന്മാരേയും കാണുന്നതാണെന്നും അവരുമായി ഫെഡറേഷൻ പദ്ധതിയെക്കുറിച്ചു ആലോചനകൾ നടത്തുന്നതാണെന്നും അറിയുന്നു. കരട്ടുവ്യവസ്ഥകളെ പററി സ്റ്റേററു സിക്രട്ടറിയുമായി ആലോചിക്കുവാൻ തക്കവിധം വൈസ്രോയി നാട്ടുരാജാക്കന്മാരുമായി വാദപ്രതിവാദം നടത്തുമെന്നും കാണുന്നു.

* * * *

## വൈസ്രോയിയും മഹാത്മജിയും

ഏപ്രിൽ 13-നു ഗാന്ധിജി പെട്ടെന്നു ഡൽഹിയിലേക്കു തിരിച്ചു. ഈ യാത്രക്കു ചില പ്രത്യേക കാരണങ്ങളുണ്ടെന്നു ഗാന്ധിയുമായി അടുത്തു് പരിചയമുള്ളവർ പറയുന്നു. വൈസ്രോയിയും ഗാന്ധിയും തമ്മിൽ ഡൽഹിയിൽ വെച്ചു ഒരു കൂടിക്കാഴ്ച ഉടനെ നടക്കുന്നതാണെന്നു ഡൽഹിയിൽ പ്രബലമായ വത്തമാനം പരന്നിരിക്കുന്നു. സാമ്രാജ്യനിയമസഭയിലെ വിവിധകക്ഷി നേതാക്കന്മാരെ വൈസ്രോയി സന്ദശിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ വൈസ്രോയി ഗാന്ധിജിയെ സന്ദശിക്കുന്നതിനെ പററി പല ഊഹാപോഹങ്ങളും കേൾക്കുന്നുണ്ടു്.

* * * *

## പണിമുടക്കു്

ഫ്രാൻസിലെ ലോഹവ്യവസായശാലകളിലെ ഏകദേശം 56000 ജോലിക്കാരുടെ പണിമുടക്കുമൂലം ഫ്രാൻസിലെ വിമാനനിമ്മാണം മിക്കവാറും നിലച്ചുപോയിരിക്കുന്നു.

* * *

## ഒരു ദിനപത്രം

മെസ്സേഴ്സ് എൻ. കുമാരൻ ബി. എ., ബി. എൽ. (റിട്ടയാർഡ് ഹൈക്കോടതിജഡ്ജി) എസ്. കുമാരവേലുപണിക്കർ, (കൺട്രാക്ററർ) രാമവമ്മപുരം, നാഗർകോവിൽ, എം. ഗോവിന്ദൻ ബി. എ.,ബി. എൽ. (റിട്ടയാർഡ് ഡിസ്ട്രിക്ട് ജഡ്ജി)എന്നിവർ ചേന്നു താഴെകാണുന്ന കത്തു പല ഈഴവക്കും അയച്ചിരിക്കുന്നു.

ശ്രീമാൻ...............................അവർകൾക്കു

മാന്യരെ,

ഈഴവസമുദായത്തിൻെറ പുരോഗതിക്കുതകുന്നതായ ആശയങ്ങളെ മുൻനിവത്തി നടത്തുന്ന ഒരു പ്രതിദിനപത്രം ഈ കാലസ്ഥിതിക്കു് അത്യന്താപേക്ഷിതമാകുന്നു. അതിൻെറ ആവശ്യത്തിനും മററും ഒരു മുദ്രാലയവും, പ്രസിദ്ധീകരണശാലയും സ്ഥാപിക്കേണ്ടതായിവരും. ഇതു സാധിക്കുന്നതിനു വേണ്ട മാഗ്ഗങ്ങളെപററി ചിന്തിച്ചു തീർച്ചപ്പെടുത്തുവാൻ ഈ വരുന്ന മേടമാസം 1-ാംതീയതി കാലത്തു പത്തുമണിക്കു് മിസ്റ്റർ എം. ഗോവിന്ദൻെറ വസതിയായ തിരുവനന്തപുരം സ്റ്റാററുറോഡ്, റോസ്സുബാംങ്കു ബംഗ്ലാവിൽവച്ചു് ഒരു യോഗം കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. തദവസരത്തിൽ അവിടുന്നുകൂടി വന്നുചേരണമെന്നാപേക്ഷിക്കുന്നു.

തിരുവനന്തപുരം
113 മീനം 26

മലയാളപത്രങ്ങൾ നിഷിദ്ധങ്ങളാണെന്നും അവ താൻ വായിക്കാറില്ലെന്നും അഭിമാനപൂവ്വം നിയമസഭയിൽവെച്ചു് പരസ്യമായി പ്രഖ്യാപനംചെയ്ത മി. ഗോവിന്ദൻെറ നേതൃത്വത്തിൽ ആരംഭിക്കുവാൻ പോകുന്ന ഈ പ്രതിദിനപത്രം മലയാളപത്രപ്രവത്തനത്തിനു ഒരു പരിവത്തനം വരുത്താതിരിക്കുകയില്ലെന്നു നമുക്കാശിക്കാം.

ഈ യോഗത്തിൽ സംബന്ധിക്കുവാനായി മെ. കയ്യാലക്കൽ, മുൻ ജനറൽസെക്രട്ടറി കെ. എം. കേശവൻ, കോമലേഴത്തു ബാലകൃഷ്ണൻ മുതലായ എസ്. എൻ. ഡി. എസ്-കാർ തിവനന്തപുരത്തു നേരത്തെതന്നെ എത്തിയിരുന്നു. ആലോചനയുടെ ഫലം എന്തായി എന്നറിവില്ല.

* * *

## സഹാനുഭൂതി

മൈസൂർ കൺവെൻഷൻെറ വിഷയനിണ്ണയക്കമ്മിററി യോഗത്തിൽ തിരുവിതാംകൂർ കാൺഗ്രസ്സിൻെറ ഉത്തരവാദിത്വഭരണസമ്പാദനത്തിനുവേണ്ടിയുള്ള സമരത്തോടു് സഹാനുഭൂതി പ്രദശിപ്പിച്ചു് ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

* * *

## ഉദ്യോഗസ്ഥവേഷം

ഗവമ്മെൻറ കുടിൽവ്യവസായത്തെ പോഷിപ്പിക്കണമെന്നു വിചാരിക്കുന്നു എന്നും ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ഖാദിവസ്ത്രങ്ങളും ഗാന്ധിതൊപ്പിപോലും ധരിക്കാൻ പാടില്ലെന്നില്ലെന്നും ബാംബെ ഗവമ്മെൻറ ഒരു സക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു.

* * *



മി. എം. ഗോവിന്ദൻ ബി. എ. ബി. എൽ.
റി. ഡിസ്ട്രിക്ട് ജഡ്ജി

## ജനഹിതപരിശോധന

ഹിററ്ലർ ആസ്ത്രിയായെ ജമ്മനിയോടു ചേത്തു ഒരു വിശാല ജമ്മനിസ്ഥാപിച്ചതിനെ പററിയുള്ള പൊതു ജനഹിത പരിശോധന ഏപ്രിൽ 10—നു വളരെ ശാന്തമായി നടന്നു. ജമ്മനിയിലെകാൾ കൂടുതൽ അനുകൂലമായവോട്ടു ലഭിച്ചതു ആസ്ത്രിയായിലാണു്. ആസ്ത്രിയായിൽ 99. 65 ശതമാനവും ജമ്മനിയിൽ 98. 47. ശതമാനവും വോട്ടുകൾ ഹിററ്ലർക്കു് അനുകൂലമാണു്. രണ്ടുരാജ്യത്തിലുംകൂടെ 48,805,875 പേർ അനുകൂലിച്ചും 452,236, പേർ പ്രതികൂലിച്ചും വോട്ടുചെയ്തു. ഈ ഫലം ഫ്രാൻസിൽ വലിയ അമ്പരപ്പുണ്ടാക്കിയിരിക്കുന്നു. ജമ്മനി ഇനിയും ചില കൈയ്യേററങ്ങൾ ചെയ്യേക്കു മെന്നുള്ളതാണു് ഈ അമ്പരപ്പിനു കാരണം.

* * *

## ഫ്രഞ്ചുമന്ത്രിസഭ

സോഷ്യലിസ്ററു നേതാവായ മി. ലിയോൺബ്ലൂമ്മിൻെറ നേതൃത്വത്തിലുള്ള ഫ്രാൻസിലെ മന്ത്രിസഭ രാജിവെച്ചിരിക്കുന്നു.

സെനററിൽ മി. ബ്ലൂം അവതരിപ്പിച്ച ഫിനാൻസു ബില്ലിനെ 49 പേർ മാത്രം അനുകൂലിക്കുകയും 223 പേർ പ്രതികൂലിക്കുകയും ചെയ്കയാൽ അതു തള്ളിപ്പോയി. പ്രധാനമന്ത്രി സെനററിൽ പ്രസംഗിച്ചുകൊണ്ടു് നിന്നപ്പോൾ മെംബർമാർ നിന്ദാസൂചകമായി പ്രകടനങ്ങൾ നടത്തിക്കൊണ്ടിരുന്നു. അദ്ദേഹം ഹാൾവിട്ടു ഇറങ്ങിപ്പോയി.

റാഡിക്കൽ സോഷ്യലിസ്ററുകാക്കു് ഭൂരിപക്ഷമുള്ള ഒരു മന്ത്രിസഭ എം. ഡെലാഡിയർ രൂപീകരിച്ചിരിക്കുന്നു. ഷാട്ടംസ് ഈ മന്ത്രിസഭയിലെ വൈസ്പ്രീമിയറാണു്. ബോണററ് വിദേശകാര്യമന്ത്രിയും. മന്ത്രിസഭയിൽ ആകെ 20 പേരുണ്ടു്. ഡലാഡിയർ മന്ത്രിസഭയിൽ തങ്ങൾ സഹകരിക്കുകയില്ലെന്നു നാഷനൽ സോഷ്യലിസ്റ്റ്കക്ഷി നിശ്ചയം പാസ്സാക്കിയിരിക്കുന്നു.ഡലാഡിയർ മന്ത്രിസഭയെ എതിക്കണമെന്നു പ്രമേയവും അവർ പാസ്സാക്കിയിട്ടുണ്ടു്.

* * *

## ലോതിയൻ പ്രഭുവിൻെറ പ്രസ്താവന

ബ്രിട്ടണിലേയും ഐർലണ്ടിലേയും ഇൻഡ്യൻ വിദ്യാത്ഥിസംഘടനയുടെ ദ്വതീയ വാഷികസമ്മേളനത്തിൽ വെച്ചു ലോതിയൻ പ്രഭു ചെയ്ത പ്രസംഗം:—സ്വയം ഭരണം നിലവിലിരിക്കുന്ന സംസ്ഥാനങ്ങളേയും നാട്ടുരാജ്യങ്ങളേയും തമ്മിൽ സംഘടിപ്പിക്കുന്നതിനുള്ള ഒരു ശ്രമ

# മൈസൂരിലെ കുഴപ്പം

ഏപ്രിൽ 7-നു മൈസൂർ കാൺഗ്രസ്സ് വർക്കിംഗ് കമ്മിററി മി. സിദ്ധലിംഗയ്യായുടെ അദ്ധ്യക്ഷതയിൽ കൂടി. ദിവാൻ സർ മിർസാ ഇസ്മായിലുമായുള്ള തന്റെ കൂടിക്കാഴ്ചയുടെ വിവരങ്ങൾ അദ്ദേഹം കമ്മിററി മുമ്പാകെ സമർപ്പിച്ചതിൽ ഇങ്ങനെ കാണുന്നു. ഭരണപരിഷ്ക്കരണ കമ്മിററിയിൽ കാൺഗ്രസ്സ്കാരെ കൂടി ഉൾപ്പെടുത്തണമെന്നും കമ്മിററി ഉത്തരവാദഭരണത്തിനുവേണ്ടിവാദിക്കുമെന്ന് രേഖാമൂലമായ ഉറപ്പുവേണമെന്നും ദിവാൻജിയോടു ആവശ്യപ്പെട്ടു.



മൈസൂർദിവാൻ
സർ മിർസാ ഇസ്മെയിൽ

ദിവാൻജി ഇതിനെ അനുകൂലിച്ചില്ല. കാൺഗ്രസ്സ്കാരെ ഭരണപരിഷ്ക്കരണ കമ്മിററിയിൽ ഉൾപ്പെടുത്തുകയില്ലെന്നു അദ്ദേഹം പറഞ്ഞു. കാൺഗ്രസ്സിന്റെ ഈ വാദത്തോടു ഗാന്ധിജി അനുകൂലിക്കുന്നു എന്നു പറഞ്ഞപ്പോൾ ആ വാദത്തോടു താൻ യോജിക്കുന്നില്ലെന്നു ദിവാൻ പറഞ്ഞു.

ഗവമ്മേൻറിന്റെ ഈ മനോഭാവത്തെ പരിഗണിച്ചു അവരുമായി നിസ്സഹകരിക്കുവാൻ കാൺഗ്രസ്സ്കമ്മിററി തീരുമാനിച്ചു.

ശിവപുരത്തുവെച്ചു കൂടിയ കാൺഗ്രസ്സ് കൺവെൻഷനിൻ ദേശീയ പതാക ഉയർത്തുന്നതിനെ നിരോധിച്ചുകൊണ്ട് ഡിസ്ട്രിക്ററ്മജിസ്ട്രേട്ടു പുറപ്പെടുവിച്ച ആജ്ഞയെ ലംഘിച്ചു കാൺഗ്രസ്സുപ്രസിഡൻറായ മി. സിദ്ധലിംഗയ്യായേയും, വാളൻറിയർക്യാപ്ററൻ ജോഷിയേയും പോലീസു അറസ്ററുചെയ്തു. ലാക്കപ്പിലേക്കു പോകുന്നതിനു മുമ്പു ശാന്തന്മാരായിരിക്കുവാനും കാൺഗ്രസ്സിന്റെ ആദർശങ്ങളെ നടപ്പിൽവരുത്തുവാനും മി. സിദ്ധലിംഗയ്യാജനങ്ങളെ ഉൽബോധിപ്പിച്ചു. മി. ദാസപ്പായെ അദ്ദേഹം പ്രസിഡൻറായി നോമിനേററുചെയ്തു.

50 അടിഉയരത്തിൽ തൂങ്ങിയിരുന്ന കൊടിഎടുത്തുമാററുവാൻ പോലീസുകാർ ശ്രമം നടത്തി. ദാസപ്പാ അതിനു സമ്മതിച്ചില്ല. വലിയ പിടിയും വലിയും നടന്നു.

അറസ്ററുചെയ്യപ്പെട്ട മെ. സിദ്ധലിംഗയ്യായേയും ജോഷിയേയും യഥാക്രമം രണ്ടുമാസത്തേയും മൂന്നുമാസത്തേയും വെറുംതടവിനു ഒന്നാംക്ലാസ് മജിസ്ട്രേട്ടു ശിക്ഷിച്ചിരിക്കുന്നു.

കൺവെൻഷൻ വിഷയനിർണ്ണയകമ്മിററി ഏപ്രിൽ 11-ാംതീയതികൂടി അഖിലേന്ത്യഫെഡറേഷനെപററി ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിച്ചും, തിരുവിതാംകൂർ കാൺഗ്രസ്സിന്റെ ഉത്തരവാദഭരണസമ്പാദനത്തിനു വേണ്ടിയുള്ള സമരത്തോടു സഹാനുഭൂതി പ്രദർശിപ്പിച്ചും, മൻസാ, ജയപുരം, രാമദുർഗ്ഗ എന്നീരാജ്യങ്ങളിലെ കൃഷകരോടും, വിദേശങ്ങളിൽ കുടിയേറിപാർക്കുന്ന ഇൻഡ്യാക്കാരോടും അനുകമ്പ പ്രകടിപ്പിച്ചും പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു. കാൺഗ്രസ്സിന്റെ അവകാശവാദങ്ങളെ വകവയ്ക്കുന്നതുവരെ പുതിയ ഭരണപരിഷ്ക്കാരകമ്മിററിയുമായി കാൺഗ്രസ്സ് സഹകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചിരിക്കുന്നു.

ഏപ്രിൽ 12-ാം തീയതി വീണ്ടും പതാകാഭിവന്ദനം നടത്തുവാൻ ശ്രമിച്ച മെ. ദാസപ്പാ, വെങ്കിടപ്പ, ചെങ്കലറായറെഡ്ഡി എന്നിവരെ രാവിലെ അറസ്ററുചെയ്തു. ദാസപ്പായ്ക്കു 4 മാസം വെറുംതടവും 200 രൂപാ പിഴയും ഇല്ലെങ്കിൽ 20 ദിവസം കൂടുതൽതടവും മററുരണ്ടുപേക്കും 3 മാസം വെറുംതടവും 200 രൂപാ വീതം പിഴയും പിഴഒടുക്കാഞ്ഞാൽ 20 ദിവസം വീതം കൂടുതൽ തടവും ശിക്ഷനൽകിയിരിക്കുന്നു.

പ്രതികൾ താഴെകാണുന്ന പ്രസ്താവന പുറപ്പെടുവിച്ചു.

"ത്രിവർണ്ണപ്പതാക, നാട്ടുരാജ്യങ്ങളുൾപ്പടെയുള്ള ഇൻഡ്യയുടെ സ്വാതന്ത്ര്യത്തേയും അഭിമാനത്തേയും കുറിക്കുന്ന ഒന്നാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊള്ളുന്നതിന് നാട്ടുരാജ്യപ്രജകൾക്കും അധികാരവും അവകാശവും കർത്തവ്യവുമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മൈസൂറിലെ സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടിട്ടുള്ള ഞങ്ങൾക്ക് ഇൻഡ്യൻ ദേശീയപതാകയല്ലാതെ മറെറാരു പതാകയും സ്വീകരിക്കുവാൻ നിവൃത്തിയില്ല. ബ്രിട്ടീഷിൻഡ്യൻ ഗവമ്മേൻറിൽ ഒരു പ്രത്യേക,-പതാക യൂണിയൻ ജാക്ക്—ഉണ്ടെങ്കിലും അവിടെ ദേശീയപതാകാവന്ദനം നിരോധിക്കപ്പെടാറില്ല. ഇവിടെ—മൈസൂറിൽ—ദേശീയപതാക ഉപയോഗിക്കുന്നതു് മൈസൂർ മഹാരാജാവിന്റെ പരമാധികാരത്തെ അവഗണിക്കുന്നതായി ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്നതല്ല. കാരണം മൈസൂർ മഹാരാജാവിന്റെ അധീനത്തിൽ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം വേണമെന്നതു മാത്രമാണ് മൈസൂർ കാൺഗ്രസ്സിന്റെ ലക്ഷ്യം."

ഏപ്രിൽ 13-ാംതീയതി നിരോധനാജ്ഞയെ ലംഘിച്ച മെ. കെ. ടി. ഭാഷ്യം, സിദ്ധയ്യാ, ശ്രീമതി സിദ്ധമ്മ എന്നിവരേയും പോലീസു അറസ്ററുചെയ്യുകയുണ്ടായി. കുററം ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു പറയുവാൻ തങ്ങൾ തയ്യാറില്ലെന്നു അവർ മജിസ്ട്രേട്ടിനോടു പറഞ്ഞു. മെ. ഭാഷ്യത്തിനും സിദ്ധയ്യായ്ക്കും നാലുമാസം വെറും തടവും 500 രൂപാവീതം പിഴയും പിഴയൊടുക്കാത്തപക്ഷം 20 ദിവസം കൂടുതൽ തടവും ശിക്ഷവിധിച്ചുകൊണ്ട് മജിസ്ട്രേട്ടു വിധിപ്രസ്താവിച്ചു. ശ്രീമതി സിദ്ധമ്മയ്ക്കു 25 ദിവസത്തെ വെറും തടവു ശിക്ഷവിധിക്കുകയുണ്ടായി.

മൈസൂർ കാൺഗ്രസ്സ് കൺവെൻഷൻ അവസാനിച്ചിരിക്കുന്നു.

കൺവെൻഷനു വിജയം ആശംസിച്ചുകൊണ്ട് മി. ജവഹരിലാൽ താഴെക്കാണുന്ന സന്ദേശം അയക്കുകയുണ്ടായി.

"ഇൻഡ്യൻ നാട്ടുരാജ്യങ്ങളുടെ പ്രശ്നത്തിൽ എനിക്ക് വളരെ താല്പര്യമുണ്ട്. മൈസൂറിൽ സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനുള്ള പ്രസ്ഥാനത്തെപ്പററി എനിക്ക് പ്രത്യേക താല്പര്യമാണുള്ളതു്. നാട്ടുരാജ്യങ്ങൾ പൂർണ്ണമായ ഉത്തരവാദിത്വഭരണത്തിന്വേണ്ടി ശ്രമിക്കണമെന്ന് എനിക്ക് ബോദ്ധ്യമായിരിക്കുന്നു. അതിനാൽ ഞാൻ നിങ്ങളുടെ ഉപദേശത്തോടുകൂടി സഹാനുഭൂതി പ്രദർശിപ്പിക്കുന്നു.

നിങ്ങൾക്കു എന്തെങ്കിലും യഥാർത്ഥപുരോഗതി ഉണ്ടാകുന്നെങ്കിൽ അതു നിങ്ങളുടെതന്നെ സംഘടിതശക്തിയിലായിരിക്കും. അതിനാൽ നിങ്ങൾ ഫലപ്രദമായി സംഘടിച്ച് നിങ്ങളുടെ ലക്ഷ്യം പ്രാപിക്കുവാൻ ശാന്തമായും സ്വബോധത്തോടുകൂടിയും പ്രവർത്തിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. നിങ്ങൾ പരാജയത്താലോ, ഉയന്ന ഉദ്യോഗസ്ഥന്മാരുടെ അപ്രീതിയാലോ ഒരിക്കലും ഭഗ്നോത്സാഹരാകണമെന്നില്ല. പ്രക്ഷുബ്ധമായ ഒരു അവസരത്തിൽ നിങ്ങൾ ശരിയായ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നതാണ് ദോഷകരമായിട്ടുള്ളതു്. ന്യായവും ശാന്തവുമായ രീതികൾ നിങ്ങൾ കൈവെടിയാതിരിക്കുന്നെങ്കിൽ വിജയം നിശ്ചയമായിരിക്കും. മൈസൂർ ഇൻഡ്യയിലെ ഒരു പ്രധാനനാട്ടുരാജ്യമാണ്. സ്വേച്ഛാപരവും ഫ്യൂഡൽ സമ്പ്രദായത്തിലുള്ളതുമായ് നിയന്ത്രണങ്ങളെ വലിച്ചെറിയുന്നകാര്യത്തിൽ മൈസൂറിലെ ജനങ്ങൾ നേതൃത്വംവഹിക്കുന്നതു് അത്യധികം സന്തോഷകരമാണ്. അതിൽ നിങ്ങൾക്കു വിജയമുണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു, ഇൻഡ്യയിലെ മറേറാരോ നാട്ടുരാജ്യത്തേയും പോലെ മൈസൂറും ഇൻഡ്യയുടെ ഒരു അവിഭാജ്യഘടകമാണ്. അതിനാൽ നിങ്ങളുടെ സ്വാതന്ത്ര്യം ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ഒരംശമാണ്. നാമെല്ലാം ഒരേചരടിൽ തൂങ്ങുന്നു. ഒടുവിൽ നാം ഒന്നിച്ചുതന്നെ വിജയംവരിക്കും."

— —

മാണല്ലോ ഇൻഡ്യയിൽ നടന്നുകൊണ്ടിരിക്കുന്നതു്. ചില നാട്ടുരാജ്യങ്ങൾ തന്നിഷ്ടപ്രകാരം ഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളാണ്. അങ്ങനെയുള്ള നാട്ടുരാജ്യങ്ങളേയും സംസ്ഥാനങ്ങളേയും സംഘടിപ്പിക്കുന്നതിനുള്ള ശ്രമം നിവൃത്തൽ ചെയ്തില്ലെങ്കിൽ ഇൻഡ്യയിൽ പല അസ്വാസ്ഥ്യങ്ങൾക്കും കാരണമുണ്ടാകും. അതു ഭരണഘടനയെത്തന്നെ ഛിന്നഭിന്നമാക്കുന്നതിനു കാരണമായേക്കും എന്നു എന്റെ ഇൻഡ്യാസന്ദർശനം എന്നെ മനസ്സിലാക്കി. ഇൻഡ്യക്കു ഒരു ഫെഡറേഷൻ അത്യന്താപേക്ഷിതമാണെന്നു ഞാൻ കരുതുന്നു. ഇൻഡ്യയുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ചുമതല എത്രയും വേഗം ഇൻഡ്യയെ ഏല്പിക്കുന്നതു് എത്രയും നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴത്തെ ഭരണഘടനയ്ക്കു് അനേകം ന്യൂനതകളുണ്ട്. എന്നാൽ സംഭവഗതികൾ അവയിൽ പല പരിഷ്ക്കാരങ്ങളും വരുത്തിവയ്ക്കുന്നതാണ്. ഇൻഡ്യയിലെ അനേകം നാട്ടുരാജ്യങ്ങളിലും പല പരിഷ്ക്കാരങ്ങളും വരുത്തി തുടങ്ങിയിട്ടുണ്ട്.

— —

## പിരിഞ്ഞപ്പോൾ

(എൻ. കേശവൻ)

കരയാതെല്ലോമനേ! വിധിയിദമെങ്കിൽ
പിരിയാതെങ്ങനെ കഴിവൂനാം?
വിദിതസൗഹൃദം വിരളമായ് നരർ
പതിതരായ്ത്തുമറിയുന്നോ?
ഗഗനകുഞ്ജത്തിൽ പ്രഭപൂണ്ടരണ്ടു
കമനീയതാരാകുസുമം പോൽ,
വിമലസങ്ഗീതമുഖരിതമാക്കും
വിജനദേശത്തിൽ കിളികൾ പോൽ,
മുദിതരായ് പുഷ്പ വനികയിൽ പൂക്കൾ
മുഴുവൻ ചുംബിക്കുമളികൾ പോൽ,
അരിയപ്രേമമാം മധു കുടം നമ്മ-
ളിരുവരും കാത്തുനിധിപോലെ.
തളിരൊളിപാരം തവപാണികൊണ്ടു
തവിട്ടുധൂളിയായതു മാററി.
കളമൊഴിനമ്മെയകലത്താക്കുന്ന
ചെളിവൂണ്ടവൈരക്കുള മയ്യോ!
തളിർ മേനി! നമ്മളിരുവരുമിനി-
ത്തളരാതെ; കേണാൽ ഫലമെന്തേ?
മറവിയായിട്ടു മിരുളിലെൻ വൃത്തം
വിരവിൽ തള്ളുകസരളേ! നീ
അഴകെഴുന്നൊരാനിഴലിൻ മാഹാത്മ്യം
കഴിവില്ലല്ലിനു മറിയുവാൻ!
നിയതിതന്നസി പതനമേററിടം
നിരവധിനരർ നിപതിച്ചു.
പ്രണയരാശികൾ മിഴിനീർ വാക്കുന്ന
പ്രഥമരംഗമല്ലിതു ബാലേ!
കരയല്ലേ തങ്കം, വിധിയിദമെങ്കിൽ
പിരിയാതെങ്ങനെ പുലരും നാം
അരിയസുപ്രഭാപരിപൂതസ്ഥല-
മരികിൽകാണുന്നു വിടകൊൾവാൻ.

—

## വെള്ളിയോടം

(മുള്ളുകാട്ടിൽ, കെ. ഗംഗാധരനാശാൻ)

സ്നേഹനിർമ്മലനീർനിറഞ്ഞുള്ളൊര-
സ്സാഹിതീസരസ്സാന്തരമിക്കുവാൻ
വെള്ളിയോടമൊന്നുണ്ടാക്കിയങ്ങതി-
ന്നുള്ളിലേററിയാനന്ദകരങ്ങളാൽ
മെല്ലെമെല്ലെത്തുഴഞ്ഞുനയിച്ചിതെൻ-
ചെല്ലമാം കവിതാഞ്ചിതകന്യയെ
ഉല്ലസൽപ്രിയസൗരഭ്യസാരസ-
തല്ലജങ്ങളാൽ മൂടിമനോഹരം.

സ്നേഹഗീതങ്ങൾരാഗരത്നാവലീ-
മോഹനമാം പ്രണയപ്രദീപങ്ങൾ
പ്രേമപൂവ്വും പൊഴിഞ്ഞുഞാനേററവും
ക്ഷേമയോഗപ്രദം പരിപാവനം.
ലീനയായതിൽ തെല്ലുതിരിഞ്ഞവ-
ളൂനമററൊരനീലവിലോചനം
കോൾമയിർക്കൊള്ളുമാറൊന്നുനീട്ടിനി-
രാമയം മമ നേക്കയച്ചങ്ങനെ
വർണ്ണനാതീതയായ് ലസിക്കും വര—
വർണ്ണനീമണിമന്ദം കുനിഞ്ഞുടൻ
വർണ്ണവിഗ്രഹപോലൊരു നവ്യ സു-
വർണ്ണവീണയെടുത്തതിൻ തന്ത്രികൾ
ചെറവമീട്ടിത്തുടങ്ങിനാ, നെന്മനോ-
ഭിത്തിയിലതിൻ മന്ദ്രപ്രതിധ്വനി
ഉററരാഗപ്രദീപ്ത ചിത്രങ്ങളാൽ
മുററമേതോപുലമ്പിയവ്യക്തമായ്
ചന്ദ്രികാനന്ദശീതളച്ഛായയി-
ലിന്ദ്രനീലചഷകങ്ങളെന്നപോൽ
മിന്നിമിന്നിത്തെളിഞ്ഞിതു, ലോചന-
ദ്വന്ദ്വവും, നവസൗന്ദര്യസാരവും.
ജ്ഞേയവിജ്ഞേയമാംകുമുദങ്ങളാ-
ലായതശ്രീയെഴും സരസ്സന്തിമേനാ
പുഞ്ചിരിച്ചു തിരക്കൈകൾനീട്ടിയൊ-
ന്നഞ്ചിതാഭം തഴുകിത്തുടങ്ങവേ
തോണിമെല്ലെക്കരയ്ക്കണച്ചമ്മണി-
വീണതാഴവച്ചെങ്ങോമറഞ്ഞവൾ.

—

## വിരഹാനന്ദം

(ആർ. സുഗതൻ)

മറവിതൻ മാറിൽ നാം രണ്ടുപേരും
മരവിച്ചു മായുന്ന നാൾ വരെയും
മധുരസ്മരണകൾ നീണ്ടുനിന്നാൽ
"മധുരീ" വിരഹം—വിരഹമാണോ?
ഞൊടിയിടയ്ക്കുള്ളിലഴിയുകില്ലീ-
ത്തുടിലതപോലെ, പ്രണയപാശം.
അകമൊന്നായ് തീന്നവരങ്ങുമിങ്ങും
അകലുകിലായതും ബന്ധമത്രേ.
അഴകിന്നപ്പുറത്താനന്ദത്തിൽ
വഴിയിലിന്നമ്മെയണച്ചു നിത്തി,
മിഴിയിണയെത്താത്തൊരുദ്യാനത്തിൽ
അഴിയാത്ത സൗരഭ്യമേകിയേകി,
തഴുകുന്ന "താവളം" വേർപാടാകും
പുഴയുടെ പുത്തൻ പുളിനമത്രേ.
അഴകിന്റെ സാമ്രാജ്യമാമതിന്മേൽ
മിഴിനീർ പുഴ നീ യൊഴുക്കരുതേ!
ഒരുമിച്ചൊരേടത്തൊരേവിധത്തിൽ
മരുവുകിലില്ല പുതുമയൊട്ടും.
വിരഹം വിചാരത്തിന്നുററമേറവും
പരമാത്മ ബന്ധുവാണോമലാളേ!
പ്രണയസുധയിൽ സുഖം വളർത്തും
പ്രണവസ്വരൂപി വിരഹമത്രേ.
അതിനെയൊരാത്മ സഖിയെപ്പോലെ
പതിവായി നീയും പുണർന്നുകൊൾക.
കരളറിഞ്ഞുള്ളപ്രണയ സൗഖ്യം
വിരഹികൾ നിത്യവും നീണ്ടുകാണ്മൂ!
അരികത്തു നമ്മളണഞ്ഞു പോയാൽ
ചിരവിരഹാത്തി; —ക്ഷണിക സൗഖ്യം.
അതിനെക്കൊതിച്ചു കരയുവോക്കു
പതിവായി ജീവിതം ഭാരമാകും.
വിരഹവ്യഥിതമാം ചിത്തമൊന്നേ
സ്ഥിരപരമാനന്ദം കാണുകുള്ളു.

—

## തിയ്യരും കേരളസംസ്ഥാനവും

—

തമിൾ, തെലുങ്കു, മലയാളം, കർണ്ണാടകം ഈ ഭാഷകൾ സംസാരിക്കുന്ന പ്രദേശങ്ങളെ പ്രത്യേക സംസ്ഥാനങ്ങളാക്കണമെന്നുള്ള ഒരു നിശ്ചയം മദ്രാസ് അസംബ്ളിയിൽ പാസ്സായിട്ടുണ്ടല്ലൊ. ഒരു പ്രത്യേക സംസ്ഥാനമാക്കിയാലുണ്ടാകുന്ന ചിലവുകൾ വഹിക്കാനുള്ള കഴിവു മലബാറിനുണ്ടെങ്കിൽ ഈ വിഭജനം മലബാറിനു പലവിധത്തിലും ഗുണകരമായിരിക്കും. മദ്രാസ് പ്രസിഡൻസി ഇപ്പോൾ പരമാർത്ഥത്തിൽ തമിഴരുടെ പ്രസിഡൻസിയാണ്. തമിഴരെ സമ്മതിപ്പിച്ചല്ലാതെ മലയാളികളുടെ ആവശ്യങ്ങൾ നിറവേററുവാൻ മാർഗ്ഗമില്ല. ഈ നിലയിൽനിന്നുണ്ടാകുന്ന ഫലം മലബാറിന്റെ താല്പര്യങ്ങൾക്കു വേണ്ടത്ര ഗണന കിട്ടുന്നില്ലെന്നുള്ളതാണ്. മലബാറിലെ തീയ്യർ പ്രത്യേകിച്ചും മലബാർ സംസ്ഥാനവാദത്തിനു അനുകൂലിക്കയാണ് വേണ്ടതെന്നു തോന്നുന്നു. മലബാറിലു തീയ്യർ പലതുകൊണ്ടും ഒന്നാമത്തെ സമുദായമാണെന്നു പറയാം. എന്നാൽ അനുഭവത്തിൽ അവർ അഗണ്യകോടിയിൽ തള്ളപ്പെട്ടിരിക്കയാണ്. കൊച്ചിയിലും തിരുവിതാംകൂറിലും ഇപ്പോൾ തീയ്യർ രാഷ്ട്രീയമായ എല്ലാ കാര്യങ്ങളിലും പ്രധാനമായി ഗണിക്കപ്പെടുന്ന ഒരു സമുദായമായിട്ടുണ്ട്. അതു പ്രധാനമായി അവരുടെ സംഖ്യാവലുപ്പംകൊണ്ടാണ്. ആ വലുപ്പം അതിലും അധികമായി മലബാറിലുണ്ട്. എന്നാൽ തിയ്യരെപ്പോലെ തന്നെ വലിയ സമുദായങ്ങൾ മദ്രാസ് പ്രസിഡൻസിയിൽ വേറെയും ഉള്ളതുകൊണ്ടു തിയ്യർക്കു അവർ അർഹിക്കുന്ന ഗണന തീരെ കിട്ടാൻ ഇടവരുന്നില്ല. മലബാർ ഒരു പ്രത്യേക സംസ്ഥാനമായാൽ കൊച്ചിയിലും തിരുവിതാംകൂറിലും തിയ്യർക്കു ഇപ്പോൾ രാഷ്ട്രീയകാര്യങ്ങളിൽ കിട്ടിവരുന്ന ഗണനയിൽ കവിഞ്ഞ ഗണന മലബാറിലെ തിയ്യർക്കു കരസ്ഥമാക്കുവാൻ സാധിക്കുന്നതാണ്. തീയ്യരുടെ അവശതകൾ പരിഹരിക്കുവാൻ അപ്പോൾ എളുപ്പം സിദ്ധിക്കുന്നതാണ്. ഏതായാലും മലയാളസംസ്ഥാനവാദം തിയ്യരുടെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു വിഷയമാണെന്നുള്ളതിൽ സംശയമില്ല.

മിതവാദി

—:—


# നവജീവൻ

വരിസംഖ്യവിവരം

| | | | | |
|---|---|---|---|---|
| ഒരുആണ്ടേത്തേക്ക് | (അഞ്ചലിൽ) | 4. | 0. | 0. |
| ,, | (തപാലിൽ) | 5. | 0. | 0. |
| ,, | (ഇൻഡ്യയ്ക്കുപുറമെ) | 6. | 0. | 0. |

ഒററപ്രതിക്ക് ഒരണാമാത്രം

മൂന്നുമാസത്തെ വരിസംഖ്യ മുൻകൂർഅയച്ചു അപേക്ഷിക്കുക.

മാനേജർ

കൗമുദി (Sole Agents, the Navajeevan)

പേട്ട, തിരുവനന്തപുരം

ചെറുകഥ

# കന്യാകുമാരിയിൽ

മദ്ധ്യവേനൽ ഒഴിവിനു കന്യാകുമാരിയിൽ താമസിച്ചിരുന്ന ജഡ്ജി മിസ്റ്റർ എം. ഗോവിന്ദനെ കാണാൻ പുറപ്പെട്ട ഞങ്ങൾ മോട്ടോർ ഷെഡ്ഡിൽ ചെന്നപ്പോൾ തന്നെ സുന്ദരിയായ ഇന്ദിരയെ കണ്ടിരുന്നു. അവളുടെ പിതാവും പെൻഷൻഡ് സബ് ജഡ്ജിയുമായ രാമുണ്ണിമേനോനായിരുന്നു അവളുടെ സമീപം അന്നത്തെ 'മദ്രാസ് മെയിൽ' പത്രം വായിച്ചുകൊണ്ടിരുന്ന വൃദ്ധൻ. അദ്ദേഹത്തിന്റെ ഭാര്യ—കിളരം കുറ്റി, അന്തസ്സും ആഭിജാത്യവും തികഞ്ഞ ഒരു പ്രൗഢ—കോമളനായ ഒരു യുവാവിനോട് എന്തോ ഗാഢമായി സംസാരിച്ചുകൊണ്ട് അല്പം അകലെ നിന്നിരുന്നു. യുവാവ് മദ്രാസ് ഹൈക്കോടതിയിൽ ഒരു വക്കീലും ഇന്ദിരയുടെ ഭർത്താവും ആയ അരവിന്ദാക്ഷമേനോനായിരുന്നു.

പക്ഷെ ഈ വിവരമൊന്നും അപ്പോൾ ഞങ്ങൾ അറിഞ്ഞിരുന്നില്ല. റോഡരികിൽ ധാരാളമായി പൂത്തുനിന്ന പുന്നയും, മാവും പ്രഭാതവായുവിൽ നേരിയ സുഗന്ധം പ്രസരിപ്പിച്ചിരുന്നു. ബാലാർക്കരശ്മികൾ ഭൂമുഖത്തെ ചുംബിക്കുകയും, കാടും കുന്നും പാടങ്ങളും ഒന്നൊന്നായി ദൂരെ കണ്ടുതുടങ്ങുകയും ചെയ്തപ്പോൾ ഒരാഹ്ലാദം ഞങ്ങൾക്ക് അനുഭവമാകാതിരുന്നില്ല. ബസ്സിൽ ഞങ്ങളെക്കൂടാതെ മലബാർകാരായ ആ ചെറിയ കുടുംബവും അവരുടെ വാല്യക്കാരനും മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ, അവരുമായി പരിചയപ്പെടാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു. അല്ലെങ്കിൽ ആ മനോഹരമായ ആ പ്രഭാതത്തിൽ ആർക്ക്, എത്രനേരം മൂകമായിരിക്കാൻ കഴിയും?

അവരും കന്യാകുമാരിയിലേക്കു പോകയായിരുന്നു. ബസ്സ് തക്കല എത്തുന്നതിനു മുമ്പുതന്നെ അരവിന്ദാക്ഷമേനോനും ഞങ്ങളും ചിരകാല പരിചിതന്മാരെപ്പോലെ ആയിത്തീർന്നിരുന്നു. അന്യൂനമായ ധിഷണാശക്തിയും സ്വഭാവമാധുര്യവും മൂലം, പ്രസന്നമായ ഒരു ഭാവി സംശയരഹിതമായി പ്രതീക്ഷിക്കപ്പെടാവുന്ന ഒരു മാന്യയുവാവാണ് അരവിന്ദാക്ഷമേനോനെന്ന് വളരെ വേഗം തന്നെ ഞങ്ങൾക്കു മനസ്സിലായി. പരസ്പരസംബന്ധമില്ലാത്ത പല ലോകകാര്യങ്ങളും പറഞ്ഞാണ് ഞങ്ങൾ ആദ്യത്തെ മണിക്കൂർ കഴിച്ചത്. അതിനിടയിൽ, ആ യുവതി ഒന്നോ രണ്ടോ തവണ അരവിന്ദാക്ഷമേനോനെ നോക്കി എന്തോ ചോദിക്കാൻ ഭാവിച്ചു എങ്കിലും എന്റെ അപരിചിതമായ മുഖത്തു ദൃഷ്ടികൾ പതിയുകയും, അനന്തരചിന്തയിൽ ആ ചോദ്യങ്ങൾ അവയുടെ ഉത്ഭവസ്ഥാനത്തു തന്നെ ഉറഞ്ഞു പോവുകയും ചെയ്തു.

ആ സുന്ദരിയുടെ മുഖസരോജം വല്ലാതെ വാടി വിളറിയിരുന്നതിനാൽ ആയുശ്ശോഷമായ രോഗശയ്യയിൽനിന്ന് അവൾ അടുത്തകാലത്തെങ്ങാനുമാണ് മോചനം പ്രാപിച്ചതെന്നോ, അല്ലെങ്കിൽ ഏതോ ഭയങ്കരരോഗത്തിന്റെ ആക്രമണത്തിന് അവൾ വിധേയയായിരിക്കുന്നെന്നോ മാത്രമേ തോന്നിയിരുന്നുള്ളു.

ഞാൻ ആ യുവതിയുടെ ചേഷ്ടകൾ ആരും അറിയാതെ സൂക്ഷിച്ചിരുന്നു. തെക്കൻതിരുവിതാംകൂറിലെ, കേരളക്കരയുടെ മററു ഭാഗങ്ങളിൽ നിന്ന് തീരെ വിഭിന്നമായ, ഭൂപ്രകൃതി ആ സുന്ദരിയുടെ ഹൃദയത്തെ നിശ്ശേഷം വശീകരിച്ചപോലെ തോന്നി. ആരോടും ഒരക്ഷരം പറയാതെ കവിൾത്തടം കരതലംകൊണ്ടു താങ്ങി, ഒരു വശം ചരിഞ്ഞ് അവൾ ചിന്താമഗ്നയായി വെളിയിലേക്കു നോക്കിക്കൊണ്ട് വളരെനേരം ഇരുന്നു. എന്നാൽ പ്രാചീന ചരിത്രസംഭവങ്ങളുടെ സ്മരണകളെ ഉണർത്തുന്ന ദിക്കുകളിൽ കൂടിയും, അത്തരം ദിക്കുകൾ ദൂരെ കാണത്തക്കവണ്ണവും ബസ്സ് അതിവേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നപ്പോൾ, അല്പാക്ഷരങ്ങളെങ്കിലും ജിജ്ഞാസയോടുകൂടിയ അവളുടെ ചോദ്യങ്ങൾ അവളുടെ ഹൃദയത്തിൽ ആ ദിക്കുകളും ആ കാഴ്ചകളും ഒരിക്കലും അഴിവുവരാത്തവിധം പണ്ടേ ലേഖനം ചെയ്തിരുന്നു എന്നു വ്യഞ്ജിപ്പിക്കാതിരുന്നില്ല. ആ ചോദ്യങ്ങൾക്കിടയിലും പ്രേമം നിറഞ്ഞ അവളുടെ നയനങ്ങൾ അരവിന്ദാക്ഷന്റെ മുഖത്തു ക്ഷണനേരം വിശ്രമിക്കുകയും അപ്പോഴെല്ലാം ദുഃഖം അടക്കിക്കൊണ്ട് രണ്ടുപേരും മന്ദഹസിക്കാൻ ശ്രമിക്കുകയും ചെയ്തുവന്നു.

കന്യാകുമാരിയിലെത്തുംപോഴേക്ക്, ഒട്ടൊക്കെ അരവിന്ദാക്ഷമേനോൻ പറഞ്ഞും, ഒട്ടൊക്കെ ഊഹിച്ചും ഏതാണ്ട്, അവരുടെ ദുഃഖപൂർണ്ണമായ കഥ ഞങ്ങൾ ഗ്രഹിച്ചു.

ii

അരവിന്ദാക്ഷൻ മദ്രാസിൽ പ്രസിഡൻസി കാളേജിൽ ചേർന്നപ്പോൾ, ഇന്ദിര വിടരാറായ ഒരു മോഹനമുകുളം മാത്രമായിരുന്നു. അവ്യക്തവും അത്ഭുതകരവുമായ മധുരവികാരങ്ങൾ ഹൃദയത്തിൽ സ്ഫുടിച്ചുവരുന്ന ഇളം യൌവനത്തിൽതന്നെ ആ ഓമനപ്പെൺകിടാവ് അരവിന്ദാക്ഷന്റെ ജീവനും ജീവനായി കഴിഞ്ഞു. ഇന്ദിരയുടെ അന്യാദൃശമായ അംഗലാവണ്യം അതിമോഹനമായ യൌവനത്തോടും, കവിതനിറഞ്ഞ ഒരു അത്ഭുത ഹൃദയത്തോടും സമ്മിളിതമായപ്പോൾ, വിദ്യാസമ്പന്നരും ധനപതികളുമായ പല യുവാക്കന്മാരും അവളുടെ മൃദുകരം കൊതിച്ചു നെടുവീർപ്പിട്ടുതുടങ്ങി. എന്നാൽ അവളുടെ പിതാവായ രാമുണ്ണിമേനോൻ അവളെ അരവിന്ദാക്ഷനായി സങ്കല്പിച്ചുകഴിഞ്ഞിട്ടു മാസങ്ങളും ഋതുക്കളും അപ്പോഴേക്കു പലതുകഴിയുകയും അതിനിടയിൽ അപ്രമേയമായ പരസ്പരാകർഷണം, ഹൃദയം നിറഞ്ഞുകവിഞ്ഞൊഴുകുന്ന പ്രണയമായി മാറുകയും ചെയ്തിരുന്നു. അല്ലെങ്കിൽ കതിരവന്റെ കനകരശ്മിയിൽ മുങ്ങിയ ഒരു താമരമൊട്ടു വിടരാൻ അറച്ചുറച്ചുചിത്രകാലമാണ് നറുംതേനാലിൽ തുള്ളിക്കളിച്ചു നില്ക്കുക? കാലംവന്നപ്പോൾ ആ സുകുമാരി ആ യുവാവിന്റെ ഹൃദയവാടിയിൽ സുരഭിലവും മനോജ്ഞവും ആയ ഏകസുമംപോലെ വികസ്വരമായി.

അരവിന്ദാക്ഷൻ ബി. എൽ. പരീക്ഷ ജയിച്ചു മദ്രാസ് ഹൈക്കോടതിയിൽ സന്നതെടുത്തതിന്റെ മൂന്നാംകൊല്ലം അവരുടെ വിവാഹംകഴിഞ്ഞു. അപ്പോഴേക്കും പൂവിനേക്കാൾ മൃദുലവും ദുർബലവുമായ അവളുടെ കോമളകളേബരം, കുടുംബപാരമ്പര്യം വഴി അവൾക്കും സിദ്ധിച്ച രാജയക്ഷ്മാവിന്റെ ആക്രമണത്തിനു വിധേയമായിത്തീർന്നു. ഹാ! ആ മോഹനകുസുമത്തെ, അതു പൂർണ്ണമായും വികസിച്ച് അതിന്റെ സുരഭിലത സർവത്ര വ്യാപിച്ചുകഴിയുംമുമ്പുതന്നെ ഒരു ചെറു കീടം തുളച്ചു നശിപ്പിച്ചു തുടങ്ങിയിരുന്നു! ആദ്യമാദ്യം ഇന്ദിരയെ ബാധിച്ചിരുന്ന "പൊള്ളച്ചുമ"യ്ക്കു ഹേതു ജലദോഷം മാത്രമാണെന്നേ എല്ലാവരും കരുതിയിരുന്നുള്ളു. എന്നാൽ അവളുടെ ശരീരം ശോഷിച്ചു തുടങ്ങുകയും, അസ്വാഭാവികമായ ഒരു വറണ്ട വിളർച്ച അവളുടെ തുടുതുടുത്ത കവിൾത്തടത്തിൽ പരക്കുകയും ചെയ്തപ്പോൾ മാത്രമാണ്, നിസ്സാരമായ ആ ചുമയുടെ ഗൗരവം അരവിന്ദാക്ഷനും ഇന്ദിരയുടെ മാതാപിതാക്കന്മാരും അവരുടെ ആലോചനാവിഷയമാക്കിയത്. സകല സൌഭാഗ്യങ്ങളും തികഞ്ഞ്, മാതാപിതാക്കന്മാരുടെ അതിരുകടന്ന ലാളനകൾക്കു പാത്രമായി, സർവോപരി, പരമയോഗ്യനായ ഒരു ഭർത്താവിന്റെ ഹൃദയം ചിന്തുന്ന പ്രേമാമൃതത്തിൽ നിമഗ്നയായിരുന്ന ആ യുവതി, ദുഃഖമാകുന്ന കാർമേഘത്തിന്റെ ശകലമെങ്കിലും അവളുടെ ജീവിതനഭസ്സിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നറിഞ്ഞതേയില്ല.

എന്നാൽ വിധിയുടെ വികടത്വം ഒരു മൂന്നുമാസക്കാലംകൊണ്ട് എന്തെല്ലാമാണ് സൌഭാഗ്യസമൃദ്ധമായ ഒരു മനുഷ്യജീവിതത്തിൽ വരുത്തിവയ്ക്കാത്തത്? ജീവിതം പളുങ്കുപാത്രംപോലെ ദുർബ്ബലവും, വിരൽകൊണ്ടുമാത്രം മുട്ടിയാൽ തകർന്നുപോകുന്നതും ആണെന്ന് ഒരു കവി വ്യസനിച്ചതു വെറുതെ അല്ല. ആഹ്ലാദപൂർണ്ണമായ ഒരു കുടുംബം വിധിന്യായത്തിനു വിധേയമായി, ദുഃഖത്തിന്റെ നേരിയ മൂടൽമഞ്ഞിൽ മുഴുകി. ഡാക്ടർ പണ്ടാലയുടെ വിദഗ്ദ്ധമായ 'പാശ്ചാത്യ ധന്വന്തരീത്വ'ത്തിനുപോലും ഇന്ദിരയുടെ മനോഹരജീവിതത്തെ സാവധാനത്തിൽ കരണ്ടു നശിപ്പിച്ച ആ ഭയങ്കരരോഗത്തെ ഉന്മൂലനം ചെയ്യാൻ സാധിച്ചില്ല. അവളുടെ രോഗം ഭേദമാവുക അസാദ്ധ്യമെന്നും, താൻ ഒഴിയുന്നു എന്നും ഡാക്ടർ ജഡ്ജിയദ്ദേഹത്തെ ഗൂഢമായി ഗ്രഹിപ്പിച്ചു. ജനനിബിഡമായ ആ നഗരത്തിൽനിന്ന് നാട്ടുമ്പുറത്തേക്കു താമസം മാററണമെന്നും, അതിരുകടന്ന ഹൃദയസ്തോഭം,—സന്തോഷമായാലും സന്താപമായാലും—ഇന്ദിരയ്ക്കു പെട്ടെന്നുണ്ടാകാതെ കരുതിക്കൊള്ളണമെന്നും അദ്ദേഹം ഉപദേശിച്ചതനുസരിച്ചു ഇന്ദിരയുമായി എല്ലാവരും സ്വദേശമായ മലബാറിലേക്കു മടങ്ങി. തല്ക്കാലം തെല്ലൊരാശ്വാസം അവൾക്കുണ്ടായി. എങ്കിലും, രോഗം വളരെ വേഗം വർദ്ധിച്ചുവരികയാണു ചെയ്തത്. തന്റെ അവധിയില്ലാത്ത സ്വത്തു മുഴുവൻ പോയാലും തരക്കേടില്ല, തന്റെ വാത്സല്യഭാജനമായ മകളുടെ ജീവനെ എങ്ങനെ എങ്കിലും രക്ഷിച്ചാൽ മതിയെന്ന വിചാരമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അരവിന്ദാക്ഷമേനോനാകട്ടെ, തന്റെ പ്രേമസർവസ്വത്തെ ശുശ്രൂഷിക്കാൻ വക്കീൽപ്പണിയും നിറുത്തിവച്ചു.

ഇന്ദിരയുടെ ജീവിതദിനങ്ങൾ എണ്ണപ്പെട്ടുപോയി എന്ന വിവരം അവൾ അറിയരുതെന്ന് എല്ലാവർക്കും ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ കാലക്രമംകൊണ്ട്, അവൾ അറിയാതെതന്നെ അവളുടെ ദുഃഖം ശോകസങ്കലിതമായിത്തീർന്നിരുന്നുവെന്നും, ഒരു നിരുത്സാഹം, ഒരു മൂകത, അവളെ ബാധിച്ചിരുന്നെന്നും എല്ലാവർക്കും മനസ്സിലായി. ലോകമാകുന്ന പുഷ്പവാടിയിൽ ദുഃഖമെന്നതെന്തെന്നറിയാതെ പാടി നടന്ന ആ പൂങ്കുയിൽ പഞ്ജരസ്ഥയായി. ആഹ്ലാദരഹിതയായി, ചിന്തനൊന്തു ദിനരാത്രങ്ങൾ കഴിച്ചുതുടങ്ങി. അരവിന്ദാക്ഷൻ അവളെ ആനന്ദിപ്പിക്കുന്നതിനു ഷെല്ലിയുടേയും കുമാരനാശാന്റെയും മററും കവിത അവളുടെ നിർബന്ധപ്രകാരം ചൊല്ലികേൾപ്പിക്കുമ്പോഴും, അവളറിയാതെ അവളെ ഉററുനോക്കിക്കൊണ്ടു ഒളിവിൽ നില്ക്കുമ്പോഴും, ദുഃഖപൂർണ്ണമായ ചിന്തയിൽ മുഴുകി അവൾ നെടുവീർപ്പിടുന്നതു പലപ്പോഴും കണ്ടിരുന്നു. അതുപോലെ, പ്രേമസൂനമായി, അവളുടെ വിശാലനയനങ്ങളിൽ നിന്നു പുറപ്പെട്ട

നോട്ടങ്ങളിൽ അവളുടെ സന്തപ്ത ഹൃദയത്തിന്റെ പ്രതിബിംബം പ്രത്യക്ഷപ്പെടാതെയുമിരുന്നില്ല. "എനിക്കു ഒരു ദുഃഖവും, ഒരു അസുഖവും തോന്നുന്നില്ല" എന്ന് അവൾ തന്നെ ഹൃദയമലിഞ്ഞു നോക്കിക്കൊണ്ടു നില്ക്കുന്ന അരവിന്ദാക്ഷനോടു മന്ദഹാസ സമന്വിതം പറയുവാൻ ശ്രമിക്കുമ്പോൾ അവളുടെ ദീർഘനയനങ്ങളിൽ അശ്രുക്കൾ നിറഞ്ഞു കപോലങ്ങളിൽക്കൂടി മുറിഞ്ഞുവീഴുന്നതും അയാൾ പലപ്പോഴും കണ്ടിരുന്നു. പക്ഷെ ആ കണ്ണീരിന്റെ ജനയിതാക്കളായ ചിന്തകളെ അവൾ ഹൃദയത്തിന്റെ ആഴത്തിൽ ആരുടെയും ദൃഷ്ടിയിൽ പെടാത്തവണ്ണം എന്നേക്കുമായി കുഴിച്ചിടുക മാത്രമാണു ചെയ്തതു്. ആ ഓമനസുമം ഞെട്ടററു വീഴാറായി! എങ്കിലും, അവളുടെ മാതാപിതാക്കന്മാൎക്കും പ്രേമസർവ്വസ്വമായ അരവിന്ദാക്ഷനും ഒരു വേദനയും താൻമൂലം ഉണ്ടാകരുതെന്നു കരുതി, ചിരിച്ചും സന്തോഷഭാവം കാട്ടിയും കഴിയുന്നതിനു തന്നെ അവൾ നിഷ്ഫലമായി ശ്രമിച്ചിരുന്നു

അങ്ങനെയിരിക്കുമ്പോഴാണു കന്യാകുമാരി കാണണമെന്ന ആഗ്രഹം ഇന്ദിര പുറത്തു പറഞ്ഞതു്. കവികളുടെ ഭാവനാശക്തിയേയും അതിശയിക്കത്തക്കവണ്ണം രമണീയമായ പല കാഴ്ചകളാലും, ചരിത്രസംഭവങ്ങളാലും വിശ്രുതമായ ആ 'പുണ്യക്ഷേത്രം' ഇന്ദിരയ്ക്കു ബാല്യകാലം മുതല്ക്കേ അത്ഭുതകരമായ ഒരു സ്വപ്നലോകമായിരുന്നു. അവളുടെ ഏതു് ആഗ്രഹവും സാധിച്ചുകൊടുക്കാൻ സന്നദ്ധനായ പിതാവു് യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളെല്ലാം വേഗം പൂർത്തിയാക്കി. അങ്ങനെ ദുഃഖത്തിന്റെ നിഴലിൽ ആ ചെറിയ കുടുംബം കന്യാകുമാരിയിലേക്കു പോകുമ്പോഴാണു് ഞങ്ങൾ ആകസ്മികമായി പരിചയപ്പെട്ടതു്.

III

പല സ്മരണകളും ജീവാവസാനംവരെ നിലനിറുത്തുന്ന ആ യാത്ര കന്യാകുമാരിയിൽ അവസാനിച്ചു. ഗവമ്മെൻറു ററി. ബി.യിൽ താമസത്തിനു വേണ്ട സൌകൎയ്യങ്ങളെല്ലാം അവർ മുൻകൂട്ടി ചെയ്തിരുന്നു. ഞങ്ങൾ മിസ്റ്റർ ഗോവിന്ദന്റെ അതിഥികളായിരുന്നതിനാൽ ഒരു വൈഷമ്യവും ഞങ്ങൾക്കും ററി. ബി. യിൽ ഉണ്ടായില്ല.

പകൽ ഞങ്ങൾ ററി. ബി. യിൽ തന്നെ കഴിച്ചുകൂട്ടി. അതിനിടയിൽ മി. ഗോവിന്ദനും മി. രാമുണ്ണിമേനോനും പരിചിതരായി തീൎന്നു കഴിഞ്ഞിരുന്നു. ജീവിത നാടകത്തിലെ പല രംഗങ്ങളും കണ്ടു കഴിഞ്ഞ സംസ്കൃത ചിത്തരായ ആ വന്ദ്യവയോധികന്മാർ വൈകുന്നേരം 'ചതുരംഗ'ക്കളിയിൽ ഏൎപ്പെട്ടു. ശേഷിച്ച ഞങ്ങൾ കടൽപുറത്തേക്കും പുറപ്പെട്ടു.

നേരം സന്ധ്യയാകാറായി. ഞങ്ങൾ സമുദ്രത്തിലേക്കു തള്ളിനിന്ന ഒരു ഊക്കൻ കരിമ്പാറപ്പുറത്തു ചെന്നിരുന്നു. ഹാ! അവിടെ കണ്ട സർവ്വാനന്ദജനകമായ കാഴ്ച! ബംഗാൾ ഉൾക്കടലിന്റെയും അറേബ്യൻ സമുദ്രത്തിന്റെയും സംഗമസ്ഥാനമായി, പ്രസന്നമായ കന്യാകുമാരിക്കടലിൽ സൂൎയ്യബിംബം താണു തുടങ്ങിയിരുന്നു. കവി സങ്കല്പത്തേയും അതിശയിക്കുന്ന ആ ശോഭയേറിയ തങ്കത്തളിക ആകാശമണ്ഡലത്തിൽ അലസമായി സഞ്ചരിച്ച മേഘഖണ്ഡങ്ങളുടെ വിളുമ്പിൽ കസവു പിടിപ്പിക്കുകയും, ദൂരെ കന്യാകുമാരിക്ഷേത്രത്തിലെ പൊന്നാഴികക്കുടത്തിൽനിന്നു പ്രഭാപൂരം നാലുപാടും വിസ്തരമാക്കുകയും ചെയ്തിരുന്നു. വിശാലമായ ഇന്ദ്രനീലക്കല്ലുപോലെയും, ഭൂദേവിയുടെ നീലപ്പട്ടാംബരം പോലെയും നോക്കെത്താത്ത ദൂരംവരെ പരന്നുകിടന്ന മഹാസമുദ്രം ആ സമയം അത്യന്തം അഭിരാമമായിത്തീൎന്നിരുന്നു. സാഗരകന്യകകളുടെ നൃത്തകോലാഹലത്തിൽ ഇളകിയവയാണു് അപ്പോഴത്തെ ചെറുതരംഗങ്ങളെന്നും അവയുടെ സാന്ദ്രധ്വനി ആ സുന്ദരിമാരുടെ ദിവ്യഗാനമാണെന്നും ആരും ഉൽപ്രേക്ഷിച്ചുപോകുമായിരുന്നു. ഹാ! കന്യാകുമാരിയിലെ സൂൎയ്യാസ്തമയത്തെക്കാൾ ചേതസ്സമാകൎഷകമായ കാഴ്ച എവിടെയാണു കാണുക? സ്വപ്നസദൃശമായ മനുഷ്യജീവിതത്തിലെ അതിമോഹനമായ ഒരു ചെറു സ്വപ്നമല്ലാതെ മറെറന്താണിതു്?

സുന്ദരിയായ ഇന്ദിര ദിനകരൻ ഭൂമുഖത്തിനു അനുനിമിഷം ഉളവാക്കിയിരുന്ന രമണീയമായ ഭാവവ്യത്യാസങ്ങളിൽ ലയിച്ചു ഹൃദയത്തോടും അത്ഭുതാനന്ദങ്ങൾ തുളുമ്പി വികസിച്ച നയനപത്മങ്ങളോടുംകൂടി മൂകയായിരിക്കുകയായിരുന്നു. അവൾ ഇരുന്ന പാറയുടെ അടിവാരത്തിൽ അനുസ്യൂതമായി ഇരമ്പിയ അലകളും, കടലിൽ പൊന്തിനിന്ന "ശ്രീമൂലസ്ഥാനം" കരിമ്പാറയിൽ ചേക്കേറിക്കാൻ വട്ടമിട്ടു പറന്ന കടൽ കാക്കകളും, ചിറകുകൾ വിതിൎത്തു പറക്കുന്ന വലിയ കഴുകൻ പക്ഷികളെപ്പോലെ ചക്രവാളത്തോടു സമീപിച്ചു്, കച്ചാൻ കാററിൽ ഓടിക്കൊണ്ടിരുന്ന വള്ളങ്ങളും ഹൃദയത്തിന്റെ ഉള്ളറകളിൽ ഉറങ്ങിക്കിടക്കുന്ന ദുഃഖചിന്തകളെ ഉണൎത്തി, ആ സായാഹ്നത്തിൽ ആരെയും മൂകരാക്കാൻ പൎയ്യാപ്തമായവ ആയിരുന്നു.

ചക്രവാളത്തിൽ ഏതാനും നിമിഷം അറച്ചറച്ചു നിന്നിട്ടു്, ആ കനകഗോളം നീലജലത്തിൽ മുങ്ങിമറഞ്ഞപ്പോൾ ഇന്ദിരയുടെ ഉള്ളിൽനിന്നു് അവളറിയാതെ ഹാ! എന്നൊരു മൃദുശബ്ദം ഒരു നെടുനിശ്വാസത്തോടൊന്നിച്ചു പൊട്ടി പുറപ്പെട്ടുപ്പോയി. സർവ്വാനന്ദജനകമായ ആ കാഴ്ചയിൽ, ബാഹ്യചിന്തകൾക്കൊന്നിനും ഇടമില്ലാതായിത്തീൎന്ന ഹൃദയത്തോടെ അവ്യക്തങ്ങളും വിവിധങ്ങളുമായ ആത്മോല്ലാസങ്ങൾക്കു വിധേയരായി, ദൂരെ നോക്കിക്കൊണ്ടു ഞങ്ങളും അനങ്ങാതെയിരുന്നു.

ഹാ! 'കുമാരികന്യകയുടെ' വാസസ്ഥാനമായ ആ രമണീയ ഭൂവിഭാഗം—പല രാജവംശങ്ങളുടെ വൃദ്ധിക്ഷയങ്ങൾ കാണുകയും, ലോകാരംഭം മുതൽ ദിക്സഞ്ചാരികളെയും കപ്പലോട്ടക്കാരെയും തീൎത്ഥാടനക്കാരെയും ആകൎഷിക്കുകയും ചെയ്തിരുന്ന ആ പുണ്യഭൂമി—അവിടെ ഒരിക്കലെങ്കിലും പോയിട്ടുള്ള ആരുടെ ഹൃദയത്തിലാണു് ആജീവനാന്തം ഹൃദ്യങ്ങളായ സ്മരണകൾ ഉണൎത്താതിരിക്കുന്നതു്? ആ സായാഹ്നംതന്നെ ഇനി എന്നു് എങ്ങനെയാണു മറന്നുപോകുന്നതു്.

അപ്പോഴേക്കും ആകാശമണ്ഡലത്തിൽ അങ്ങിങ്ങായി പരിസ്ഫുരിച്ച നക്ഷത്രങ്ങൾ വിശ്വജനനിയുടെ ഹൃദയസ്പന്ദനത്തിനൊപ്പിച്ചു തൂമിഴികൾ തുറന്നും അടച്ചും ആ സായാഹ്നത്തെ അത്യന്തം അഭിരാമമാക്കി തുടങ്ങിയിരുന്നു. പെട്ടെന്നു്, അത്യാകൎഷകമായി, ആശ്ചൎയ്യകരമായ ശോഭയോടുകൂടി പൂൎണ്ണചന്ദ്രനും പൂർവ്വദിങ്മുഖത്തിൽ ഉദിച്ചുയരാൻ തുടങ്ങി. ആ 'വാർവെള്ളി മണ്ഡല'ത്തിൽനിന്നു മോഹനമായി, ശീതളമായി പൊഴിഞ്ഞ കിരണാവലി ഭൂലോകത്തെ ദേവലോകമായി രൂപാന്തരപ്പെടുത്തി. അപ്പോഴത്തെ അത്ഭുതസുഷമയിൽ ലീനമായ ഒരു കാന്തികന്ദളം പോലെ, കേവലസുഖം സമാസ്വദിച്ചു് ഇരുന്ന ഇന്ദിര പെട്ടെന്നു മോഹനമായ കാമോദരീ രാഗത്തിൽ, സ്ഫുടവും മധുരവുമായ സ്വരത്തിൽ ഇങ്ങനെ മൂളുവാൻ തുടങ്ങി:—

"അക്കനംപോയ് പടിഞ്ഞാറേഗ്ഗിരിതടം
പുക്കു പഴുപ്പിച്ച പൊൻകുടംപോൽ നിന്നു;
അംബരദപ്പ്ണത്തിൽ കിഴക്കായതു
ബിംബിച്ചപോൽനിന്നു പൂൎണ്ണേന്ദുബിംബവും
എന്നല്ല സന്ധ്യയാം ത്രാസിന്റെ പൊൻതട്ട
മെന്നപോലക്കേന്ദു മണ്ഡലം താനമേ
നിന്നു നൊടിയളവൊപ്പം; ദിനഭര—
ഖിന്നതയാലുടൻ താണിതു ഭാനുമാൻ;
മന്ദമന്ദം പിന്നെയന്തരീക്ഷത്തിലേ—
ക്കിന്ദുബിംബം സ്വയം പൊങ്ങിലഘുതയാൽ"

അന്നു പൌർണ്ണമിയായിരുന്നതിനാൽ ക്ഷേത്രത്തിൽ ഏതോ വിശേഷം നടന്നിരുന്നു. അപ്പോൾ ദൂരെ ക്ഷേത്രത്തിൽ നിന്നു പ്രവഹിച്ച നാഗസ്വരത്തിന്റെ മൃദുവായ കാകളി നിശാന്തവായുവിൽ ഓളം തല്ലി, ഇന്ദിരയുടെ ഗാനമധുരിയോടു സമ്മിളിതമായപ്പോൾ ചിന്താതീതവും ദിവ്യവുമായ ദുഃഖത്തിന്റെ നേരിയ ഒരു അല ഞങ്ങൾ എല്ലാവരുടേയും ഹൃദയത്തിൽ ഉളവായി. ഞങ്ങൾ സങ്കല്പസൃഷ്ടമായ ഒരു സ്വപ്നലോകത്തിൽ അതിലോലമായി മൃദുവായി ദൂരെ കേട്ട ആ കാകളിയിൽ കരളലിഞ്ഞു്, നിശ്ചലരായിരുന്നുപോയി! പിന്നെയും, ഓടക്കുഴലിൽ നിന്നെന്നോണം ഇന്ദിരയുടെ കംബുകണ്ഠത്തിൽ നിന്നു് —

"ചന്ദ്രിക വീണു ചക ചക ധാവള്യ—
മിന്ദ്രിയ മോഹനമുള്ളം ഹരിക്കയായ്"

എന്നിങ്ങനെ ആ ഗാനം തുടൎന്നു പുറപ്പെട്ടു. പെട്ടെന്നു് ആ യുവതിയുടെ കവിൾത്തടത്തിൽ കൂടി, മുത്തുമാലപൊട്ടിയപോലെ, കണ്ണീർക്കണങ്ങൾ പൊഴിഞ്ഞു.

"ഓമനേ, എന്താണു നീ ഇങ്ങനെ കരയുന്നതു്"? എന്നു് ഇന്ദിരയുടെ മാതാവു് അവളുടെ മുതുകിൽ തലോടിക്കൊണ്ടു ചോദിച്ചു.

"അമ്മേ, അമ്മേ, ശരീരത്തിനും ഹൃദയത്തിനും ഇതിനെക്കാൾ പരമാനന്ദപ്രദമായ ഒരു അവസ്ഥ ഞാൻ ഇനി അനുഭവിക്കാനില്ല. കുമാരീ ഭഗവതിക്കുപോലും പുളകമുണ്ടാക്കുന്ന ആ കാകളിയും, ഇന്നത്തെ പൂനിലാവും, വെള്ളിയുരുക്കിയൊഴിച്ചപോലെ പരന്നു കിടക്കുന്ന ഈ മഹാസമുദ്രവും അക്ഷയമായ പല സുകുമാരവികാരങ്ങളും സ്ഫുടിപ്പിച്ചു് എനിക്കു നിർവൃതിയരുളുന്നു. അരവിന്ദാക്ഷാ, ഈ പുണ്യഭൂമിയിൽ ഒരു ദിവസമെങ്കിലും ഞാൻ താമസിച്ചിരുന്നില്ലെങ്കിൽ എന്റെ ജീവിതം തൊലയാവട്ടപോലെ ശൂന്യവും കേവലം അപൂർണ്ണവും ആയിപ്പോകുമായിരുന്നു. തിരുമലനായിക്കന്റേയും, സുന്ദരപാണ്ഡ്യന്റേയും, മങ്കമ്മാളുടേയും സൈന്യനിരകൾ ഈ ദിക്കിൽ പാളയമടിച്ചിരുന്നതും, വിവേകാനന്ദൻ അക്കാണുന്ന ശ്രീമൂലസ്ഥാനം പാറയിൽ ഏകാന്തനിരതനായി, ധ്യാനനിമഗ്നനായി ഇരുന്നുപോയതും എല്ലാം എന്റെ ഭാവനാമണ്ഡലത്തിൽ എനിക്കു വ്യക്തമായി ചിത്രണംചെയ്യാൻ കഴിയും. അരവിന്ദാ, ഞാൻ ഇന്നു പൂർണ്ണമായും കൃതാൎത്ഥയായി. അനിർവ്വചനീയമായ ആനന്ദലഹരിയിൽ ഞാൻ എന്നെത്തന്നെ മറന്നുപോയിരിക്കുന്നു. അമ്മേ, നമുക്കു ഇനി ഈ പുരാണപ്രസിദ്ധമായ പുണ്യതീൎത്ഥത്തിൽ കുളിച്ചിട്ടു മടങ്ങിയാൽ പോരെ?"

"വേണ്ടാ, മകളേ, നാളെമതി; ഇപ്പോൾ നന്നേ തണുപ്പായിരിക്കുന്നു; അച്ഛനറിഞ്ഞാൽ കോപിക്കും"

ആ യുവതിയുടെ മുഖസരോജം വാടി. അവൾ അവളുടെ ഒടുവിലത്തെ അഭയസ്ഥാനമെന്ന മട്ടിൽ അരവിന്ദാക്ഷമേനോന്റെ മുഖത്തു പ്രേമമസൃണമായി നോക്കി. ആ യുവാവു് സ്നേഹവും കാരുണ്യവും നിറഞ്ഞ സ്വരത്തിൽ പറഞ്ഞു:—

"ഇന്ദൂ നാം ഇവിടെ വന്നതു തന്നെ നിന്റെ ഈ ഒരാഗ്രഹംമൂലമല്ലെ? നാളെ കാലത്താകട്ടെ."

ഇന്ദിര മുഷിഞ്ഞ ഭാവത്തിൽ എന്റെനേരേ തിരിഞ്ഞു പറഞ്ഞു:—"എന്താണു മിസ്റ്റർ ദാ—, ഇപ്പോൾ കുളിക്കുന്നതുകൊണ്ടു എന്താപത്താണു വരാൻപോകുന്നതു്?"

ആപത്തൊന്നുമില്ലെങ്കിലും, കാലത്തു കുളിക്കുന്നതാണു നല്ലതെന്നു ഞാനും പറഞ്ഞു.

"നിങ്ങളെ സ്വന്തം ജീവനേക്കാളും ആത്മാവിനെക്കാളും സ്നേഹിക്കുന്ന, നിങ്ങളെ ആരാധിക്കുന്ന, നിങ്ങളുടെ പ്രിയതമ എന്നെപ്പോലെ കേണപേക്ഷിച്ചാലും സമ്മതിക്കയില്ലെ?" എന്ന് ഇന്ദിര, അരവിന്ദാക്ഷമേനോന്റെ മുഖത്തു മന്ദഹാസപൂർവ്വം നോക്കിക്കൊണ്ട് എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു:—"എന്റെ പ്രിയതമയെ ഞാൻ സമ്മതിക്കയില്ലായിരുന്നു."

അതുകേട്ടു ഇന്ദിര മണിനാദംപോലെ പൊട്ടിച്ചിരിച്ചുകൊണ്ട് എണീററു.

ചക്രവാളത്തോടു സമീപിച്ച് ഒരു വള്ളം ഓടിക്കൊണ്ടിരുന്നു. വള്ളക്കാർ താളത്തിനൊപ്പിച്ചു തണ്ടും തുഴയും പൊക്കുമ്പോൾ ഉരുകിയ വെള്ളി അവയിൽ നിന്നു സമുദ്രത്തിൽ ഇററുവീഴുംപോലെ തോന്നി. ചന്ദ്രരശ്മികൾ നോക്കെത്താത്തദൂരംവരെ നിർമ്മിച്ചിരുന്ന പാലാഴി ആപാതമധുരവും ആലോചനാമൃതവുമായ ഒരു മഹാകാവ്യംപോലെ നീണ്ടുകിടന്നു. ചന്ദ്രമണ്ഡലത്തിലേക്കുള്ള ഒരു കനകനിശ്രേണി സമുദ്രത്തിൽ തെളിഞ്ഞുകണ്ടു. ഒടുവിൽ അത്യാഗ്രഹത്തോടെ ഒരിക്കൽക്കൂടി നാലുപാടും നോക്കിക്കൊണ്ട് ഇന്ദിര തിരിയാൻ ഭാവിച്ചു. പെട്ടെന്ന് ഒരു തിരമാല ഉരുണ്ടുകയറി, ആ പാറയിൽവന്നു മുട്ടി, മുമ്പിൽനിന്ന ഇന്ദിരയുടെ പാദപത്മങ്ങളെ സാഹസപ്പെട്ടു നനച്ചു.

"ആവൂ, ഇത്രയുമായി," എന്ന് അവൾ ഒരു നെട്ടവീർപ്പോടുകൂടി പറഞ്ഞു.

## iv

ഞങ്ങൾ ററി. ബി. യിലേക്കു മടങ്ങിവന്നപ്പോൾ മി. ഗോവിന്ദനും മി: രാമുണ്ണിമേനോനും, സമുദ്രത്തിന്നഭിമുഖമായി, ആ ബംഗ്ലാവിന്റെ മുൻവശത്തു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ഞങ്ങൾക്കായി ഒഴിച്ചിട്ടിരുന്ന മുറിയിൽ ചെന്നപ്പോൾ, അന്നത്തെ 'മദ്രാസ് മെയിൽ' മേശപ്പുറത്തുകിടക്കുന്നതുകണ്ട്, ഞാൻ അതെടുത്തു വായിക്കാൻ തുടങ്ങി. എന്റെ ഗുരുജനങ്ങളെ എന്നപോലെ ഞാൻ ബഹുമാനിച്ചുകഴിഞ്ഞിരുന്ന ആ വന്ദ്യ വയോധികന്മാരുടെ ഇംഗ്ലീഷും മലയാളവും കലന്ന് ഉറക്കേയുള്ള സംഭാഷണവും, കൂടക്കൂടെയുള്ള പൊട്ടിച്ചിരികളും, വായനയ്ക്കിടയിൽ എനിക്കു വ്യക്തമായി കേൾക്കാൻ കഴിഞ്ഞിരുന്നു.

മണി എട്ടരയായപ്പോൾ വെളിക്കുണ്ടായ ഒരു ചെറിയ ബഹളം പെട്ടെന്ന് എന്റെ ശ്രദ്ധയെ ആകർഷിച്ചു. ഞാൻ നോക്കുമ്പോഴേക്കും, "അയ്യോ, മകളെ," എന്ന് ഇന്ദിരയുടെ മാതാവു പരിഭ്രാന്തയായി വിളിക്കുന്നതുകേട്ട്, മിസ്റ്റർ രാമുണ്ണിമേനോനും മിസ്റ്റർ ഗോവിന്ദനും അടുത്തമുറിയിലേക്കു ധൃതിയായി പോകുന്നതാണു കണ്ടതു്. ഞാനും കൗതുകംപൂണ്ട്, എണീററ്, അങ്ങോട്ടുനടന്നു.

ഹാ! ഞാൻ അവിടെകണ്ടകാഴ്ച ജന്മാന്തരങ്ങളിൽ പോലും വിസ്മരിക്കാൻ എനിക്കു സാധിക്കയില്ല. അത്യുജ്ജ്വലമായ പ്രതിഭാവിലാസത്താൽ അനുഗൃഹീതയും ആരുടെ ഹൃദയത്തെയും പ്രഥമദർശനത്തിൽതന്നെ അപഹരിക്കത്തക്ക സൗന്ദര്യസമ്പത്തിന്റെ മൂർത്തീകരണവും ആയ സാധു ഇന്ദിര ഒരു "ലേഡീസ് ചെയറിൽ" സഞ്ജാതമുകുളമായ മുല്ലവള്ളി വാടിക്കുഴഞ്ഞപോലെ ഒരുവശം തലചെരിഞ്ഞ്, വെൺതാമരപ്പൂപോലെ വിളറി, പകുത ട

ഞ്ഞ മിഴികളോടുകൂടി പ്രജ്ഞയില്ലാതെ കിടന്നിരുന്നു. അവളുടെ നീണ്ടുചുരുണ്ടു നിബിഡമായ കുന്തളാവലി അഴിഞ്ഞു കുരുങ്ങി ആവെറും നിലത്തുകിടന്നിഴഞ്ഞു. അവളുടെ വാത്സല്യനിധിയായ മാതാവ് അശ്രുപൂർണ്ണമായ നയനങ്ങളോടെ അടുത്തു കുനിഞ്ഞുനിന്ന് ഒരു രാമച്ച വിശറികൊണ്ട് അവളെ വീശിയിരുന്നു. എന്താണിതിന്നു ഹേതുവെന്നറിയാതെ ഞങ്ങൾ അമ്പരന്നുനിന്നുപോയി. രാമുണ്ണിമേനോൻ "എന്ത്, എന്ത്, എന്താണ്?" എന്നു ചോദിച്ചതിന്ന്, ഹൃദയത്തിന്റെ അഗാധതലംവരെ തുളഞ്ഞുകയറുന്ന ദുഃഖംമൂലം ഒരു ചിത്രകാരനും ഒരിക്കലും ലേഖനംചെയ്യാൻ സാധിക്കാത്ത മുഖഭാവത്തോടെ അരവിന്ദാക്ഷമേനോൻ നിലത്തു ചൂണ്ടിക്കാണിക്കയാണു ചെയ്തതു്. ഹാ! അവിടെ ഇന്ദിര അല്പംമുമ്പെ ഛർദ്ദിച്ച അവളുടെ 'ജീവരക്തം' കട്ടിപിടിച്ച് ചെമ്പഞ്ഞിച്ചാറുപോലെ കിടക്കുന്നതു ഞങ്ങൾ കണ്ടു.

ഞങ്ങളുടെയെല്ലാം കണ്ണുകൾ നിറഞ്ഞു. പെട്ടെന്നു രാമുണ്ണിമേനോൻ, ഇടറിയസ്വരത്തിൽ, ആരോടെന്നില്ലാതെ, "ഡാക്ടർ, ഡാക്ടർ" എന്ന് ഉറക്കെപ്പറഞ്ഞു. അതു കേട്ടുതീരുംമുമ്പെ, അരവിന്ദാക്ഷമേനോൻ എന്റെ മുഖത്തു് ഒന്നു നോക്കുകയും, ഉത്തരക്ഷണത്തിൽ ഞങ്ങൾ മുററത്തെത്തുകയുംചെയ്തു.

ഡാക്ടരുടെ വീട്ടിൽ എത്തുന്നതുവരെ ഞങ്ങൾ ഒരക്ഷരം ഉരിയാടിയിരുന്നില്ല; എങ്കിലും, ഹൃദയം ചിന്തുന്ന ദുഃഖം ഞെങ്ങിഞെരുങ്ങി ബഹിർഗമിക്കുംപോലെ കൂടക്കൂടെ അരവിന്ദാക്ഷൻ നെട്ടതായി നിശ്വസിക്കുന്നതു് എനിക്കു വ്യക്തമായി കേൾക്കാമായിരുന്നു.

ഒരു ഇരുപതു മിനിററിനകം ഞങ്ങൾ ഡാക്ടർ രാമൻപിള്ളയുമായി തിരിച്ചെത്തി. അപ്പോൾ ഇന്ദിര ക്ഷീണിച്ചു വിവശയായി, ഞെട്ടററു വീഴാറായ തൂമലർപോലെ, ഒരു സോഫായിൽ കിടന്നിരുന്നു. ഡാക്ടർ ആ സുന്ദരിയെ നോക്കി നിശ്ചേഷ്ടനായി കുറച്ചുനേരം നിന്നു. ഹാ! വിശ്വമോഹനമായ ഈ സൌന്ദര്യധാമവും പ്രകൃതിയിലെ അനശ്വരകാന്തിയിൽ വിലയംപ്രാപിച്ചു പോകാറായല്ലോ എന്ന ഒരു ആകസ്മിക ചിന്തയാലായിരിക്കാം, അദ്ദേഹവും ദീർഘമായി ഒന്നു നിശ്വസിച്ചതു്. അനന്തരം അദ്ദേഹം ഇന്ദിരയെ ആകപ്പാടെ ഒന്നു പരിശോധിച്ചു; അവളുടെ ക്രമംതെററിയ ഹൃദയസ്പന്ദനവും, മുറിഞ്ഞു മുറിഞ്ഞുള്ള ശ്വാസവേഗവും ഡാക്ടരുടെ മുഖത്തു നിരാശയുടെ ഒരു നേരിയനിഴൽ വ്യാപിപ്പിച്ചു. ഇന്ദിരയുടെ നിർജ്ജീവങ്ങളായി, അർദ്ധമുകുളിതങ്ങളായ നയനപത്മങ്ങൾ അപ്പോൾ കാണേണ്ടതുതന്നെയായിരുന്നു. കഷ്ടം! കന്യാകുമാരിയിലെ അലൗകികമനോഹരമായ ചന്ദ്രോദയത്തിൽ പരമാനന്ദ നിമഗ്നമായി അല്പം മുമ്പെ ഞാൻ കണ്ട ആ നയനതാരകൾ കേവലം നിഷ്പ്രഭങ്ങളായിത്തീർന്നിരുന്നു!

ഡാക്ടർ തിരിഞ്ഞു, വേഗം ആ യുവതിയെ നെയ്യൂർ കൊണ്ടുപോകണമെന്നും ഡാക്ടർ സോമർവെൽ അന്നു മടങ്ങിയെത്തിയിട്ടുണ്ടെന്നും പറഞ്ഞു.

അരമണിക്കൂർ കഴിയുംമുമ്പെ, ഞങ്ങൾ ചിന്താമഗ്നരായി നോക്കിനില്ക്കെ, ഇന്ദിരയുമായി ഡാക്ടർ രാമൻപിള്ളയുടെ കാർ നെയ്യൂരിലേക്ക് അതിവേഗത്തിൽ പുറപ്പെട്ടു.

അടുത്തദിവസം ഞങ്ങൾ അടുത്തുള്ള പ്രദേശങ്ങളിലെല്ലാം ചുററിസഞ്ചരിച്ചു. ഇന്ദിരയുടെ ശോകാത്മകമായ കഥ ഞങ്ങൾ വിസ്മരിച്ചെന്നുതന്നെ പറയാം. നാലാംദിവസം ബുധനാഴ്ച ഞങ്ങൾ കന്യാകുമാരിയിൽനിന്നു മടങ്ങി. വഴിക്കുവച്ച് ഒന്നോ രണ്ടോ തവണ ആ യുവതിയുടെ സ്ഥിതി എന്തായിക്കാണുമെന്നുള്ളതിനെ സംബന്ധിച്ചു ഞങ്ങൾ സംസാരിക്കാതിരുന്നില്ല. പക്ഷെ, ബസ്സ് കൗതുകതരങ്ങളായ പല കാഴ്ചകളുടെ ഇടയിൽകൂടി പാഞ്ഞുപോകുമ്പോൾ, ദുഃഖചിന്തകൾക്കൊന്നിനും ഞങ്ങളുടെ ഹൃദയത്തിൽ ഒരു സ്ഥാനവും ഇല്ലായിരുന്നു.

ബസ്സ് തക്കലയെത്തി. യാത്രക്കാരിൽ ചിലർ അവിടെ ഇറങ്ങി; ചിലരെല്ലാം അവിടെനിന്നു കയറുകയും ചെയ്തു. ഉദാസീനമായി ഞാൻ ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ, അരവിന്ദാക്ഷമേനോനും രാമുണ്ണിമേനോനും ഭാര്യയും വാല്യക്കാരനും സ്വല്പം അകലെ വിഷാദമഗ്നരായി നിൽക്കുന്നതുകണ്ടു. ഞാൻ ആശ്ചര്യപരതന്ത്രനായി, ഇന്ദിര എവിടെ എന്നു നാലുപാടും നോക്കി. പക്ഷെ, ആ സുകുമാരിയെ അവിടെ എങ്ങും കാണാൻ കഴിഞ്ഞില്ല. ഞങ്ങൾ ഉടൻ തന്നെ ഇറങ്ങി അവരുടെ സമീപം ചെന്നു. ഒരക്ഷരം ഞങ്ങൾ ചോദിച്ചുമില്ല, അവർ പറഞ്ഞുമില്ല. ഞങ്ങളെ കണ്ടപ്പോൾ അരവിന്ദാക്ഷന്റെയും ആ അമ്മയുടേയും കണ്ണുകൾ നിറഞ്ഞു, കണ്ണീർ മുറിഞ്ഞു മുറിഞ്ഞു വീണുതുടങ്ങി. ഒടുവിൽ "ഹാ! എന്റെ മകൾക്കു കന്യാകുമാരിയിൽ ഒന്നു കുളിക്കാൻ സാധിച്ചില്ലല്ലൊ" എന്ന് ആ അമ്മ കരഞ്ഞുകൊണ്ടു പറഞ്ഞു. അപ്രമേയമായ ഒരു ദുഃഖഭാരത്തിന്റെ തള്ളിച്ചയാൽ ഞങ്ങളും മൂകരായി നിറഞ്ഞ കണ്ണുകളോടുകൂടി നിന്നുപോയി.

കന്യാകുമാരിയിൽനിന്ന് പോയതിന്റെ അടുത്തപ്രഭാതത്തിൽ, പക്ഷികൾ പാടുകയും, പൂക്കൾ വിടന്നു പരിമളം പൊഴിയുകയും, കതിരവന്റെ തങ്കിരണങ്ങൾ പച്ചിലത്തുമ്പിൽ പററിത്തൂങ്ങിയ ഹിമബിന്ദുക്കളെ മുത്തി, മുത്തുകളാക്കുകയും ചെയ്തപ്പോൾ, ആ കാന്തിപൂരത്തോട് ഇന്ദിര ഐക്യം പ്രാപിച്ചു എന്നു ഞങ്ങൾ അറിഞ്ഞു! നെയ്യൂർ ആശുപത്രിക്കു സമീപം, മനോഹരമായ ഒരു കുന്നിന്റെ ചരിവിൽ, പടന്നു പന്തലിച്ചുകിടന്ന ഒരു തേന്മാവിന്റെ തണലിൽ അവൾ നിത്യവിശ്രമസുഖം അനുഭവിക്കുന്നു. അവളുടെ സ്മരണയെ നിലനിറുത്താൻ വിദൂരവും വിജനവുമായ ആ ദിക്കിൽ മാർബിൾക്കല്ലുകൊണ്ട് വളരെ വിശേഷമായ ഒരു ചെറിയ ശവകുടീരം അവർ പണികഴിപ്പിച്ചു.

ഇപ്പോഴും ഞാൻ തനിച്ചിരിക്കുകയാണെങ്കിൽ ഇന്ദിരയുടെ വാടിവിളറി മരണമുദ്രപതിഞ്ഞ മുഖസരോജവും, പെട്ടെന്നു നിഷ്പ്രഭങ്ങളായിത്തീർന്ന വിലോലവിലോചനങ്ങളും എന്റെ മനോമുകുരത്തിൽ പ്രതിബിംബിക്കുകയും അപ്പോഴെല്ലാം സൂക്ഷ്മമായ ഒരു ദുഃഖകല്ലോലിനി എന്റെ ഹൃദയത്തെ തരളമാക്കുകയും ചെയ്യാറുണ്ട്.

---


## ശ്രീബുദ്ധചരിതം ഗദ്യം
വില രൂപാ ഒന്ന്

മഹാ രാജശ്രീ എം. രാമവർമ്മതമ്പാൻ അവർകൾ ബി. ഏ. എൽ. ടി. പറയുന്നതു നോക്കുക:—

"ഈ പുസ്തകം എവരും വായിച്ചിരിക്കേണ്ട ഒന്നുതന്നെയാണ്. സംശയമില്ല.

അപേക്ഷിക്കേണ്ടും മേൽവിലാസം
പി. നാരായണൻമുൻഷി
മയ്യനാട്

# ഈ അത്ഭുതലോകം

## ബാംബിനെ പ്രതിരോധിക്കാൻ

ജർമ്മനിയിൽ ചെയ്തിരുന്നതുപോലെ ബോംബുകൾവീണാൽ, കേടുവരാത്തവണ്ണം കെട്ടിടങ്ങളുടെ മുകൾഭാഗം മൂടുന്നതിനുള്ള ഉപകരണങ്ങൾ ലണ്ടനിലും ഇപ്പോൾ ഉണ്ടാക്കിത്തുടങ്ങിയിരിക്കുന്നു.

* * *

## മദ്യസത്ത്

നട്ടെല്ലിന്റെ മൂടപടത്തിന്മേൽ മദ്യസത്ത് കുത്തിവെച്ചാൽ പിന്നീട് 18-മാസക്കാലം ശരീരത്തിലുണ്ടാകുന്ന യാതൊരു വേദനയും അനുഭവവേദ്യമാകയില്ലെന്നു ഡാക്ടർ കാൺസ്റ്റൻസ്‌ഒസ്സി അഭിപ്രായപ്പെട്ടിരിക്കുന്നു.

* * * *

## ഹൃദയസ്പന്ദനം

കുറച്ചധികനേരം ഹൃദയസ്പന്ദനം നിന്നുപോയാലും വീണ്ടും ചങ്കിനു ചലനമുണ്ടാക്കുന്ന ഒരു തരം "സെൽഫ്സ്റ്റാർട്ടർ" ലണ്ടനിലെ ആശുപത്രികളിൽ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ഈ യന്ത്രം ചങ്കിന്റെ ഞരമ്പുകളിന്മേൽ കടത്തി വൈദ്യുതശക്തി പ്രവഹിപ്പിക്കുന്നതോടുകൂടി നിന്നുപോയ ചങ്കിടിപ്പ് പുനരാവർത്തിക്കുന്നതാണ്.

* * * *

## മഹായുദ്ധം ൧൯൩൮ മേയ് മാസത്തിൽ

എഡ്വേർഡ് എട്ടാമൻ സ്ഥാനത്യാഗം ചെയ്യുമെന്നു മുൻകൂട്ടി പ്രവചിച്ചിരുന്ന ബോറിസ് കസിൻബീഗം എന്ന ഹങ്കേറിയക്കാരി 1938 മേയ് മാസത്തിൽ അതി തീവ്രമായ യുദ്ധം ഉണ്ടാകുമെന്നു പ്രവചിച്ചിരിക്കുന്നു. അന്നു തുടങ്ങുന്ന യുദ്ധം 1942 വരെ നീണ്ടുനില്ക്കുമെന്നാണ് അവർ പറയുന്നത്.

* * *

## പൊളിക്കാത്തകത്ത്

1882-ൽ മൈക്കേൽ ഫാരഡെ എഴുതിയ ഒരെഴുത്തു റോയൽ സൊസൈറ്റിവക പെട്ടിയിൽ ഇന്നുവരെ തുറക്കാതെ കിടന്നു. അതു ഈയിടെ തുറക്കപ്പെട്ടപ്പോൾ ഇലക്ട്രിസിറ്റി കണ്ടുപിടിച്ചതിനെ സംബന്ധിച്ച ചില കഥകൾ അടങ്ങിയിരിക്കുന്നതായി കണ്ടു. ഇലക്ട്രിസിറ്റി സംബന്ധിച്ച കണ്ടുപിടുത്തങ്ങളിൽ വളരെ ഉൽസാഹിച്ചു പരിശ്രമിച്ചിരുന്ന ഇദ്ദേഹം അന്നജ്ഞാതങ്ങളായിരുന്ന പലതും അതിൽ എഴുതിയിട്ടുണ്ട്. അന്നു അതുകൾ തെളിയിക്കപ്പെട്ടിരുന്നില്ലെങ്കിലും 50 വർഷത്തിനുശേഷം മററു ശാസ്ത്രജ്ഞന്മാർ അതിനെ തെളിയിച്ചു.

* * *

## അഗോചര രശ്മി

ആക്രമണം നടത്തുന്ന വിമാനങ്ങളെ എതിർത്തു അവയുടെ ശക്തിയെ നശിപ്പിക്കുന്നതിനുതകുന്ന ഒരിനം അഗോചര രശ്മി ജർമ്മൻ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. വളരെ ഉയരത്തിൽ സ്റ്റേഷൻസ് ഉണ്ടാക്കി നിർമ്മിക്കപ്പെടുന്ന ഇത്തരം രശ്മി ഏററാൽ ഏതൊരു വിമാനത്തിനും പിന്നീടു പറക്കുവാൻ കഴിയുകയില്ല. ഈ രശ്മി വിമാനത്തിൽ ശേഖരിച്ചു പ്രയോഗിക്കുവാൻ സാധ്യമാകുമോ എന്നു ജർമ്മനി ഇപ്പോൾ പരീക്ഷണങ്ങൾ നടത്തി വരുന്നു.

* * * *

## ഹിററ്ലറുടെ ഭക്ഷണം

ഹിററ്ലർ പുകവലിക്കുകയോ മദ്യപിക്കുകയോ ഇല്ല. അദ്ദേഹം ധാരാളം മുട്ടകൾ കഴിക്കുകപതിവാണ്. അദ്ദേഹത്തിന്റെ ഒരു പാചകന് 30 വിധത്തിൽ മുട്ടപാകപ്പെടുത്താൻ അറിയാം. മത്സ്യവും കോഴിക്കുഞ്ഞിന്റെ മാംസവും അദ്ദേഹം അല്പാല്പം ഉപയോഗിക്കും. പഴങ്ങൾ, ഉണങ്ങിയ പരിപ്പുകൾ പച്ചക്കറി, വെണ്ണ ഇവ ധാരാളമായി ഉപയോഗിക്കും. പാലും ധാരാളം കുടിക്കുകപതിവാണ്.

* * *

## ൩൫൪൦൦ അടി പൊക്കത്തിൽ നിന്നു ചാടി

ജെയിംസ് വില്യംസ് എന്ന ഫ്രഞ്ചുവൈമാനികൻ ചാർട്ടർസ് എന്ന സ്ഥലത്തുവെച്ച് പാരച്യൂട്ട് ചാട്ടത്തിനുള്ള ഒന്നാംസമ്മാനം കരസ്ഥമാക്കിയിരിക്കുന്നു. 35400 അടി പൊക്കത്തിൽ പറന്നിരുന്ന ഒരു വിമാനത്തിൽനിന്നാണ് ഇയാൾ ചാടിയത്. 3 മിന്നിട്ടു നേരത്തോളം അയാൾ ഒരു കല്ലുപോലെ നേരേ കീഴോട്ടുപതിച്ച് ഭൂമിയിൽനിന്നു 600 അടിപൊക്കമുള്ളപ്പോൾ പാരച്യൂട്ടുവിടുർത്തി 18 സെക്കൻഡുകൊണ്ടു സസുഖം നിലത്തിറങ്ങുകയാണ് ചെയ്തത്.

* * *

## ഹൃദയത്തിൽ വെടിയുണ്ട

23 വർഷം ഹൃദയത്തിൽ വെടിയുണ്ട ഇരുന്ന ശേഷം ഇപ്പോൾ മാറിൽ വേദനതുടങ്ങിയിരിക്കുന്ന ഒരു കൃഷീവലനെ പാരീസിൽ ചികിത്സിച്ചു വരുന്നു. കഴിഞ്ഞ മഹായുദ്ധത്തിൽ രണ്ടുപ്രാവശ്യം വെടികൊണ്ടു പരുക്കേററ മാരിസ് ബെയലൂയൻ എന്ന ഈ കൃഷീവലൻ ഇക്കാലമെല്ലാം വയലിൽ പോയി കൃഷിചെയ്തുവരികയായിരുന്നു. പെട്ടെന്നു വേദനതോന്നുകയാൽ ആശുപത്രിയിൽ പോയി എക്സ്റേ പരിശോധനനടത്തിച്ചു. ഹൃദയത്തിൽ വെടിയുണ്ടയിരിക്കുന്നതായി പരിശോധനയിൽ കണ്ടു. ശസ്ത്രക്രിയനടത്തി ഉണ്ട പുറത്തെടുക്കാമെന്നു ഡാക്ടർ അഭിപ്രായപ്പെട്ടെങ്കിലും മരണഭയം നിമിത്തം ബെയലൂൺ അതു നിരസിക്കുകയാണ് ചെയ്തത്.

* * * *

## കുരങ്ങന്മാർ സർവീസിൽ

മലയായിലെ ഗവർമ്മെൻറുസർവീസിൽ രണ്ടു കുരങ്ങന്മാരെ എടുക്കാൻ ഗവർമ്മെൻറ തീർച്ചപ്പെടുത്തിയതായികാണുന്നു. ഈ വാനരന്മാർ സസ്യശാസ്ത്രജ്ഞന്മാരുടെ അസിസ്റ്റൻറന്മാരായിരിക്കുന്നതാണ്. വളരെ പൊക്കമുള്ള മരങ്ങളിൽകയറി ഉദ്യോഗസ്ഥന്മാർ നൽകുന്ന നിർദ്ദേശമനുസരിച്ചുള്ള കായ്കളും ഇലയും പൂവും മററും പറിച്ചുകൊണ്ട് വരുവാൻ ഈ കുരങ്ങന്മാർ കഴിവുള്ളവരാണോ എന്ന പരീക്ഷയിൽ ഇവർ വിജയികളായി. അവരെ വിലക്കുവാങ്ങി സർവീസിൽ എടുക്കുവാൻ ഈയാണ്ടത്തെ ബഡ്ജററിൽ 14 പവൻ ഉൾപ്പെടുത്തിയിരിക്കുന്നു. ശമ്പളവും പെൻഷനും തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്യോഗങ്ങൾക്കുവേണ്ടി മനുഷ്യനും മനുഷ്യനുംതമ്മിൽ നടത്തുന്ന മത്സരം പോയി മനുഷ്യനും മർക്കടവും തമ്മിൽ മത്സരം തുടങ്ങുകയില്ലെന്നു ആർക്കറിയാം.

* * * *

## വിഷവായുവിൽനിന്നും രക്ഷ

കമ്പിയില്ലാക്കമ്പിവഴി മരണകരമായ ഒരു തരം രശ്മിയും രോഗബീജങ്ങളും പ്രചരിപ്പിച്ചു ശത്രുസംഹാരം ചെയ്യാനുള്ള വിദ്യ കണ്ടുപിടിച്ചതായി ഒരുകൊല്ലംമുമ്പു പ്രഖ്യാപനം ചെയ്ത ലണ്ടനിലെ ഒരു ശാസ്ത്രജ്ഞനായ ആൻറണി, വിഷവായുവിന്റെ ആപല്ക്കരമായ ശക്തിയിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിനുള്ള ഒരു ഔഷധം വായുവിൽകൂടി വ്യാപിപ്പിക്കാമെന്നു ഇപ്പോൾ പ്രസ്താവിച്ചിരിക്കുന്നു. വിഷവായുസംപൂർണ്ണമായ ബാംബു വീണു പൊട്ടുന്ന സ്ഥലത്തുള്ള ആളുകൾ വിഷവായു ശ്വസിക്കാതിരിക്കത്തക്കതിൻവണ്ണം മാസ്ക്‌വെച്ചു കെട്ടിയില്ലെങ്കിൽ ശ്വാസകോശത്തിൽ വിഷവായുകയറി അവർ മരണമടയുമല്ലോ. വിഷവായുബാംബാക്രമണമുണ്ടായ സ്ഥലത്തേക്കു ഉടനടി മി. ആൻറണിയുടെ വിഷസംഹാരബാഷ്പം പ്രക്ഷേപണംചെയ്താൽ ആർക്കും വിഷബാധകൂടാതെ കഴിയുന്നതാണ്.

* * * *

## ലോകാവസാനം

വിപല്ക്കരമായ ഒരു നക്ഷത്രം ഭൂമിയെ സമീപിക്കുന്നുണ്ട്. ഈ സാമീപ്യം കൊണ്ട് ലോകത്തിനു വലിയ ആപത്തുകൾ നേരിടും. 1941-ൽ ഈ ബാധ ആരംഭിക്കും. അതു ക്രമേണ വർദ്ധിച്ചു 1957-ൽ ലോകം മുഴുവൻ നശിക്കത്തക്ക വിപത്തിൽ എത്തിച്ചേരും. ഇപ്പോൾ ദൂരദർശിനിയിൽ കൂടിമാത്രം കാണാൻ കഴിയുന്ന ഈ നക്ഷത്രം 1941-നും 1943-നും മദ്ധ്യേ ആർക്കും കാണത്തക്കനിലയിൽ പ്രത്യക്ഷപ്പെടും. 1944-ൽ അതിന്റെ ശോഭവർദ്ധിക്കും. 1953 ആകുമ്പോഴേക്കു അതു പൂർവ്വദിങ്മണ്ഡലത്തിലേക്കു നീങ്ങി വികസിച്ചുകൊണ്ടിരിക്കും. വികാസം വർദ്ധിക്കുംതോറും ലോകത്തിന്റെ വിപത്തുകളും വർദ്ധിച്ചുകൊണ്ടിരിക്കും. 1953 ജൂലൈ മാസത്തിൽ ഈ നക്ഷത്രത്തിന്റെ ആകർഷണശക്തിയാൽ കടൽക്ഷോഭമുണ്ടാകും. അതോടുകൂടി ജലപ്രളയമുണ്ടാകും. തിരമാലകൾ 300 അടിവരെ പൊങ്ങി കരയിലേക്കുകയറി കെട്ടിടങ്ങളും മരങ്ങളും എല്ലാം അടിച്ചോടിക്കും. കടലോരനഗരങ്ങളെല്ലാം നശിക്കും. ഉന്നതങ്ങളായ പർവ്വതശിഖരങ്ങളിൽ ജനങ്ങൾ തല്ക്കാലരക്ഷകണ്ടെത്തും. പ്രസ്തുതനക്ഷത്രം ഭൂമിയോടു കൂടുതൽ അടുക്കുംതോറും പ്രളയശക്തിയും വർദ്ധിക്കും. ഈ നക്ഷത്രത്തിന്റെ സാമീപ്യംകൊണ്ട് സൂര്യഗോളം ദൂരത്തേക്കുമാറുകയും 1954-ജനുവരി മാസത്തിൽ സൂര്യൻ ഇപ്പോൾ കാണുന്നതിന്റെ പകുതി വലിപ്പത്തിലായിതീരുകയും ചെയ്യും. ലോകം മുഴുവനും ഒരു വലിയ ജലാശയമായിതീർന്നു ഇരുൾ വ്യാപിച്ചുകിടക്കും. പർവ്വതശിഖരങ്ങളിലും രക്ഷയില്ലാതെവരും. ഇങ്ങനെ ലോകാവസാനം ഉണ്ടാകും. ഇതു ജ്യോതിശാസ്ത്രജ്ഞന്മാരുടെ പ്രവചനം മാത്രമാണെങ്കിലും പതിനഞ്ചുകൊല്ലത്തിനകം നടക്കാനിരിക്കുന്ന വിപത്തെന്ന നിലയിൽ ഏററവും ഭീകരമാണ്.

—o—

# ചിരിയും ചിന്തയും

ഭാര്യ—ഞാൻ ഇവിടത്തെ അരിവെപ്പുകാരിയെന്നല്ലേ ആളുകൾ ധരിക്കൂ?

ഭർത്താവ്—ഇവിടെനിന്നു ഒരിക്കലെങ്കിലും ആഹാരം കഴിച്ചിട്ടുള്ളവർ അങ്ങനെ പറയുകയില്ല.

*　　*

ജയിൽ സൂപ്രണ്ട്:—എടാ താനെന്തൊരു തടിക്കഴുതയാണ്. താനല്ലേ ഈ ഉടുപ്പു തുന്നിവച്ചിരിക്കുന്നതു്.

ജയിൽ പുള്ളി:—എന്നെ ഇങ്ങനെ കുറ്റം പറയുകയും ഒന്നും വേണ്ട. എൻെറ ജോലി തൃപ്തികരമല്ലെങ്കിൽ എന്നെ പറഞ്ഞയച്ചേക്കണം. അല്ലാതെ വെറുതെ ചീത്തപറയുന്നതെന്തിന്.

*　　*　　*　　*

പറവവളർത്തുകാരൻ—അടുത്ത തവണ മുതലെങ്കിലും ഈ വിമാനക്കോഴികളെ കൊട്ടത്തയക്കാതിരുന്നാൽ കൊള്ളാം.

കച്ചവടക്കാരൻ:—എന്താ വിമാനക്കോഴികളോ? എനിക്കു മനസ്സിലാകുന്നില്ല.

പാറവളർത്തുകാരൻ:—നിങ്ങൾക്കറിഞ്ഞുകൂടേ? ചിറകും കോലും അല്ലാതെ അതിൽ എന്തുണ്ട്.

*　　*　　*　　*

അവൾ—ചുംബനം ചെയ്യുന്നതു ആപൽക്കരമാണോ?

അവൻ—എന്താ നിൻെറ അച്ഛൻ ഇവിടെയില്ലേ?

*　　*

"മുമ്പ് എനിക്കു നല്ലൊരു പട്ടി ഉണ്ടായിരുന്നു. അതിന് മാന്യന്മാരെയും തെമ്മാടികളേയും തിരിച്ചറിവാൻ കഴിയുമായിരുന്നു."

"എന്നിട്ടു അതിനു എന്തുസംഭവിച്ചു?"

അതിനെ എനിക്കു കളയേണ്ടിവന്നു. അതു എന്നെ കടിച്ചു.

*　　*

"ഈ വിശാലമായ ലോകത്തു എത്ര മടയന്മാരുണ്ടെന്നു നിങ്ങൾ നോക്കിയിട്ടുണ്ടോ;"

"ഓഹോ, ഞാൻ അതും അതിനപ്പുറവും നോക്കി. എല്ലാവരുടേയും വിശ്വാസം ലോകത്തു കുറെ മടയന്മാരുണ്ടെന്നാണ്. പക്ഷെ അവരൊന്നറിയുന്നില്ല, ഓരോരുത്തരും കാണുന്നതിനേക്കാൾ ഒരു മടയൻ കൂടുതലായുണ്ടെന്നുള്ളതു്."

*　　*　　*

"വിവാഹാനന്തരം പുരുഷൻ പലതും പഠിക്കുന്നു."

"ശരി! പഠിക്കുന്നതു പുരുഷനും പഠിപ്പിക്കുന്നതു അയാളുടെ ഭാര്യയും!"

*　　*　　*

"നിങ്ങളുടെ ഭാര്യയുടെ സൗന്ദര്യം അസൂയാജനകം തന്നെ."

"സത്യം പറഞ്ഞാൽ അതുകൊണ്ടുതന്നെയാണ് തലയ്ക്കു വെളിവുള്ള ഒരു സ്ത്രീയ്ക്കു കൌതുകം തോന്നത്തക്ക ഒരുത്തരേയും ഞാൻ ഇവിടെ ക്ഷണിക്കാത്തതു്."

——

## ഭർത്താവ്




(By courtesy the Sanjayan)


# പ്രബോധിനി

പ്രസാധകന്മാർ:—മെ: റ്റി. എം. വറുഗീസ് & കെ. റ്റി. തോമസ്

മേടം ൧൫-നു യോടുകൂടി തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങുന്നതാണ്

ഒററപ്രതിയ്ക്കു വില ചക്രം ഒന്ന്

മാനേജർ, പ്രബോധിനി
പേട്ട—തിരുവനന്തപുരം

Reg. T. 201

# നവജീവൻ

തിങ്കളാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പത്രാധിപർ സീ. വി. കുഞ്ഞുരാമൻ

പുസ്തകം 13 | തിരുവനന്തപുരം, 1113 മേടം 5 തിങ്കൾ | ലക്കം 2

## Travancore National & Quilon Bank Ltd.,

(Amalgamating the Travancore National Bank Ltd., and The Quilon Bank Ltd.,)

(INCORPORATED IN TRAVANCORE—1912)

Over 70 Branches and a large organisation at ahe service of the public.

Banking business of every description undertaken.

For rates, terms, etc, application may be made to any office of the Bank.

K. S. Ramanujam
GENERAL MANAGER

C. P. Mathen
K. M. Eapen,
MANAGING DIRECTORS

## THE KERALA VILASOM BANK LTD

*(Incorporated in Travancore)*

HEAD OFFICE: THIRUVALLA.

BRANCHES:—Alleppey, Cochin, Calicut, Ernakulam, Marthandom Madras (16, Broadway) Peermade, Trivandrum, Thiruvalla, Tinnevelly.

51/2 o/o COMPOUND INTEREST 3 YEAR CORONATION BONDS

Issued in denomination of Rs 100, 500, 1000 and 5000.

The present Value of the same is Rs. 85-2-8, Rs. 425-13-4, Rs. 851-10-8 and Rs. 4285-5-4, respectively.

Fixed Deposits are received at 4, 4 1/2 & 5o/o for 6, 12 & 24 months respectively

9o/o DIVIDEND

The Bank was paying 9o/o Dividend per annum consistently, for the last 8 years. A few SHARES are available at PAR. All kinds of Banking business undertaken.

Enquiries solicited at any of the Branches or Head Office

CHAIRMAN:—
Dr. K. T. Mathew, D. Hy., D. P. H., (Cantab)
Retd:—Director of Public Health
MADRAS & INDORE

K. P. PHILIP
*Secretary*

## ഇന്ദിരാ ബുക്കഡിപ്പോ

വേട്ട—തിരുവനന്തപുരം

വില്പനയ്ക്കു തയ്യാറുള്ള പുസ്തകങ്ങൾ

ശ്രീ. സി. വി. കുഞ്ഞുരാമന്റെ കൃതികൾ

1. പഞ്ചവടി (നോവൽ) 1-0-0
2. ശ്രീകോവിൽ 0-4-0
3. രാഗപരിണാമം 0-6-0
4. ഉണ്ണിയാർച്ച 0-6-0
5. മാലുത്തണ്ടാൻ 0-3-0
6. ഒരു നൂററാണ്ടിനുമുമ്പ് 0-2-0
7. ഞാൻ നമ്പൂതിരിയായാലോ? 0-2-0

ശ്രീ. കെ. ദാമോദരൻ ബി. എ. യുടെ കൃതികൾ

1. ഓമന 0-12-0
2. ഇന്ദിര 1-0-0
3. പ്രണയപാശം 1-0-0
4. ചന്ദ്രപീഡ 0-4-0
5. ഹൃദയകലിക 0-12-0
6. ഈഴവചരിത്രം 1-0-0
7. ഈഴവരുടെ ഇതിഹാസം 0-12-0
8. പുരാവൃത്തങ്ങൾ 0-6-0
9. സ്നേഹശൃംഖല 0-2-0

ശ്രീ. എ. ചക്രപാണി ബി. എ. യുടെ കൃതികൾ

1. ശ്രീ ബുദ്ധചരിതം 0-12-0
2. ലളിത 0-6-0

ശ്രീ. കെ. കെ. രാഘവപ്പണിക്കരുടെ കൃതികൾ

1. തപ്തബാഷ്പം 0-6-0
2. സതി 0-2-0
3. രവികുമാരൻ 0-3-0

Printed & Published by Swami Sree Narayana Theerthar at the Indira Printing Works, Pettah, Trivandrum.